നെന്മേനി

1

ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ



ജനകീയാസൂത്രണ സമിതി.

ജനപ്രതിനിധികൾ

ലോകസഭ

ശ്രീ. എം. പി. വീരേന്ദ്രകുമാർ

നിയമസഭ

ശ്രീ. പി. വി. വർഗീസ് വൈദ്യർ

ജില്ലാ പഞ്ചായത്ത്

ശ്രീ. എം. സുബ്രഹ്മണ്യൻ
ശ്രീമതി കെ. എം. ഗ്രേസി

ബ്ലോക്ക് പഞ്ചായത്ത്

ശ്രീ. കെ. ശ്രീധരൻ
ശ്രീമതി അന്നമ്മ പൗലോസ്
ശ്രീമതി അന്നമ്മ മത്തായി

ഗ്രാമ പഞ്ചായത്ത്

പ്രസിഡൻറ് : ശ്രീമതി കെ. കെ. വിജയമ്മ

വൈസ് പ്രസിഡൻറ് : ശ്രീ. ജോർജ് കട്ടക്കയം

സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ: സുരേഷ് താളൂർ

അംഗങ്ങൾ

കുഞ്ഞിക്കുട്ടൻ
വീരമല
യശോദ ബാലകൃഷ്ണൻ
ഐസക്
സാറാമ്മാ ജേക്കബ്
സലീം കെ. എം.
റാഹേൽ വർഗീസ്
സി. കെ. വേലായുധൻ
കെ. ജി. സുരേഷ്
പി. എം. ജോയി
ആർ. സരള

എഡിറ്റർ

പി. ടി. ബാലൻ

എഡിറ്റോറിയൽ ബോർഡ്

കെ. കെ. വിജയമ്മടീച്ചർ
ജോർജ് കട്ടക്കയം
കെ. എം. ഗ്രേസി
കെ. ശ്രീധരൻ
സുരേഷ് താളൂർ
ആർ. സരള
സി. കെ. വേലായുധൻ
കെ. എൻ. രാജപ്പൻ മാസ്റ്റർ
കെ. ഗോവിന്ദൻ
സുധീർ പണ്ടാരത്തിൽ
എൻ. എസ്. രുഗ്മിണി
വി. പി. എൽദോ
എ. കെ. മനോജ്
ടി. യു. പ്രേമൻ

കവർ ഡിസൈൻ & ലേ ഔട്ട്

പി. എം. അബ്ദുൾ റഷീദ് മാസ്റ്റർ
വി .കെ. വിശ്വനാഥൻ

0—0

''എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ, ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും''

—മഹാത്മാഗാന്ധി

വിഷയ വിവരം

ആമുഖം

1 ചരിത്ര പശ്ചാത്തലം

2 മനുഷ്യ പ്രകൃതി

3 ഭൂപ്രകൃതി

4 ജലപ്രകൃതി

5 1 കൃഷിയും ജലസേചനവും

2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

3 വിദ്യാഭ്യാസം

4 കുടിവെള്ളവും പൊതുജനാരോഗ്യവും

5 വ്യവസായം

6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

7 പാർപ്പിടവും സാമൂഹ്യക്ഷേമവും

8 സംസ്കാരം

9 വനിത

10 സഹകരണ മേഖല

11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

12 വിഭവ സമാഹരണം

ആമുഖം

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതോടുകൂടി കേരളം വീണ്ടും ലോകത്തിന്റെയാകെ ശ്രദ്ധാകേന്ദ്രമായിരിക്കുന്നു. 1947 ആഗസ്റ്റ് 15ന് ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തിൽ നിന്നും സ്വാതന്ത്ര്യം നേടിയ ഭാരതത്തിന് ആസൂത്രണ രംഗത്തും, വികസനരംഗത്തും പ്രതീക്ഷക്കൊത്തു മുന്നേറാൻ കഴിഞ്ഞില്ല. അധികാരവും ആസൂത്രണവും മുകളിൽനിന്ന് കീഴോട്ടെത്തിയപ്പോൾ നഷ്ടമായിപോയത് ജനകീയാവശ്യങ്ങളായിരുന്നു. എന്നാൽ അതിൽനിന്നും ഭിന്നമായി കേരളം നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം അധികാരം ജനങ്ങളിലേക്ക്, ആസൂത്രണം അടിത്തട്ടിൽനിന്ന് എന്നീ നിലകളിൽ ദിശാമാറ്റം നൽകിയ മാർഗമാണ് അവലംബിച്ചിരിക്കുന്നത്.

9-ാം പഞ്ചവത്സര പദ്ധതിക്കുവേണ്ടിയുള്ള ജനകീയാസൂത്രണ പ്രസ്ഥാനം ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും തുല്യപങ്കാളിത്തം, ജാതിമതാദിഭിന്നതകൾക്കതീതമായി ഉറപ്പുവരുത്തുന്നു. ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയപദ്ധതിയായ കേരളസർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്.

അധികാരത്തോടൊപ്പം സമ്പത്തും (പദ്ധതിവിഹിതത്തിന്റെ 40%) പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതിവിശേഷം വളർന്നു വരുന്നുണ്ട്. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം (40%), കേരള സർക്കാരിന്റെ അറുപതുശതമാനത്തിൽപ്പെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട്, ബാഹ്യവികസന ഏജൻസികളിൽ നിന്ന് സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതി വരുമാനം, എല്ലാറ്റിനും പുറമെ ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ, അദ്ധ്വാനം) തുടങ്ങിയ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക്

പൂർണ്ണമല്ലെങ്കിലും ഭാഗികവും, തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണതന്ത്രത്തിനു കഴിയും. ബഹുജന പങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടെയും ഏറെടുക്കാൻ പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും, ശീഘ്രവും, തൃപ്തികരവുമായി നിർവ്വഹിക്കാൻ കഴിയുമെന്നുമാത്രമല്ല അഴിമതിയുടെ എല്ലാ കൈവഴികളും നിയന്ത്രിക്കാൻ കഴിയുകയും ചെയ്യും.

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ആരംഭിച്ചിത് ജില്ലാതല പരിശീലകരുടെ തെരഞ്ഞെടുപ്പോടുകൂടിയാണ്. രണ്ടുവാർഡുകൾക്ക് ഒരു പരീലകർ എന്ന നിലയിൽ പഞ്ചായത്തു തെരഞ്ഞെടുത്ത പരിശീലകർക്ക് പുറമെ ജില്ലാ ആസൂത്രണസമിതി നോമിനേറ്റു ചെയ്തവരടക്കം 11 പേർ 96 സെപ്റ്റംബർ 9, 10, 11 തീയതികളിൽ സുൽത്താൻ ബത്തേരിയിൽ നടന്ന പരിശീലനത്തിൽ പങ്കെടുത്തു. ഗ്രാമതല പരിശീലകരുടെ ഏകദിന ശില്പശാല കോളിയാടി സാംസ്ക്കാരിക നിലയത്തിൽ 17-9-96ന് നടത്തി. 63 പരിശീലകർ പങ്കെടുത്തു. തുടർന്ന് ചേർന്ന 14 വിശേഷാൽ ഗ്രാമസഭകളിലെയും പങ്കാളിത്തം വളരെ മെച്ചമായിരുന്നു. (1-ാം പട്ടിക കാണുക) വികസന രംഗത്ത് ഏറെടുക്കേണ്ട സ്കീമുകൾക്കാവശ്യമായ വളരെ വിലപ്പെട്ട വിവരങ്ങളാണ് ഗ്രാമസഭകളുടെ ചർച്ചകളിൽ നിന്നും ഉയർന്നുവന്നത്.

ആസൂത്രണ പ്രവർത്തനങ്ങൾക്കു ആവശ്യമായി വന്ന ദ്വിതീയ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നതിന് 9 ഗ്രൂപ്പുകൾ ജില്ലാ താലൂക്ക് തലത്തിലുള്ള ഓഫീസുകൾ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ. സ്കൂളുകൾ മറ്റ് സഹകാര്യ പൊതുമേഖലാസ്ഥാപനങ്ങൾ മുതൽ പൊതുവിതരണസ്ഥാപനങ്ങൾ, മാർക്കറ്റുകൾ എന്നിവ വരെ സന്ദർശിക്കുകയും സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും ചെയ്തു. തുടർന്ന് ജില്ലാ പരിശീലകർക്കുവേണ്ടി രണ്ടാം ഘട്ടപരിശീലന ക്ലാസ് 23-10-96 മുതൽ 25-10-96 വരെ നടത്തി. അതിനുശേഷം പ്രാദേശികതലത്തിലുള്ള പരിശീലന ക്ലാസ് പഞ്ചായത്ത് ഹാളിൽവച്ച് 2-11-96-ന് നടത്തി. ഈ ക്ലാസിൽ പ്രാദേശിക പരിശീലകർക്കു പുറമെ പഞ്ചായത്തു പരിധിയിൽ വരുന്ന സർക്കാർ- അർദ്ധസർക്കാർ- പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഫീസ് മേധാവികളും പ്രധാന ഉദ്യോഗസ്ഥൻമാർ എന്നിവർക്കും പരിശീലനം നൽകി. പ്രഥമ വിവരശേഖരണത്തിനായി പഞ്ചായത്തു പ്രസിഡൻറിന്റെ നേതൃത്വത്തിൽ പരിശീലകർ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പഠനപര്യടനം നടത്തിയിരുന്നു. 12 വിഷയ ഗ്രൂപ്പുകൾ ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ പരിശോധിച്ചു ക്രോഡീകരിക്കുകയും റിപ്പോർട്ടു തയ്യാറാക്കുകയും ചെയ്തു. ചരിത്ര പശ്ചാത്തലം രേഖപ്പെടുത്തിയ ഗ്രൂപ്പു ഗ്രാമത്തിലെ ഏറ്റവും മുതിർന്ന ആളുകളെ വിളിച്ചു കൂട്ടി ചരിത്ര പശ്ചാത്തലം രേഖപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചരിത്രരേഖകൾ പരിശോധിച്ചു വസ്തുതകൾ തയ്യാറാക്കുകയും ചെയ്തു. വിഷയ ഗ്രൂപ്പുകൾ ദിവസങ്ങളോളം കാനാദ്ധ്യാനം ചെയ്തതിന്റെ ഫലമായി ജനകീയാസൂത്രണവും നിർവ്വഹണവും ഒരു യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ വികസന രേഖ തയ്യാറാക്കി ഗ്രാമപഞ്ചായത്തിനു സമർപ്പിച്ചു. 15-11-96-ന് പഞ്ചായത്തു ഭരണസമിതിയോഗം ചേർന്നു ഈ രേഖ വിശദമായി പരിശോധിച്ച് അംഗീകരിച്ചു.

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	നെന്മേനി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	നെന്മേനി, ചീരാൽ
ബ്ലോക്ക് പഞ്ചായത്ത്	;	സുൽത്താൻബത്തേരി
താലൂക്ക്	:	സുൽത്താൻബത്തേരി
ജില്ല	:	വയനാട്
അസംബ്ലിമണ്ഡലം	:	സുൽത്താൻബത്തേരി
പാർലിമെൻറ്മണ്ഡലം	:	കോഴിക്കോട്
വിസ്തീർണ്ണം	:	69.38. ചതുരശ്ര കി. മീ.
അതിരുകൾ	:	വടക്ക്-സുൽത്താൻബത്തേരി, നൂൽപ്പുഴ പഞ്ചായത്തുകൾ
	:	കിഴക്ക് നൂൽപ്പുഴ പഞ്ചായത്ത്, തമിഴ്നാട്
	:	തെക്ക്....തമിഴ്നാട്, അമ്പലവയൽപഞ്ചായത്ത്
	:	പടിഞ്ഞാറ് അമ്പലവയൽ പഞ്ചായത്ത്
ജനസംഖ്യ	:	37045
പുരുഷൻമാർ	:	18448
സ്ത്രീകൾ	:	18597
ജനസാന്ദ്രത	:	534/ച. കീ. മീ.
സാക്ഷരത	:	72.15%
വാർഡുകൾ	:	14
പ്രസിഡൻറ്	:	ശ്രീമതി. കെ. കെ. വിജയമ്മടീച്ചർ.
വൈസ്പ്രസിഡൻറ്	:	ശ്രീ. ജോർജ് കട്ടക്കയം.
സ്റ്റാൻറിംഗ്കമ്മറ്റി ചെയർമാൻ	:	ശ്രീ. സുരേഷ് താളൂർ.

സാമൂഹിക സാംസ്കാരിക ചരിത്രം

പശ്ചിമഘട്ട മലനിരകളുടെ മടിത്തട്ടിൽ തമിഴ്നാടിന്റെ ഓരം ചേർന്നുകിടക്കുന്ന പ്രകൃതിരമണീയമായ ഒരു ഗ്രാമമാണ് നെന്മേനി. പ്രാചീന സാംസ്കാരത്തിലേക്കു വെളിച്ചം വീശുന്നതിന് വിലപ്പെട്ട സംഭാവന നല്കുന്ന ശിലാ ലിഖിതങ്ങളും ലോക ചിത്രകലയുടെ ആദിമ മാതൃകകളും നവീനശിലായുഗ പരിഷ്കൃതി ഈ പ്രദേശത്ത് നിലനിന്നിരുന്നു എന്നതിന്റെ തെളിവുകളുമടങ്ങുന്ന പ്രസിദ്ധമായ എടക്കൽഗുഹ ഈ പഞ്ചായത്തിലെ അമ്പുകുത്തി മലയിലാണ്. വയനാട്ടിലെ ഏറ്റവും പ്രാചീനമായ ഈ ചരിത്രസ്മാരകം സമുദ്രനിരപ്പിൽ നിന്നും 4000 അടിയുയരത്തിലുള്ള അമ്പുകുത്തി മലയുടെ മുകൾത്തട്ടിലെ ഏകദേശം 98 അടി നീളവും 22 അടി വീതിയുമുള്ള ഒരു വിള്ളലിൽ മുകളിൽ നിന്ന് കൂറ്റൻ പാറവീണ് സ്വയം രൂപപ്പെട്ടതാണ്. ലോകപ്രസിദ്ധമായ എടക്കൽഗുഹാ ചിത്രങ്ങൾ കൊത്തിയത് ആദിവാസികളായ മുള്ളുവകുറുമരുടെ പൂർവ്വികരാണെന്ന് ചരിത്രകാരൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ ജനവർഗ്ഗങ്ങളും അനേകം തലമുറകൾ കാടും മലകളും വയലും നിറഞ്ഞ ഈ പ്രദേശത്ത് അധിവസിച്ചിരുന്നു എന്നതിന്റെ തെളിവുകൾ നവീന ശിലായുഗ പരിഷ്കാരത്തിന്റെ മഹത്തായ പൈതൃകം അവകാശപ്പെടാവുന്ന ഈ ഗ്രാമത്തിലെ കുറ്റക്കൊല്ലി, തൊവരിമല, ചെറുമാട്, മംഗലംകുന്ന് എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യ ശക്തിക്കെതിരായി പട

പട്ടിക II

നെന്മേനി ഗ്രാമപഞ്ചായത്ത്-വിശേഷാൽ ഗ്രാമസഭ

വാർഡിന്റെ നമ്പർ.	ഗ്രാമസഭ നടന്ന തിയ്യതി സമയം	ഗ്രാമസഭനടന്ന സ്ഥലം	സംബന്ധിച്ചവർ പുരുഷൻ	സ്ത്രീ	ആകെ
1	29-9-96 9 AM	GHS ആനപ്പാറ	264	69	333
2	22 9-96 2 PM	GLPS ചുള്ളിയോട്	324	90	414
3	22 9-96 9 AM	GHS ആനപ്പാറ	113	25	138
4	21-9-96 2 AM	GLPS മാളിക	161	77	238
5	28.9-96 2 PM	GLPS അമ്പുകുത്തി	151	75	226
6	21.9-96 2 PM	GLPS കുന്താണി	109	92	201
7	6-10-96 9 AM	AUPS കോളിയാടി	265	99	364
8	28-9-96 9 AM	ALPS പുത്തൻകുന്ന്	214	31	245
9	5-10-96 9 AM	AUPS പഴൂർ	214	66	280
10	5 10-96 2 PM	GLPS ചെറുമാട്	198	59	257
11	5-10-96 2 PM	GUPS കല്ലിങ്കര	230	55	285
12	29.9-96 2 PM	AUPS ചീരാൽ	225	57	282
13	2-9 96 2 PM	GLPS നമ്പ്യാർകുന്ന്	193	82	275
14	2-9-96 2 PM	AUPS ചീരാൽ	154	63	217
		ആകെ	2815	940	3755

പൊരുതിയ വീരപഴശ്ശി രാജാവിന്റെയും ടിപ്പുസുൽത്താന്റെയും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒട്ടേറെ ചരിത്ര സംഭവങ്ങൾക്ക് നെന്മേനിയും പരിസരപ്രദേശങ്ങളുമായി ബന്ധമുണ്ട്.

നെന്മേനി പഞ്ചായത്തിലെ ഇപ്പോഴത്തെ ജനസംഖ്യയിൽ 21 ശതമാനത്തോളം പണിയർ, കുറുമർ, നായ്ക്കർ, ഊരാളിമാർ എന്നീ വിഭാഗത്തിൽപെടുന്ന പട്ടികവർഗ്ഗക്കാരാണ്. പലഘട്ടങ്ങളായി അയൽസംസ്ഥാനങ്ങളായ തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽനിന്നും കുടിയേറിപാർത്ത ചെട്ടിമാർ, സമതലങ്ങളിൽ നിന്നും കുടിയേറിയ മറ്റു ജനവിഭാഗങ്ങളും 1948 ൽ വിമുക്തഭടന്മാരുടെ പുനരധിവാസത്തിനുവേണ്ടി കോളനിസ്ഥാപിതമായതോടെ എത്തിയവർ എന്നിവരുടെയെല്ലാം ഒരു സങ്കര സംസ്ക്കാര കേന്ദ്രമാണ് ഇന്നീപ്രദേശം.

അടിമപണിയും വല്ലിസമ്പ്രദായവും അവസാനിപ്പിക്കുന്നതിനുവേണ്ടി ആദിവാസികളും നടത്തിയിട്ടുള്ള ചെറുപോരാട്ടങ്ങളും വർഗ്ഗസമരത്തിന്റെ ആദ്യപാഠങ്ങളായി കണക്കാക്കാവുന്നതാണ്. വിമുക്തഭടന്മാരുടെ അവകാശസമരങ്ങളും തോട്ടം മേഖലകളിലെ തൊഴിലാളി സമരങ്ങളും എന്നിവയും ട്രേഡ്യൂണിയൻ ബഹുജനസംഘടനാ പ്രവർത്തനങ്ങളുടെ ആക്കംകൂട്ടി ഇത്തരം പ്രവർത്തനങ്ങളും ഈ പ്രദേശത്തെ ജനങ്ങളെ കൂടുതൽ അവകാശബോധമുള്ളവരാക്കി. ഗ്രാമസഭകളുടെ പ്രവർത്തനം ചെട്ടിവിഭാഗത്തിൽ ഉണ്ടായിരുന്നു. ഗ്രാമസഭ എല്ലാപ്രശ്നങ്ങളും ചർച്ചചെയ്തു തീരുമാനിച്ചിരുന്നു. ചെട്ടിമാരുടെ സാമൂഹ്യനേതൃത്വം ചീരാൽ ചെട്ടിക്കായിരുന്നു. തികച്ചും ജനാധിപത്യരീതിയിൽ ചീരാൽ ചെട്ടിയെ തെരഞ്ഞെടുക്കാനുള്ള അവകാശം അമരമ്പം, ചെട്ടിക്കൊടന്ന, നമ്പ്യാർകുന്ന്, വരിക്കേരി, കളനൂർ എന്നീ ചെട്ടികുടുംബങ്ങൾക്കായിരുന്നു.

ബ്രട്ടീഷ് ഭരണകാലത്ത് ഈ പ്രദേശങ്ങളിൽ സ്ഥാപിച്ചിരുന്ന പട്ടാള ക്യാമ്പുകളെ ബന്ധപ്പെടുത്തി നിർമ്മിച്ച ബത്തേരി നൂൽപ്പുഴ വഴി ഗൂഡല്ലൂർ റോഡ്, ബത്തേരി താളൂർവഴി ഗൂഡല്ലൂർ റോഡ് ഇവയും ചുള്ളിയോട് അമ്പലവയൽ കോളനി വക റോഡും നമ്മുടെ പുരോഗതികൾക്കു വളരെയേറെ പ്രയോജനപ്പെട്ടു. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ അലയൊലി ഈ പ്രദേശത്തും ഉണ്ടായിരുന്നെങ്കിലും മുന്നണി പ്രവർത്തകർ കുറവായിരുന്നു.

ഭൂസ്വത്തുക്കളിൽ അധികവും വൻകിടതോട്ടം ഉടമകളുടെയും കൃഷിക്കാരുടെയും കൈവശത്തിലാണ്. ഇടത്തരം കൃഷിക്കാരും കുറവല്ല. എന്നാൽ നാമമാത്ര കൃഷിക്കാർ കർഷകതൊഴിലാളികളും തോട്ടം തൊഴിലാളികളും മറ്റു കൈത്തൊഴിലുകാർ എന്നിവരുടെ ജീവിതം വളരെ ദുരിതപൂർണ്ണമാണ്. അവർ കടുത്ത ചൂഷണത്തിനു വിധേയരാണ്. ഭൂഉടമാബന്ധങ്ങളിൽ കാര്യമായ അഴിച്ചുപണി ഉണ്ടായിട്ടില്ല അതിനാൽ കാർഷിക മേഖലയിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല.

1973 മാർച്ച് മാസം 9-ാം തീയതിയാണ് ഇന്നത്തെ നെന്മേനി പഞ്ചായത്ത് രൂപീകൃതമായത്. അന്നുവരെ നിലവിലുണ്ടായിരുന്ന നൂൽപ്പുഴ പഞ്ചായത്തു വിഭജിച്ച് നൂൽപ്പുഴ നെന്മേനി എന്നീ പഞ്ചായത്തുകളും നിലവിൽ വന്നു. നെന്മേനി പഞ്ചായത്തിനു 7 അംഗ നോമിനേറ്റഡ് ഭരണ സമിതിയാണ് തുടക്കം കുറിച്ചത്. ദിവംഗതനായ ശ്രീ. കെ. എസ്. കറപ്പ നായിരുന്നു ആദ്യത്തെ പ്രസിഡൻറ്. ശ്രീ. പി. ആർ. കുമാരൻ വൈസ്പ്രസിഡൻറായി സേവനം അനുഷ്ഠിച്ചു. മറ്റ് അംഗങ്ങളും സർവ്വശ്രീ എൻ. മുഹമ്മദാലി, കെ. എം. അബ്ബാസ്, മറ്റത്തിൽ ജോൺ, സി. നാരായണൻ, ശ്രീമതി കല്ല്യാണി കൃഷ്ണൻ എന്നിവരായിരുന്നു. പഞ്ചായത്തിന്റെ ആദ്യയോഗം ചേർന്നത് 14-3-1973 ന് ആയിരുന്നു. ഇപ്പോഴത്തെ നിലവിലുള്ള 14 അംഗ ഭരണസമിതി 1995 ഒക്ടോബർ 2-ാം തീയതി അധികാരത്തിൽ വന്നു. ഇന്നത്തെ പഞ്ചായത്തു കെട്ടിടവും സമ്മേളന ഹാളും വിലക്കുവാങ്ങിയ സ്ഥലത്താണ് നിർമ്മിച്ചിട്ടുള്ളത്. ഈ മന്ദിര

ത്തിന്റെ ഉദ്ഘാടനം 4-12-83 ന് ശ്രീ. കെ, കെ. രാമചന്ദ്രൻ മാസ്റ്റർ M L A നിർവ്വഹിച്ചു. തുടർന്ന് പഞ്ചായത്തുവക മിനി സ്റ്റേഡിയങ്ങളും കോളിയാടി, ഇസ്റ്റ്-ചീരാൽ, എന്നീവിടങ്ങളിൽ നിർമ്മിച്ചു. പഞ്ചായത്ത് വക സാംസ്ക്കാരിക നിലയങ്ങളും ചീരാൽ നെന്മേനി എന്നീവിടങ്ങളിലും ഷോപ്പിംഗ് കോപ്ലക്സുകളും ചുള്ളിയോട് ചീരാൽ എന്നീസ്ഥലങ്ങളിലും പ്രവർത്തിക്കുന്നുണ്ട്.

നെന്മേനി ഗ്രാമത്തിലെ ആദ്യകാല ഗതാഗതത്തിന് കാളവണ്ടികളും കുതിരവണ്ടികളും ഉപയോഗിച്ചിരുന്നു. ആദ്യ ബസ് സർവ്വീസ് നടത്തിയത് സി. സി. ട്രാൻസ്പോർട്ട് കമ്പനിയാണ്. വൈദ്യുതി എത്തിയത് 1970 ൽ മാത്രമാണ്. വാർത്താവിനിമയ രംഗത്തെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചത് 1954-ൽ മദ്രാസ് ഗവർണ്ണർ ശ്രീ. ആർ പ്രകാശ് കോളനി സന്ദർശിച്ചപ്പോൾ നൽകിയ നിവേദനം അംഗീകരിച്ച് 5 പോസ്റ്റ് ഓഫീസുകൾ അനുവദിച്ചത് നിലവിൽ വന്നതോടെയാണ്. ടെലഫോൺ സൗകര്യം 1964 മുതൽ ലഭ്യമായി. എന്നാൽ ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറാൻ ഇന്നു നിലവിലുള്ള വാർത്താവിനിമയ സംവിധാനങ്ങൾക്ക് കഴിയുന്നില്ല.

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി.

വയനാട് ജില്ലയുടെ കിഴക്കുഭാഗത്ത് പശ്ചിമഘട്ടത്തോടുചേർന്നു സ്ഥിതി ചെയ്യുന്ന നെന്മേനി പഞ്ചായത്തിലാണ് ചരിത്രപ്രസിദ്ധമായ അമ്പുകുത്തിമല. ഭൂപ്രകൃതി അനുസരിച്ച് ഉയർന്ന കുന്നിൻമണ്ട, കുത്തനെയുള്ള ചരിവ്, താഴ്വര, ഉയർന്ന പീഠഭൂമി, സമതലം എന്നിങ്ങനെ തിരിക്കാം. കറുത്ത ഫലപുഷ്ടിയുള്ളമണ്ണ്, ചെമ്മണ്ണ്, ചരൽ മണ്ണ്, ഏക്കൽ മണ്ണ് എന്നിങ്ങനെയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആരംഭം സാമൂഹ്യ സാംസ്ക്കാരിക രംഗത്തെ പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടി. ഔപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളായി മാറിയ പുത്തൻ കുന്ന്, ചീരാൽ, കോളയാടി എന്നീ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ആദ്യ കാലത്തുണ്ടായിരുന്നത്. തുടർന്ന് ആനപ്പാറ ചീരാൽ ഹൈസ്ക്കൂളുകൾ സ്ഥാപിക്കപ്പെട്ടു. ഇപ്പോൾ പഞ്ചായത്തിൽ 2 ഹൈസ്ക്കൂളുകളും 4 അപ്പർപ്രൈമറി സ്ക്കൂളുകളും 7 ലോവർ പ്രൈമറി സ്ക്കൂളുകളും പ്രവർത്തിക്കുന്നു 2 അൺ എയ്ഡഡ് സ്ക്കൂളുകളും ഉണ്ട്. ഉന്നത വിദ്യാഭ്യാസത്തിനോ സാങ്കേതിക വിദ്യാഭ്യാസത്തിനോ വേണ്ട സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. കോളയാടി ചീരാൽ സാംസ്ക്കാരിക നിലയങ്ങൾ, ഗ്രന്ഥശാലകൾ, വായനശാലകൾ എന്നിവ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഇതിനു പുറമെ മറ്റ് ഗ്രന്ഥശാലകളും വായനശാലകളും പ്രവർത്തിക്കുന്നുണ്ട്

ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ ചീരാൽ ചുള്ളിയോട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന നടന്നു വരുന്നു. ചുള്ളിയോട് കേന്ദ്രമാക്കി ഒരു ഹോമിയോ ഡിസ്പൻസറിയും പ്രവർത്തിക്കുന്നുണ്ട്.

വിവിധ ഭാഗങ്ങളിൽ കാണുന്ന മൺതരങ്ങൾ:. പഞ്ചായത്തിൽ തൊവരിമലയിലുള്ള വനഭൂമി ഒഴിച്ചാൽ മറ്റു വനമേഖല ഇല്ല. വിസ്തൃതമായ സ്വകാര്യതോട്ടങ്ങളിലും മറ്റ് കൃഷിയിടങ്ങളിലും ധാരാളം വൈവിദ്ധ്യമുള്ള വൃക്ഷലതാദികൾ ഉണ്ട്. വിസ്തൃതമായ നെൽവയലുകൾ ഉണ്ടെങ്കിലും ജലസേചന സൗകര്യം ഇല്ലാത്തതിനാൽ ഒരു കൃഷി മാത്രമേ എടുക്കാൻ കഴിയുന്നുള്ളു. പ്രധാന കൃഷികൾ കാപ്പി, കുരുമുളക്, തേയില, റബ്ബർ, ഇഞ്ചി, വാഴ, തെങ്ങ്, കമുങ്ങ്, ഏലം, മറ്റുധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയാണ്. പഞ്ചായത്തിന്റെ കൃഷിയിടങ്ങളുടെ സ്ഥിതി താഴെ സൂചിപ്പിക്കുന്ന വിധത്തിലാണ്.

ആകെ വിസ്തീർണ്ണം 17,144.08 ഏക്കർ, ഇതിൽ വയൽ 5138.24 ഏക്കർ. കര ഭൂമി 12,005.84 ഏക്കർ. കരഭൂമിയിൽ 1560.54 ഏക്കർ വൻകിട തോട്ടങ്ങളാണ്.

ജനപ്രകൃതി:-

1991-ലെ കനേഷുമാരി കണക്കു പ്രകാരം നെന്മേനി ഗ്രാമപഞ്ചായത്തിലെ ജന സംഖ്യയും മറ്റു കാര്യങ്ങളും താഴെ ചേർത്തിരിക്കുന്നു.

പട്ടിക 4.1.

കനേഷുമാരി കണക്ക്

ജനസംഖ്യ	37405
പുരുഷൻമാർ	18448
സ്ത്രീകളം	18597
ആകെ വീടുകളം	8675
വീടൊന്നിന് ശരാശരി ആളുകളം	4.31.
ജനസാന്ദ്രത	539/ച: കി. മീ
6 വയസ്സിനു താഴെയുള്ളകുട്ടികളം	5195
ആൺകുട്ടികളം	2615
പെൺകുട്ടികളം	2580
പട്ടികജാതി ജനസംഖ്യ	1577
പുരുഷൻമാർ	802
സ്ത്രീകളം	775
പട്ടിക വർഗ്ഗജനസംഖ്യ	6181
പുരുഷന്മാർ	2987
സ്ത്രീകളം	3194
സാക്ഷരൻ	26729
പുരുഷൻമാർ	14028
സ്ത്രീകളം	12701
മൊത്തം സാക്ഷരതാശതമാനം	72
പുരുഷൻമാർ	76.04
സ്ത്രീകളം	69.38

വിദ്യാഭ്യാസ രംഗത്ത് ജില്ലയിൽ മുന്നോക്കം നില്ക്കുന്ന പഞ്ചായത്തുകളിലൊന്നാണ് നെന്മേനി. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുക്രമമായി വർദ്ധവുണ്ടെങ്കിലും പഠനനിലവാരത്തിൽ പിന്നോക്കമാണ്. ഈ സ്ഥിതി വിശേഷം അടിയന്തിരമായി മാറ്റി എടുക്കേണ്ടിയിരിക്കുന്നു.

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാലെ ഇതിനൊരു മാറ്റമുണ്ടാവുകയുള്ളൂ.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന കാർഷിക രംഗം തകർച്ചയെ നേരിടുകയാണ്. കുരുമുളക് ചെടിയുടെ കീടബാധ മൊത്തത്തിൽ വയനാടിന്റെ കാർഷിക മേഖലയെ തകർത്തു. നെന്മേനി ഗ്രാമത്തിന്റെ സ്ഥിതിയും വളരെ ഗുരുതരമാണ്. കാർഷി കോല്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിൽ ഉല്പാദകനു യാതൊരു സ്ഥാനവുമില്ല. ഇട ത്തട്ടുകാരുടെചൂഷണം വർദ്ധിച്ചു വരുന്നു. കാർഷിക മേഖല ആദായകരമല്ലാതായതോടെ മാറുതൊഴിൽമേഖലകളിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിരിക്കുകയാണ്. പ്രധാനമായും കെട്ടിട നിർമ്മാണ രംഗത്തേക്കാണ് ഇങ്ങനെ കടന്നു കയറ്റം നടന്നു കൊണ്ടിരിക്കുന്നത്. പരമ്പ രാഗത തൊഴിൽ മേഖലകളിലും തൊഴിലവസരങ്ങളും കുറഞ്ഞുവരികയാണ്. അഭ്യസ്ത വിദ്യ രിൽ രൂക്ഷമായ തൊഴിലില്ലായ്മ അനുഭവിക്കുന്നതു സ്ത്രീകളാണ്. തൊഴിലെടുക്കാൻശേഷി യുള്ളവരിൽ 78.9 ശതമാനത്തിന് യാതൊരു തൊഴിലുമില്ല. വിദ്യാഭ്യാസ രംഗത്തുണ്ടായ നമ്മു ടെ വലിയ മുന്നേറ്റം സാമൂഹ്യ ജീവിതത്തിൽ മത നിരപേക്ഷ സംസ്ക്കാരം ഊട്ടി ഉറപ്പിക്കുന്ന തിന് സഹായകമായിട്ടുണ്ട്. ഇവിടെ ജാതി പരമായ ഉച്ചനീചത്വങ്ങളും ഇല്ല. ഗ്രാമത്തിൽ വളരെ സൗഹാർദ്ദപരമായ സാമൂഹ്യജീവിതമാണുള്ളത്.

ജലപ്രകൃതി:-

നെന്മേനി പഞ്ചായത്തിൽ വർഷത്തിൽ ശരാശരി 1857 മി. മി. മഴലഭിക്കുന്നുണ്ട് ഇതു കേരള ശരാശരിയുടെ 62% മാത്രമാണ്. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടു തൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവുമഴ ലഭിക്കുന്നത് ഡിസംബർ, ജനുവരി മാസങ്ങളി ലാണ്. ഇവിടെ വലിയ നദികളോ ജലാശയങ്ങളോ ഇല്ല. ഗ്രാമത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് ഉത്ഭവിച്ച് കുറച്ചുദൂരം മാത്രം ഈ ഗ്രാമത്തിൽ കൂടി ഒഴുകി പിന്നീട് നൂൽപ്പുഴ അമ്പല വയൽ, ബത്തേരി പഞ്ചായത്തുകളിൽ പ്രവേശിച്ച് കിഴക്കോട്ട് ഒഴുകി കബനീ നദിയിൽ ചേരു ന്ന 4 പ്രധാന തോടുകളും ഉണ്ട്. പ്രധാന ചിറകളും താഴെ ചേർക്കുന്നവയാണ്.

പട്ടിക 4_2

ക്രമ നമ്പർ	വാർഡ്	വില്ലേജ്	ചിറയുടെ പേര്
1	1	നെന്മേനി	താളൂർ കൈതക്കൊല്ലിചിറ
2	3	,,	കോട്ടയിൽചിറ
3	5	,,	ഗോവിന്ദമൂലചിറ
4	6	,,	പൂഞ്ചിറ
5	7	,,	കോളിയാടി ചിറ
6	10	ചീരാൽ	കഴമ്പു ചിറ

ഏകദേശം 65% പ്രദേശത്തും സാധാരണ നിരക്കിൽ ശുദ്ധജലം ലഭ്യമാണ്. താഴ്ന്ന നിരക്കിൽ ജലം ലഭിക്കുന്ന പ്രദേശങ്ങളും 30 ശതമാനമാണ്. മോശമായ ജലം ലഭിക്കുന്ന പ്രദേശം 3 ശതമാനമുണ്ട്. ചതുപ്പുനിലവും വെള്ളം കെട്ടിനിൽക്കുന്ന പ്രദേശവും രണ്ട് ശതമാനം വരും. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്.

-5-

സാമൂഹ്യ സാമ്പത്തിക മേഖലകൾ

"ഗ്രാമത്തിന്റെ തുടിപ്പുകളെല്ലാം
നാമറിയുന്നൊരു നേരം
നമ്മുടെ കാര്യം നമ്മുടെ കയ്യിൽ
സുഭദ്ര മാകും കാലം." ,

[redacted]

5–1 കൃഷിയും ജലസേചനവും

ജനസംഖ്യയിൽ ഭൂരിപക്ഷത്തിന്റെയും മുഖ്യ വരുമാനമാർഗ്ഗം കൃഷിയാണ്. നാണ്യ വിളകളാണ് ഇതിൽ പ്രധാനം. ഉൽപ്പാദന ക്ഷമതയുടെ കാര്യത്തിൽ എല്ലാ വിളകളിലും നാം പിറകിലാണ് എന്ന് കൃഷിഭവൻ രേഖകൾ വ്യക്തമാക്കുന്നു. റവന്യൂ കണക്കുകളനുസരിച്ച് നെന്മേനി ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 17144.08 ഏക്കർ കൃഷിഭൂമിയിൽ 12005.84 ഏക്കർ കര കൃഷിഭൂമിയും 5138.24ഏക്കർ വയൽനിലവുമാണുള്ളത്. 15063 ഭൂവുടമകളിൽ 50 സെൻറിനു മുകളിൽ കൃഷിഭൂമിയുള്ളവരാണ് 11329 പേർ. ഇത് ഭൂവുടമകളുടെ 75% വരും. നാമമാത്രമായ തുണ്ട ഭൂമികളിലെ ഉൽപ്പാദന ക്ഷമത വളരെ കുറവാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ആ നിലക്ക് നമ്മുടെ പഞ്ചായത്തിലെ ഉൽപാദന ക്ഷമതയിൽ ആശാവഹമായ പുരോഗതിയുണ്ടാക്കുവാൻ സാധിക്കുമെന്നുറപ്പാണ്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ വിപുലമായ കൃഷിയിടങ്ങളാണ് ഉണ്ടായിരുന്നത്. കരയിൽ ദീർഘകാലവിളകൾക്കു പ്രാധാന്യം നൽകിയിരുന്നില്ല. നെല്ല്, ചാമ, ചോളം, ചേമ്പ് വർഗ്ഗങ്ങൾ, പടവാഴ, പുകയില. ആവണക്ക് എന്നിവയായിരുന്നു പ്രധാന കൃഷികൾ. വയനാടൻ ചെട്ടിമാർ, കുറുമർ എന്നിവരുടെ പക്കലുള്ള ഭൂമിയുടെയും നല്ലൊരു പങ്ക് ദേവസ്വത്തിന്റെതായിരുന്നു. കർഷകർ കുടിയാന്മാരായി കൃഷി ജോലികൾ ചെയ്തുവന്നു. ഭൂനികുതി ഒരേസമയം ദേവസ്വത്തിനും, അംശം അധികാരിക്കും നൽകുന്നപതിവുണ്ടായിരുന്നു. പാട്ടമായി ഒരേക്രക്ക് ഒന്നരപൊതി (ഏതാണ്ട് 60 കിലോ ഗ്രാം) നെല്ലാണ് നൽകിയിരുന്നത്.

മേടമാസം 7നു മലവയൽ ക്ഷേത്രത്തിലെ വിഷു ഉത്സവം കഴിഞ്ഞാലുടനെ 1–ാം വിളയുടെ വിത്ത് വിതക്കണമെന്നായിരുന്നു ആചാരം. വയലിലെ നടീൽ ജോലികൾ ഒറ്റ ദിവസം കൊണ്ട് തീർക്കുന്ന ആഘോഷകരമായ ജോലിയാണ് കമ്പളനാട്ടി. കൊയ്ത്തിനുമുണ്ട് ഉത്സവവുമായി ബന്ധം. തുലാം 10നു പുത്തരിയായി ആചരിച്ച് അന്ന് കൊയ്യാൻ പാകമായ നെൽകതിരുകൾ ആദ്യമായി വീടുകളിലെത്തിക്കുന്നു. മലയാള പഞ്ചാംഗത്തെ അടിസ്ഥാനമാക്കി കലാവസ്ഥയുടെ പ്രവചനം നടത്താനും ഗോത്രകാരണവന്മാർ തല്പരരായിരുന്നു.

ചെട്ടിമാരും കുറുമരും ഭൂഉടമകളും, പണിയർ, നായ്ക്കർ തുടങ്ങിയവർ കർഷക തൊഴിലാളികളുമായിരുന്നു. കാർഷിക ഉപകരണങ്ങളുടെ നിർമ്മാണ ജോലികൾ ഊരാളിമാരുടെ തൊഴിലാണ്. ചെറിയ കർഷകരുടെ നിലനിൽപ്പിനു അനുയോജ്യമായിരുന്നില്ല സാമൂഹ്യ വ്യവസ്ഥ. കാർഷികോല്പന്നങ്ങളുടെ വിപണനം, കടത്ത് എന്നിവക്കുള്ള ബുദ്ധിമുട്ടും കണ്ണാടകയിൽനിന്നും തലശ്ശേരി, മാഹി ഭാഗങ്ങളിൽ നിന്നും വന്ന കച്ചവടക്കാരുടെ വ്യാപാര തന്ത്രങ്ങൾ എന്നിവയെ അതിജീവിക്കാൻ ചെറുകിടക്കാർക്ക് കഴിയുമായിരുന്നില്ല. അതോടൊപ്പം ഭൂ ഉടമകളുടെ വലിയ കന്നുകാലിക്കൂട്ടങ്ങളുടെ പരിചരണം, അവരുടെ വീടിനും സ്വത്തിനും കാവൽ ജോലികൾ തുടങ്ങിയ സ്ഥിരമായ ജോലികൾ ആദിവാസി വിഭാഗങ്ങൾക്കു ലഭിക്കുകയും ചെയ്തുവന്നു. ഇത് ഭൂ ഉടമയും, തൊഴിലാളിയും എന്ന വിഭാഗീയ സാമൂഹ്യ സ്ഥിതിക്കും ക്രമേണ സാമൂഹ്യമായ അടിമത്തമായി മാറുകയും ചെയ്തു.

കർഷകതൊഴിലാളികളുടെ കൂലിയായി വല്ലി (നെല്ല്) നൽകുന്നതായിരുന്നു ആദ്യകാല രീതി. അടിമ വ്യവസ്ഥയിലാണ് തൊഴിലുടമ ഇവരെ സംരക്ഷിക്കുന്നത്. പുരുഷന് 2 സേറും സ്ത്രീക്ക് ഒരു സേറും നെല്ല് ദിവസക്കൂലിയായി നൽകും. വർഷത്തിൽ ഒരു മുണ്ട്, എണ്ണ തുടങ്ങിയവയും നൽകാറുണ്ട്. തൊഴിലാളികൾ സ്വതന്ത്രമായി ജോലിക്കു പോകുന്നത് വിലക്കിയിരുന്നു. 1927 മുതലാരംഭിച്ച കുടിയേറ്റ കർഷകരുടെ വരവോടെ അടിമത്ത വ്യവസ്ഥ ശിഥിലമാകാനാരംഭിച്ചു. ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങളുടെ വികസനത്തോടെ, സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും അടിമത്ത വ്യവസ്ഥിതിക്കെ

പട്ടിക 5–1 എ

ഭൂമി സംബന്ധിച്ച വിവരങ്ങൾ

വില്ലേജ്	ഭൂമിയുടെ വിസ്തീർണ്ണം–ഏക്കർ			ഉടമസ്ഥരുടെ എണ്ണം							
	പുരയിടം	നിലം	ആകെ	1–10 സെൻറ്	10–25 സെൻറ്	25–50 സെൻറ്	50–100 സെൻറ്	1–2 ഏക്കർ	2–5 ഏക്കർ	5 ഏക്കറിന് മുകളിൽ	ആകെ
1	2	3	4	5	6	7	8	9	10	11	12
നെന്മേനി	7698.78	2893.87	10592.65	760	315	290	1130	2350	1950	3845	10640
ചീരാൽ	4307.06	2244.37	6551.43	620	784	965	915	730	325	84	4423
ആകെ	12005.84	5138.24	17144.08	1380	1099	1255	2045	3080	2275	3929	15063

തിരെ ശക്തമായ ചെറുത്തു നിൽപ്പ് ഉണ്ടാവുക യും ചെയ്തു. എൺപതുകളോടെയാണ് ഈ അ നാചാരം അവസാനിച്ചത്.

1927മുതൽ നാമമാത്രമായ തോതിൽ കുടിയേറ്റ മാരംഭിച്ചു. കല്ലുത്തുകളങ്കര പൈലി, കുന്ന മ്മൽ ഉലഹന്നാൻ, ചെറുതോട്ടിൽ പൗലോസ് തുടങ്ങിയവർ ഇതിൽ ചിലരാണ്. 35നു ശേ ഷം കുടിയേറ്റംവർദ്ധിച്ചു. 1948ൽ വിമുക്ത ഭട ന്മാരുടെ വരവോടെയാണ് കുടിയേറ്റം വളരെ വ്യാപകമായത്. അന്നത്തെ പ്രതികൂല സാഹ ചര്യങ്ങളോട് എതിർത്തു നിൽക്കാൻ കഴിയാത്ത പലരും ചുരമിറങ്ങിയിട്ടുണ്ട്. കുടിയേറ്റ കർഷ കർക്കും വിമുക്ത ഭടന്മാർക്കും കൈവശ ഭൂമി യിൽ സ്ഥിരാവകാശം ലഭിക്കുന്നതിനായി നട ന്ന ഉജ്വലമായ സമരങ്ങളിൽ നെന്മേനി ഗ്രാമ പഞ്ചായത്തിന്റെ മുൻനിര പങ്കാളിത്തം ഉണ്ടാ യിട്ടുണ്ട്.

മണ്ണ്.

പൊതുവെ 4 തരം മണ്ണിനങ്ങളാണ് കണ്ടു വരുന്നത്. ഫലപുഷ്ടികുറഞ്ഞ ചുവന്ന മണ്ണാണ കൂടുതലുള്ളത് പൊതുവെ അമ്ലരസം കൂടുതലാ ണ്. കരയിൽ മണ്ണൊലിപ്പുണ്ട്. ഭൂസംരക്ഷണ ജോലികൾ ചെയ്യുന്നത് അപൂർവ്വമാണ്. മണൽ മണ്ണാണ് വയലിൽ കൂടുതലുള്ളത്. ഇത് ഏറി യും കുറഞ്ഞുമിരിക്കുന്നു. തന്മൂലം വയലിലെ വരമ്പിനോടു ചേർന്ന് കൂടുതലായി കാണുന്നു. ചതു പ്പു നിലങ്ങളാണ് വയലുകളിലെ മറ്റൊരു പ്രത്യേകത. കറുത്ത കളിമണ്ണാണ് ഇവിടെ കാ ണുന്നത്. ഫലപുഷ്ടി കൂടുതലുള്ളതായി ഉള്ള ച തുപ്പുനിലങ്ങളിൽ കൃഷിചെലവ് കൂടുതലാണ്.

വിസ്തീർണ്ണത്തിൽ കരഭൂമിയാണ് കൂടുതൽ ശരാശരി 15% ചെരിവുള്ളതാണ് കരഭൂമിയിൽ ഏറെയും. എന്നാൽ കാര്യമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളും തോട്ടങ്ങളിൽ അനുവർത്തിക്കാ റില്ല. ഇത് ശക്തമായ മണ്ണൊലിപ്പിനും ഭൂ ഗർ ഭജലനിരപ്പ് ഉയരാതിരിക്കുന്നതിനും കാരണ മാവുന്നു. വരമ്പുകൾ തോത് വർദ്ധിച്ചതിന്റെ പ്രധാന കാരണം ഇതാണ്. പ്രതിവർഷം 50 ഹെക്ടർ സ്ഥലത്തെ നാമമാത്രമായ തോതിൽ മണ്ണുസംരക്ഷണ പ്രവർത്തനം നടക്കുന്നുള്ളൂ. മണ്ണു സംരക്ഷണത്തിനു ഇപ്പോഴും കൂട്ടായ ശ്രമം നട ക്കുന്നത് ചെറുമാട് വാട്ടർഷെഡ് പ്രദേശത്തു മാത്രമാണ്.

മഴയുടെ ലഭ്യതയിൽ പ്രകടമായ ഏറ്റ കുറച്ചിൽ ഉണ്ടായിട്ടില്ല എന്നു രേഖകളും വ്യ ക്തമാക്കുന്നു. എന്നാൽ ഒരോ വർഷത്തേയും മഴ ദിവസങ്ങളിൽ കുറവ് വരുന്നതായി കാണുന്നു ണ്ട്. ലഭിക്കുന്ന മഴവെള്ളത്തെ പരമാവധി സം ഭരിച്ച് സൂക്ഷ്മമായി വിനിയോഗിക്കേണ്ടതി ന്റെ പ്രാധാന്യമാണ് ഇത് സൂചിപ്പിക്കുന്നത്. വളരെ ശാസ്ത്രീയവും പ്രായോഗികവുമായ ഒരു ജല വിനിയോഗ രീതിയിലൂടെ മാത്രമേ വരൾച്ചാ നിവാരണവും വിള വർദ്ധനവും സാ ദ്ധ്യമാവൂ.

കരയിലെ പ്രധാന കൃഷി കാപ്പിയും കുരുമുളകു മാണ്. റബ്ബർ, തേയില, തെങ്ങ്, കവുങ്ങ് എന്നി വയാണ് മറ്റുപ്രധാന കൃഷികളും. മാർക്കറ്റിലെ വില വ്യത്യാസത്തിനനുസരിച്ച് ദീർഘകാല കൃഷികളും മാറി മാറി പരീക്ഷിക്കുന്നത് കർഷ കർക്ക് കടുത്ത നഷ്ടം വരുത്തിയിട്ടുണ്ട്. ഇതോ ടൊപ്പം കുരുമുളകിന്റെ ദ്രുതവാട്ടം കനത്ത നഷ്ട മാണ് വരുത്തിയിട്ടുള്ളത്. നാണ്യ വിളകളുടെ ഉൽപ്പാദനക്ഷമത പൊതുവെ കുറവായിട്ടാണ് കാണുന്നത്. പട്ടിക 5–1–ഡി ശാസ്ത്രീയമായ കൃഷി പരിപാലന മുറകളും നാമമാത്രമായ കർ ഷകരെ അനുവർത്തിക്കുന്നുള്ളൂ. ചെറുകിട ഭൂ ഉട മസ്ഥരുടെ തോട്ടങ്ങളിൽ ഉൽപാദനക്ഷമത കു റവായിട്ടാണ് കാണുന്നത്. സൂര്യപ്രകാശമേൽ ക്കാത്തവിധത്തിലുള്ള വിള വൃക്ഷമാണ് ചെറി യ തോട്ടങ്ങളിലെ ഉൽപ്പാദനക്ഷമത കുറയാൻ കാരണം. ചെറുതോട്ടങ്ങളിൽ ജൈവവളം കൂടുത ലുപയോഗിക്കുമ്പോഴും ഇടത്തരം കർഷകരാണ് ജൈവവളവും രാസവളവും ഉപയോഗിക്കാൻ ശ്രദ്ധിക്കുന്നത്.

തെങ്ങു കൃഷിയുടെ വ്യാപ്തി വർദ്ധിച്ചുവരു ന്നതായി കാണാമെങ്കിലും പഞ്ചായത്തിലെ

പട്ടിക 5–1 ബി

കാലാവസ്ഥ

വർഷം	വാർഷിക ശരാശരി				മഴ	
	ഉയർന്ന താപനില	താഴ്ന്ന താപനില	ബാഷ്പനില ശതമാനം	കാറ്റിന്റെ വേഗത KMPH	ആകെ മഴ മി. മി.	മഴ ദിനങ്ങൾ
1984	27.2°C	17.2°C	79	2.7	2380.6	170
1985	27.6	17.9	77	3.8	1728.5	153
1986	26.4	16.5	81	3.6	1845.6	130
1987	27.2	17.4	77.5	3.6	1771.2	112
1988	27.2	18	78	3.6	2084.5	125
1989	26.9	17.7	73.2	4.1	1822.6	99
1990	27.2	16.7	74.7	3.3	1681.4	126
1991	27.4	17.8	72.8	3.4	2301.2	109
1992	27.2	17.6	76	3.8	2318.8	116
1993	27.0	17.9	75	3.9	2177	124
1994	26.9	17.1	79	3.6	2692.2	127
1995	27.6	15.6	75	3.1	2288	111

അവലംബം:– അമ്പലവയൽ കാർഷികഗവേഷണ കേന്ദ്രം

ഉപഭോഗത്തിന്റെ പകുതിയിൽ താഴെ മാത്രമാണ്‌ ഇപ്പോഴത്തെഉൽപ്പാദനം.

കർഷക തൊഴിലാളികളുടെ ലഭ്യത ഇന്നൊരു പ്രധാന പ്രശ്നമാണ്‌. ഇത്‌ ഈ മേഖലയിലെ കൂലി ക്രമാതീതമായി ഉയരാൻ ഇത്‌ കാരണമായിട്ടുണ്ട്‌. കൂലി കൂടുതൽ വാങ്ങി കുറഞ്ഞദിവസങ്ങളിൽ മാത്രം ജോലി ചെയ്യുക എന്നൊരു നയം കർഷക തൊഴിലാളികളും സ്വീകരിച്ചു വരുന്നുണ്ട്‌. തൊഴിലാളികളുടെ ലഭ്യത കൂടുതലുള്ളത്‌ നിർമ്മാണ മേഖലയിലാണ്‌ കൃഷിയിലെ ശരാശരി കൂലി പുരുഷന്‌ 75 രൂപയും സ്ത്രീക്ക്‌ 50 രൂപയുമാണ്‌ കൃഷി ചെലവുകളും കുറക്കാൻ തക്ക വിധം യന്ത്രവൽക്കരണം നടത്തിയെ പറ്റൂ. പക്ഷേ നമ്മുടെ സാഹചര്യങ്ങൾക്കിണങ്ങിയ യന്ത്ര സാമഗ്രികളുടെ കുറവ്‌ ഇതിനു തടസ്സമാവുന്നു. കർഷക തൊഴിലാളികളുടെ സാമൂഹ്യമായ അധികാരം ഉയർത്താനും കൂടുതൽ പേരെ ആകർഷിക്കാനുമുള്ള നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്‌. തൊഴിലില്ലായ്മയുടെ വലിയൊരു വിഭാഗത്തെ വയനാട്ടിലെ കാർഷിക മേഖലക്ക്‌ ഉൾക്കൊള്ളാനാവും. സാമാന്യ വിദ്യാഭ്യാസം ലഭിച്ചവർ കൃഷി മേഖലയിൽ നിന്നും അകന്നുപോയി കൃഷി ഒരു തൊഴിലായി സ്വീകരിക്കാൻ അംഗീകരിക്കാൻ അധികം പേരും വിമുഖരാണ്‌,

പട്ടിക 5–1 സി

ഓരോമാസവും പെയ്ത മഴ (മി. മി.) മഴ ദിവസങ്ങളും എന്ന ക്രമത്തിൽ

വർഷം	ജനു	ഫെബ്രു	മാർച്ച്	ഏപ്രി	മെയ്	ജൂൺ	ജൂലായ്	ആഗ	സെപ്റ്റ	ഒക്ടോ	നവം	ഡിസം	ആകെ
1985	13.6 1	3.4 1	75.8 3	93 13	56 10	574.6 27	178.6 28	313.2 27	114.5 20	109.4 12	170.2 6	26.2 5	1728.5 153
1986	72.4 3	49.2 4	93.6 5	139.2 13	76.4 12	425.9 22	197.5 18	428.6 17	99 14	200.4 14	37.1 6	26 4 2	1845.6 130
1987			0.4	63.7 7	247.2 16	263.5 20	136.6 15	263.4 18	171.4 7	143.8 14	136.8 10	144.4 4	1771.2 112
1988		61.6 3	74.4 6	126.0 10	84 6 6	275.8 20	524.4 26	336.7 21	385.2 20	94.8 10	9.0 2	12.0 1	2084.5 125
1989			65.6 5	95.2 6	140.8 8	284.6 20	618.4 18	221.2 15	149.2 13	234.2 13	13.4 1	—	1822.6 99
1990	23.8 2	13.8 1	27.8 3	39.4 6	229.8 17	208 19	268.8 27	373.8 23	48 6	376.2 14	59.8 7	12.2 1	1681.4 126
1991	1	34 1	43.8 5	156.2 9	192.6 11	388.2 23	719 26	365 17	83 9	215 2 13	102.4 5	—	2301.2 109
1992	—	0.6	—	44.4 4	234 12	587 17	535 26	315.2 23	196 16	181.6 7	224.8 11	—	2318.8 116
1993	116.1	69.8 3	197.8 12	197.8 12	220.6 10	377.6 19	483.6 26	271.6 18	66.4 6	335 20	46.4 5	476 4	2177 124
1994	74.6 2	0.6	15.8 2	20.26 12	198 12	541.6 27	885.6 25	238 15	173.2 10	231 10	131.2 5	—	2692.2 127
1995	2.6	20.6 2	2.6	261.2 10	253.4 10	253.6 16	513.6 24	442 17	199.8 13	222.6 11	116 8	—	2228 111
1996	9.2 1	—	—	131.6 12	121.8 3	44.6 12	408.8 20	251.4 18	252.8 11				

അവലംബം:– അമ്പലവയൽ കാഷ്ടിക ഗവേഷണ കേന്ദ്രം

പട്ടിക 5–1 ഡി

ഭൂമി സംബന്ധിച്ച വിവരങ്ങൾ
(Ref: അടിസ്ഥാന വിവര രജിസ്റ്റർ)

ഇനം	വിസ്തീർണം (ഹെക്ടർ)
നിലം	2079.42
പുരയിടം	4255.69
പുറമ്പോക്ക്	20.00
കൃഷിയോഗ്യ തരിശ്	200.00
കൃഷിയോഗ്യമല്ലാത്ത തരിശ് ഫോറസ്റ്റ്	383.00
ആകെ	6938.11

വിള വിസ്തീർണ്ണവും ഉല്പാദനവും.

വിള	വിസ്തീർണ്ണം (ഹെക്ടർ)	മൊത്തംഉല്പാദനം കി. ഗ്രാം	ഉല്പാദനക്ഷമത–ഹെക്ടറിൽ
നെല്ല് (ഒന്നാം വിള)	2000	6000000	3000 Kg.
നെല്ല് (രണ്ടാം വിള)	243	729000	3000
നെല്ല് (മൂന്നാം വിള)	ഇല്ല	—	—
പയർ	50	62500	1250
എള്ള്	10	5000	500
പച്ചക്കറികൾ	50	125000	2500
തെങ്ങ്	500	7000000 (എണ്ണം)	80 (എണ്ണം)
വാഴ	50	1500000	30000 ,,
മരച്ചീനി	15	93750	6250 Kg.
കരുമുളക്	1500	3750000	2500
പ്ലാവ്	5	93750	18750
കശുമാവ്	2	25000	12500
മാവ്	5	62500	1250
റബ്ബർ	100	300000	3000
കവുങ്ങ്	300	840000	2800
കാപ്പി	2000	1200000	1000
തേയില	400	5000000	12500
ഇഞ്ചി	400	2000000	10000
മഞ്ഞൾ	5	50000	10000
ഏലം	5	5000	1000

പട്ടിക 5–1 ഇ

പണിപൂത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം	മറ്റു വിവരങ്ങൾ
1	2	3	4	5
	COMPLEATED WORKS	In Lakhs		
	Jaladhara Padhathi			
1	Construction of a Weir Aeross Machiyil thodu at Malika.	7.75	110.98	
	Repair			
1	Urgent repairs to Edakkal V C B in Mankombu.	0.86	50.00	
2	Repair to Madakkara Valiyavettam Weir.	1.56	40.00	
3	Repair to V C B and construction of Canal to Edakkal Mankombu.	1.22	as above	
		11.39	200.98	
	On going Works			
	M I Class II			
1	Renovation of Govindamoola Irrigation Tank.	2.00	37.00	
	L I Scheme			
1	Thaloor L I Scheme.	1.99	148.20	
	Repair to M I Structurs			
1	Urgent repairs to Valiyavattam V C B.	1.85	as above	
2	Improvements to V C B at Edakkal, Ayiramkolly.	1.90	37.05	
3	Construction of Canal to Govindamoola Irrigation tank.	2.00	as above	
		9.74	222.25	

കൃഷിഭവൻ

നെന്മേനിയിലെ കൃഷിഭവൻ സ്ഥിതി ചെയ്യുന്ന കോളിയാടി ഭൂമിശാസ്ത്രപരമായി ഗ്രാമപഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യ ഭാഗത്താണെങ്കിലും എത്തിച്ചേരുന്നതിനുള്ള ഗതാഗത കുറവ് ഒരു പ്രശ്നമാണ്. പഞ്ചായത്ത് ആസ്ഥാനത്തേക്ക് കൃഷിഭവൻ മാറുകയും, കോളിയാടി തവനി, ചെറുമാട്, ചീരാൽ റോഡ് ബസ്സ് ഗതാഗതയോഗ്യമാക്കുകയും ചെയ്താലെ ഈ പ്രശ്നം പരിഹരിക്കാനാവൂ.

കൃഷിയിൽ സാങ്കേതിക പരിജ്ഞാനം നേടിയവർ ഓഫീസ് ജോലികൾ മാത്രം ചെയ്യാൻ നിർബന്ധിതരാവുന്ന അവസ്ഥയാണ് കൃഷിഭവനിൽ ഉള്ളത്. ഇവരുടെ സേവനം കൃഷിയിടങ്ങളിൽ തന്നെ ലഭ്യമാകാനുള്ള ക്രമീകരണം ഉണ്ടാക്കേണ്ടിയിരിക്കുന്നു. സ്ഥിരമായി കൃഷി ഓഫീസറില്ലായ്മ ഗ്രാമ പഞ്ചായത്തിലെ എല്ലാ പ്രവർത്തനങ്ങളെയും താളംതെറ്റിച്ചിട്ടുണ്ടായിരുന്നു. ജീവനക്കാരുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കണം.

കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളോട് കർഷകർക്ക് താൽപര്യമില്ല. ഗുണനിലവാരം കുറഞ്ഞവയാണ് ഇങ്ങനെ വിതരണം ചെയ്യുന്നതിലധികവും ഉൽപ്പാദന ക്ഷമത കൂടിയ നടീൽ വസ്തുക്കളോട് താൽപര്യമുണ്ടെങ്കിലും അവ ലഭിക്കാൻ സൗകര്യങ്ങളില്ല. കാപ്പി, കമുക്, റബ്ബർ എന്നിവയിൽ മാത്രമേ വിവേകപൂർവ്വമായൊരു തെരഞ്ഞെടുപ്പ് കഴിഞ്ഞ 4–5 വർഷമായി കർഷകർ നടത്തിയിട്ടുള്ളൂ.

കൃഷിയിൽ കൂടുതൽ വൈവിദ്ധ്യവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്. നിലവിലുള്ള വിളക്രമം, കാലാവസ്ഥ, മണ്ണ്, ജലസേചനം, സംസ്കരണം, വിപണി, സാങ്കേതിക പരിജ്ഞാനം, ഉപകരണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരണം നടത്തേണ്ടതായിട്ടുണ്ട്. സുഗന്ധവിളകൾ, ഔഷധ സസ്യങ്ങൾ, ഓർക്കിഡ്, കൂറിമുല്ല, നഴ്സറിനിർമ്മാണം, ക്ലൺകൃഷി എന്നിവ ഇതിനായി പരിഗണിക്കാവുന്നതാണ്.

ദേശയ നീർമറി പ്രദേശ വികസന പദ്ധതി

ദേശീയ തലത്തിൽ നടപ്പിലാക്കുന്ന ചെറുമാട് നീർമറിപ്രദേശ വികസന പദ്ധതി 5 വർഷം കൊണ്ട് ഈ പ്രദേശത്തിന്റെ സമഗ്രവും സർവ്വതോമുഖവുമായ വികസനമാണ് ലക്ഷ്യമാക്കുന്നത്. എന്നാൽ സമഗ്രമായ ഒരു വികസന പരിപാടിയെന്ന നിലയിൽ ഇത് പരാജയമാണ്. പദ്ധതിയുടെ അടങ്കൽ തുകയായ 16,27 500 രൂപയുടെ 40%വും നടത്തിപ്പു ചെലവുകൾക്കാണ് വിനിയോഗിക്കുന്നത്. ഉത്തരേന്ത്യൻ സാമൂഹ്യ കാർഷിക പരിതസ്ഥിതിയിൽ തയ്യാറാക്കിയ ഈ പദ്ധതി അതേപടി കേരളത്തിലും നടപ്പാക്കുകയാണ് ചെയ്തത്. കൃഷിയോഗ്യമല്ലാത്ത ഭൂമിയുടെ വികസനത്തിന് വേണ്ടി അടങ്കൽ തുകയുടെ 27%തുക നീക്കിവെച്ചതായി കാണാം. കരാറുകാർ മുഖേന നടപ്പാക്കാവുന്ന പ്രവർത്തനങ്ങൾ പദ്ധതി നടപ്പാക്കിയ ആദ്യത്തെ 6 മാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കിയപ്പോൾ 4 വർഷത്തിനുള്ളിൽ പ്രോജക്ട് പ്രവർത്തനങ്ങളുടെ 20%തുകപോലും ചെലവഴിച്ചിരുന്നില്ല. പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് പദ്ധതിയിൽ വേണ്ടത്ര വ്യത്യാസം വരുത്താൻ ജനകീയ സമിതിക്ക് അധികാരമില്ല. സമിതിയുടെ ചുമതല പദ്ധതിയുടെ നടത്തിപ്പു മാത്രമാണ്. പൊതു പങ്കാളിത്തത്തോടെയുള്ള ഒരു പ്രവർത്തനവും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ല. പദ്ധതിയുടെ അവസാന ഘട്ടത്തിൽ മാത്രമാണ് പ്രവർത്തനങ്ങൾ അല്പമെങ്കിലും ഊർജ്ജിതമാക്കിയതും പുനഃക്രമീകരണം നടത്തിയതും.

നീർമറി പ്രദേശവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഔദ്യോഗിക ഇഛാശക്തി ഉയർത്തിയേ പറ്റൂ. കർഷക സമിതികളിലൂടെ മാത്രമേ ഇതുനടപ്പിലാക്കാവൂ. പ്രാദേശിക

കാർഷിക സാമൂഹ്യ പരിഗണനകൂംക്കുന്നസ്സ തമായി പദ്ധതി തയ്യാറാക്കണം.

ചെറുമാട് വാട്ടർഷെഡ് പദ്ധതി

ആകെ വിസ്തീർണ്ണം	470 ഹെക്ടർ
യഥാർത്ഥ പദ്ധതി പ്രദേശം	465 ,,
അടങ്കൽ തുക	16,27500 രൂപ

1 അടിസ്ഥാന പ്രവർത്തനങ്ങൂം(40%)

a.	സർവ്വേയും പ്രൊജക്ടറൈസേഷനും	162750. രൂപ
b.	നഴ്സറി നിർമ്മാണം	40690. ,,
c.	പരിശീലനവും ജനപങ്കാളിത്തവും	162750. ,,
d.	മാനേജ്മെൻറ് ചെലവ്	162750. ,,
e.	ഗവേഷണം	81370. ,,
f.	കരുതൽ ധനം	40690. ,,
		651000 ,,

2 പ്രൊജക്ട് പ്രവർത്തനങ്ങൂം (60%)

A.	കൃഷിയോഗ്യമായ ഭൂമി		
	a. മണ്ണുസംരക്ഷണ പ്രവർത്തനം	195300	,,
	b. ഉൽപ്പാദന മേഖല	195300	,,
	c. ജലനിർഗ്ഗമന തോട്ടകളുടെ സംരക്ഷണം	162750	,,
B.	കൃഷിയോഗ്യമല്ലാത്ത ഭൂമി		
	a. മണ്ണുസംരക്ഷണ പ്രവർത്തനം	162750	,,
	b. ഉൽപ്പാദന മേഖല	162750	,,
	c. ജലനിർഗ്ഗമന തോട്ടകളുടെ പരിപാലനം	162750	,,
C.	മൃഗപരിപാലനം	97650	,,
		976500	,,

വയൽ കൃഷികൾ

നെൽകൃഷിയുടെ ശരാശരി ഉൽപ്പാദനം 3400 കി./ഹെക്ടർ ആണ്. ഇപ്പോൂം 6% കൃഷിസ്ഥലത്തു മാത്രമേ ഇരുപ്പൂ കൃഷി സാധ്യമാകുന്നുള്ളൂ. 20 വർഷം മുമ്പ് 60% വയലുകളിലും ഇരുപ്പൂ സാധ്യമായിരുന്നു. ജലക്ഷാമം അതിവേഗം വർദ്ധിച്ചു വരുന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ജലസേചന കുറവുമൂലം 1–ാം വിളയും യഥാസമയം ആരംഭിക്കാൻ കഴിയുന്നില്ല. ഇതും ഉൽപ്പാദനത്തെ ബാധിക്കുന്നുണ്ട്. ഒന്നാം വിളക്ക് പരമ്പരാഗത വിത്തിനങ്ങളും രണ്ടാം വിളക്ക് സങ്കരയിനം വിത്തുകളുമാണ് ഏറെയും ഉപയോഗിക്കുന്നത്. സങ്കരയിനം വിത്തുകൂം ദീർഘകാലം ഉപയോഗിക്കുന്നതായി കാണുന്നില്ല.

രണ്ടാം വിളകാലത്ത് വയലുകളിൽ വ്യത്യസ്തങ്ങളായ കൃഷികളാണ് ചെയ്യുവരുന്നത് പയർ, പച്ചക്കറികൂം, ചേന, ഇഞ്ചി തുടങ്ങിയവ 50% വയലുകളിൽ കർഷകരുടെ അഭിരുചിക്കനുസരിച്ച് കൃഷി ചെയ്യുന്നു. നെൽകൃഷി ഒഴിവാക്കിക്കൊണ്ടുള്ള ഇഞ്ചി, വാഴ–കൃഷികൂം കൂടുതൽ വികസിച്ചു വരുന്നുണ്ട്. വയൽ മണ്ണിലെ ജലാഗിരണശേഷി കുറയുന്നതിനും ചതുപ്പു നിലങ്ങൂം വറ്റി പോകുന്നതിനും ഇതു കാരണമാവുന്നുണ്ട്. വർഷം മുഴുവൻ ജലസമ്പത്തുള്ള തോട്ടകളുടെ എണ്ണവും കുറഞ്ഞു വരികയാണ്.

ഭൂവുടമയും കഷ്കനും വേർതിരിഞ്ഞുകൊണ്ട് പങ്കുകൃഷിയെന്ന പേരിൽ പുതിയൊരു ജന്മികുടിയാൻ ബന്ധം രൂപപ്പെട്ടുവരുന്നുണ്ട്. കൃഷി നവീകരിക്കുന്നതിനും, ഉൽപ്പാദനക്ഷമത കൂട്ടാനും ഇത് പ്രതിബന്ധമാവുന്നതോടൊപ്പം ക്രമേണ കൃഷിയിടങ്ങൂം തരിശിടുന്നതിന് ഇത് കാരണമായേക്കും.

പഞ്ചായത്തിൽ 35 ട്രാക്ടറുകളും 80 പവ്വർ ടില്ലറുകളുമുണ്ടെങ്കിലും ഉഴവിന് യന്ത്ര സഹായം യഥാസമയത്തു ലഭ്യമല്ല. പക്ഷേ, എണ്ണം ഇനിയും ഉയർന്നാൽ വർഷത്തിൽ ചുരുങ്ങിയ കാലത്തേക്ക് മാത്രമേ ഇവയ്ക്കു ജോലി ലഭിക്കുകയുള്ളൂ. ഉഴവുയന്ത്രങ്ങൂം പാടശേഖരങ്ങളിലെത്തിക്കാനുള്ള നിരത്തു സൗകര്യവും വളരെ കുറവാണ്.

ജലസേചനം

കൈത്തോട്ടുകളുടെ എണ്ണം കുറഞ്ഞു വരികയാണ്. പാടശേഖരത്തിന്റെ താഴ്ന്ന ഭാഗത്തു കൂടിയുള്ള പ്രധാന തോട്ടമാത്രമാണ് ഏക ജല നിർഗമന മാർഗ്ഗം. മുൻപ് കരകളുടെ അരികിലൂടെ കൃഷിക്കു ജലമെത്തിക്കുന്നതിന് വേണ്ടി കൈത്തോട്ടകൾ അറകുറപ്പണികൾ ചെയ്തു സംരക്ഷിച്ചിരുന്നു. ഒന്നാം വിളക്ക് ആവശ്യമുള്ളപ്പോഴും 2–ാം വിളക്കു മുഴവനും വെള്ളം കിട്ടിയിരുന്നതും ഈ തോട്ടകൾ വഴിയാണ്. 2–ാം വിളക്കു നെല്ലിനു പകരം പയർ, പച്ചക്കറികൾ, ഇഞ്ചി, ചേന തുടങ്ങിയവ കൃഷി ചെയ്യാൻ ആരംഭിച്ചതോടെ വെള്ളത്തിന്റെ ആവശ്യം കുറയുകയും തോട്ടകളുടെ സംരക്ഷണം ഒരു ബാധ്യതയായി മാറുകയും ചെയ്തു. ഇതോടെ മഴവെള്ളം പ്രധാന തോട്ടകളിലൂടെ ഒഴുകി പോവുകയാണ് ചെയ്യുന്നത്. നീരുറവു സ്രോതസ്സുകൾ പുനഃസമ്പുഷ്ട (റീചാർജ്ജ്) മാക്കപ്പെടുന്നില്ല.

പ്രധാന പാടശേഖരങ്ങളുടെ മേൽ അറ്റത്ത് ശരാശരി 50 ച.മി. വിസ്തീർണ്ണമുള്ള ഒരിക്കലും വറ്റാത്ത കുളങ്ങൾ ഉണ്ടായിരുന്നു. ഇവയിൽ ഏറെയും കൃഷിയിടങ്ങളായി മാറിയിട്ടുണ്ട്. ഈ കുളങ്ങളിൽ നിന്നായിരുന്നു തോട്ടകൾ ഉൽഭവിച്ചിരുന്നത്. ഇതിന്റെ അവശിഷ്ടങ്ങൾ ചുവണ്ട മൂല, കഴമ്പ്, കോളിയാടി, ചിറ്റൂർ, നെല്ലിവയൽ തുടങ്ങി രണ്ടു ഡസനോളം പാടശേഖരങ്ങളുടെ ഉത്ഭവ സ്ഥാനത്ത് കാണാനുണ്ട്.

പ്രശ്നങ്ങൾ

1, വരൾച്ചാനിരക്ക് ഓരോ വർഷവും വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്. ജലസംഭരണികളിലെ ജലനിരപ്പ് താഴ്ന്നു പോകുന്നുണ്ട്.

2. ജല ലഭ്യത വർദ്ധിപ്പിച്ചാൽ മാത്രമേ കാർഷികോൽപ്പാദനം ഇനി ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയുകയുള്ളു.

3. മണ്ണിന്റെ ജലാഗിരണ ശേഷി വർദ്ധിപ്പിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും വേണ്ടി കൂട്ടായ പദ്ധതികൾ ഉണ്ടാവുന്നില്ല.

4. പാടശേഖരങ്ങളുടെ ഏറ്റവും താഴ്ന്ന ഭാഗത്തുകൂടി മാത്രം തോടുകളൊഴുകുന്നതിനാൽ മഴ നിന്നാലുടനെ വരൾച്ച ആരംഭിക്കുന്നു.

5. വയലുകളിലെ തോടുകൾ ചുരുങ്ങിവന്നതുകൊണ്ട് വർഷക്കാലത്തെ മണ്ണൊലിപ്പും കൃഷി നഷ്ടവും വർദ്ധിച്ചുവരുന്നു.

6. വയൽ നികത്തുന്നതും, വയലിൽ മറ്റു കൃഷികൾ വർദ്ധിച്ചതും വരൾച്ചാ പ്രക്രിയയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

7. ജലസേചനത്തിന് വൈദ്യുതി ലഭ്യത വളരെ പരിമിതമാണ്.

8. മണ്ണു പരിശോധിച്ചു വളപ്രയോഗം നിശ്ചയിക്കുന്നതിനുള്ള പ്രായോഗിക സൗകര്യങ്ങൾ വേണ്ടത്രയില്ല.

9 പ്രാഥമിക കാർഷിക വിജ്ഞാനവും ശാസ്ത്രീയ കൃഷിരീതികളും കർഷകരിലെത്തിക്കുന്നതിൽ കൃഷിവകുപ്പ് പരാജയപ്പെട്ടു.

10. കുരുമുളക്, ഇഞ്ചി കൃഷികളുടെ രോഗങ്ങൾക്ക് പ്രായോഗികവും ഫലപ്രദവുമായ സസ്യസംരക്ഷണ മാർഗ്ഗങ്ങൾ ലഭിക്കുന്നില്ല.

11 ജൈവവള പ്രയോഗത്തിന് പ്രാധാന്യം നൽകാതെ കീടനാശിനി – രാസവളപ്രയോഗത്തിന് അമിത പ്രോൽസാഹനം നൽകുന്നു.

12 കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള കർഷക സമിതികളുടെ പ്രവർത്തനം സർക്കാർ ആനുകൂല്യം വിതരണം ചെയ്യുന്നതു മാത്രമായി ചുരുങ്ങി.

13. കൃഷി സമിതികളുടെ പ്രവർത്തന പരിധി ഏകീകൃതമല്ല.

14. വിപുലമായ പ്രവർത്തന പരിധിയുള്ള കർഷക സമിതികളുടെ നേതൃത്വത്തിൽ ഗ്രൂപ്പ് ഫാമിംഗ് പ്രായോഗികമാവുന്നില്ല.

15. കർഷക സമിതികൾക്ക് പ്രായോഗിക/ സാങ്കേതിക കൃഷിമുറകളെപ്പറ്റിയുള്ള വിജ്ഞാനമില്ല.

16. നാണ്യവിളകളെ അപേക്ഷിച്ചു നെൽകൃഷി ആദായകരമല്ല.

17. കാർഷികോൽപ്പന്നങ്ങളുടെ വിപണനം ഇടത്തട്ടുകാരുടെ നിയന്ത്രണത്തിലാണ്.

18. കാർഷിക വായ്പകൾ ലഭിക്കുന്നതിന് കടുത്ത നിബന്ധനകളും ഉയർന്ന പലിശ നിരക്കുമാണ്.

19. കാർഷികോൽപ്പന്നങ്ങളുടെ മാർക്കറ്റിങ്ങിനു പുഴർ ചെക്ക്പോസ്റ്റ് ഉണ്ടാക്കുന്നു തടസ്സം മൂലം ചീരാൽ വില്ലേജിലെ കൃഷ്കർക്ക് ഉയന്ന വില ലഭിക്കുന്നില്ല.

20. കരുമുളക്, ഇഞ്ചി എന്നീ പ്രധാന നാണ്യ വിളകൾക്ക് സംസ്കരണ സൗകര്യമില്ലാത്തതിനാൽ വില സ്ഥിരതയില്ല.

21. തെയിലത്തോട്ടങ്ങൾ വർദ്ധിച്ചിട്ടും സംസ്കരണത്തിനുള്ള ഫാക്ടറികൾ ഉണ്ടായിട്ടില്ല.

22. നെൽകൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങൾ ആവശ്യമുള്ള സമയത്ത് വേണ്ടത്ര ലഭിക്കുന്നില്ല.

23. കാർഷികോപകരണങ്ങളുടെ അറ്റകുറ്റ പണികൾക്കുള്ള സൗകര്യങ്ങൾ വളരെ കുറവാണ്.

24. വേണ്ടത്ര കർഷകത്തൊഴിലാളികളെ കിട്ടുന്നില്ല.

25. ഗ്രാമനിലവാരമുള്ള നടീൽ വസ്തുക്കളുടെയും വിത്തിനങ്ങളുടെയും ലഭ്യത കുറവാണ്.

26. കൃഷിഭവൻ സർക്കാർ നല്കുന്ന സാമ്പത്തികാനുകൂല്യങ്ങളുടെ വിതരണ കേന്ദ്രം മാത്രമാകുന്നു.

27. Integinios tecnology യുടെ പ്രചരണം, മണ്ണൊലിപ്പ്, കീടരോഗ നിയന്ത്രണം എന്നിവയ്ക്ക് കൂട്ടായ്മയില്ല.

28. പച്ചക്കറി കൃഷി വ്യാപനത്തിനു ഉൽപ്പാദനത്തിനും വിപണനത്തിനും പ്രോത്സാഹനമില്ല.

29. വനാതിർത്തിക്കടുത്തുള്ള 5 വാർഡുകളിൽ രൂക്ഷമായ വന്യമൃഗ ശല്യം അനുഭവപ്പെടുന്നു.

30. ചീരാൽ വില്ലേജിൽ നിന്നുള്ളവക്ക് കൃഷിഭവനുമായി ബന്ധപ്പെടുന്നതിന് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

31. പൊതുസ്ഥലങ്ങളിൽനിന്നും (സ്കൂൾ കോമ്പൗണ്ട്, പൊതുവഴി, റോഡ്) മഴക്കാലത്തുണ്ടാകുന്ന വെള്ളംകുത്തിയൊലിച്ച് സമീപ വാസികൾക്ക് നാശനഷ്ടമുണ്ടാക്കുന്നു.

നിർദ്ദേശങ്ങൾ

1. കുണ്ടർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയാൽ ചീരാൽ വില്ലേജിലെ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാനാകും.

2. ഗ്രാമ പഞ്ചായത്തിന്റെ സമ്പൂർണ്ണ ജല സർവ്വേ നടത്തണം. ഓരോ പ്രദേശത്തിന്റെയും ഉപരിതല ജലനിരപ്പ്, ജല ലഭ്യതാതോത്, നീരൊഴുക്ക് എന്നിവ ശാസ്ത്രീയമായ പഠനവിധേയമാക്കണം. ഇതിന് CWRDM ൽ നിന്നുള്ള സാങ്കേതിക സഹായം ലഭ്യമാക്കണം. സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ഇത് നടപ്പാക്കാനാവും.

3. സന്നദ്ധ പ്രവർത്തനത്തിലൂടെ പുതിയ കൈതോട്ടുകൾ നിർമ്മിച്ച് നിലവിലുള്ള ജല നിർഗമന തോട്ടുകൾ ശാസ്ത്രീയമായി പരിഷ്കരിക്കണം. തോടുകളിൽ ആവശ്യാനുസരണം തടയണകൾ നിർമ്മിക്കണം.

4. ഗ്രാമസഭകൾ നിർദ്ദേശിച്ച 21 ചെക്ക് ഡാമുകൾ, 11 ബണ്ടുകൾ, 59 കുളങ്ങൾ, 2 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, 9 കുളങ്ങളുടെ റിപ്പയർ എന്നിവ വിദഗ്ധ സമിതി പരിശോധിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് സമയബന്ധിതമായി പൂർത്തിയാക്കണം.

5. പുരയിടം, പൊതുസ്ഥലം എന്നിവയിൽ നിന്നും പെയ്യുന്ന മഴവെള്ളം ഒലിച്ചുപോകുന്നത് തടയാനുള്ള മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ അടുത്ത മഴക്കാലത്തിനുമുമ്പ് നടപ്പാക്കണം. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം പാടങ്ങൾക്കുകൂടി അനുവദിക്കണം.

6. ചുരുങ്ങിപ്പോയ തോടുകൾ ബഹുജന പങ്കാളിത്തത്തോടെ പുനർ നിർമ്മിക്കണം.

7. വയൽ നികത്തുന്നത് കർശനമായി തടയണം. നെൽകൃഷിക്ക് കൂടുതൽ പ്രാധാന്യം നല്കണം. രണ്ടാംവിളക്ക് പ്രത്യേക പ്രോത്സാഹനം കൊടുക്കണം.

8. വിപുലമായ ജലസേചന സൗകര്യങ്ങളുള്ള സ്ഥലങ്ങളിൽ വൈദ്യുതി ലഭ്യമാക്കണം.

9. കാർഷികാനുകൂല്യങ്ങൾ ലഭിക്കുവാൻ മണ്ണ് പരിശോധന നിർബന്ധമാക്കുക, ഒരു ആധുനിക മണ്ണ് പരിശോധനാ യൂണിറ്റ് ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുക.

10. സാങ്കേതിക വിഭാഗവും നടത്തിപ്പ് വിഭാഗവുമായി കൃഷിഭവൻ വേർതിരിക്കണം.

11. സന്നദ്ധ കാർഷിക പ്രവർത്തനങ്ങളുടെ ധനപരവും ഭരണപരവുമായ നേതൃത്വം വാർഡു തലത്തിൽ ഒരു കൃഷിസമിതിയുടെ കീഴിലാക്കണം. ഇവയുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് കൃഷി സ്റ്റാൻറിംഗ് കമ്മറ്റി രൂപീകരിക്കണം. 25 കുടുംബങ്ങൾക്ക് ഒരു കർഷക ഗ്രൂപ്പ് എന്ന തോതിൽ വാർഡു സമിതിയുടെ പ്രവർത്തനം വികേന്ദ്രീകരിക്കണം. ഇത്തരം ഗ്രൂപ്പുകൾ മുഖേന ഗ്രൂപ്പ് ഫാമിങ്ങ് നടത്തണം.

12. ഓരോ സമിതിയിലും നിന്ന് പ്രതിവർഷം രണ്ടു വനിതയുൾപ്പെടെ 5 പേർക്ക് പ്രാഥമിക കാർഷിക വിജ്ഞാനം ലഭ്യമാക്കാനുള്ള പരിശീലനം നൽകണം. ഇവർ വാർഡിലെ ഒരു കാർഷിക സാങ്കേതികോപദേശക സെൽ ആയി പ്രവർത്തിക്കണം. ഇവരുടെ നേതൃത്വത്തിൽ മാതൃകാപരമായ കൃഷിരീതികളുടെ പ്രചരണം, മണ്ണുസംരക്ഷണം, കീടരോഗനിയന്ത്രണം എന്നിവയുള്ള സംഘടിത പ്രവർത്തനം നടത്തണം. ഇവരിൽ ഒരാൾക്ക് കാർഷികോപകരണങ്ങളുടെ അറകുറപണികൾ നടത്താനുള്ള പ്രത്യേക പരിശീലനവും നൽകിയിരിക്കണം.

13. ഗുണമേന്മയുള്ള ആധുനിക കാർഷികോപകരണങ്ങൾ ഉയർന്ന സബ്സിഡിനിരക്കിൽ കൃഷി സമിതികൾക്ക് നൽകണം. ഇവ യഥാസമയം ആവശ്യമുള്ള കർഷകർക്ക് വാടകക്ക് നൽകണം. ഇവയുടെ സൂക്ഷിപ്പിനും നടത്തിപ്പു സൗകര്യങ്ങൾക്കുമായി ഓരോ വാർഡിലും ഓഫീസ് സൗകര്യം ഉണ്ടായിരിക്കണം. കൂടാതെ, കാർഷികോപകരണങ്ങൾ സ്വന്തമായി വാങ്ങുന്ന കർഷകർക്കും സബ്സിഡി നൽകാനും പദ്ധതി ഉണ്ടാകണം.

14. ഓരോ വീടുകളിലും പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു സംരംഭം വാർഡുകൃഷി സമിതിയുടെ നേതൃത്വത്തിലുണ്ടാകണം. ഇത് ഒരു വനിതാഗ്രൂപ്പിൻറെ നേതൃത്വത്തിലാവണം.

15. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിന് ഒരു സഹകരണ സംഘം ഉണ്ടാക്കണം.

16. കാർഷിക കടങ്ങൾക്ക് സഹകരണബാങ്കുകളിലുള്ള പലിശയിളവ് ആനുകൂല്യം എല്ലാ ബാങ്കുകൾക്കും ബാധകമാക്കുകയും അവ കടം തിരിച്ചു അടക്കുമ്പോൾ തന്നെ ലഭ്യമാക്കുകയും വേണം. കടങ്ങൾ ലഭിക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിക്കണം.

17. കുരുമുളക്, ഇഞ്ചി എന്നിവയുടെ സംസ്കരണത്തിന് താലൂക്ക് തലത്തിൽ ഒരു ഫാക്ടറി ഉണ്ടാവണം. തേയിലയുടെ സംസ്കരണത്തിനും ഒരു ഫാക്ടറി താലൂക്കുതലത്തിൽ സ്ഥാപിക്കേണ്ടതാണ്.

18. പഴൂർ ചെക്ക്പോസ്റ്റ് അതിർത്തിയിലേക്ക് മാറ്റി സ്ഥാപിക്കണം.

19. യഥാർത്ഥ കർഷക തൊഴിലാളികളെ മാത്രം പഞ്ചായത്ത് അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യണം. അവർക്ക് 50,000 രൂപയുടെ ഗ്രൂപ്പ് ഇൻഷൂറൻസ്, 50,000 രൂപയുടെ ക്ഷേമനിധി സൗകര്യം ഇവയുടെ ഈടിന്മേൽ ഗൃഹനിർമ്മാണ വായ്പാസൗകര്യം എന്നിവ നൽകണം. തൊഴിലുടമകളുടെ എണ്ണം, നൽകുന്ന തൊഴിൽ ദിനങ്ങൾ എന്നിവ കണക്കാക്കണം.

20. വനാതിർത്തിയിൽ വൈദ്യുതിവേലി സ്ഥാപിച്ച് കാട്ടുമൃഗശല്യം പരിഹരിക്കണം.

21. ദേശീയ നീർത്തടപ്രദേശ വികസനപദ്ധതികൾ ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

5-2

മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാർഷിക മേഖലയായ നെന്മേനി പഞ്ചായത്തിൽ മൃഗസംരക്ഷണത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ കുറഞ്ഞുവരുന്നുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലക്ക് ആവശ്യമായ ജൈവവളങ്ങൾ ഉയർന്ന വിലനല്കി വേണ്ടത്ര ഗുണമേന്മയില്ലാത്തത് ഇറക്കുമതി ചെയ്യപ്പെടുന്ന പ്രദേശമാണ് നമ്മുടേത്. വയൽ കൃഷി കുറഞ്ഞ് വന്നതും പറമ്പുകൾ തോട്ടങ്ങളായി രൂപാന്തരപ്പെട്ടതും കന്നുകാലികളെ വളർത്തുന്നതിൽ പ്രയാസങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കാർഷിക മേഖലയിൽ വളർന്നു വന്ന യന്ത്രവൽക്കരണം നമ്മുടെ മൃഗസമ്പത്തിന്റെ ശോഷണത്തിന് വഴി വെച്ച മറ്റൊരു കാരണമാണ്. ഉഴവു മാടുകളുടെ എണ്ണം ചുരുങ്ങുമ്പോൾ തന്നെ കറവുമാടുകളുടെ എണ്ണത്തിലും കുറവുണ്ടായിട്ടുണ്ട്. എന്നാൽ ഈ പ്രവണതക്ക് വിരുദ്ധമായി പാലിന്റെ ഉല്പാദനത്തിലും ഉപഭോഗത്തിലും വർദ്ധനവ് ഉണ്ടായതായി കാണാൻ കഴിയും. ആവശ്യമായ പച്ചപുല്ലിന്റെ ലഭ്യതയില്ലായ്മയും കാലിത്തീറ്റയുടേയും വൈക്കോലിന്റേയും വില വർദ്ധനവും മൃഗ സംരക്ഷണം ആദായകരമല്ലാതാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടേയും പക്ഷികളുടേയും 1991 ലെ സെൻസസ് റിപ്പോർട്ടു പ്രകാരമുള്ള കണക്ക് പട്ടിക 5-(2) എ യിൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും (ചീരാൽ), നമ്പ്യാർകുന്ന്, മുണ്ടക്കൊല്ലി, പുത്തൻകുന്ന്, കോളിയാടി, ചുള്ളിയോട്, അമ്പുകുത്തി എന്നിവിടങ്ങളിൽ ഐ. സി. ഡി. പി. സബ് സെൻററുകളും മൃഗ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. കഴിഞ്ഞ വർഷം 3371 പശുക്കൾക്കും 1198 കിടാരികൾക്കും 5 എരുമകൾക്കും കൃത്രിമ ബീജസങ്കലനം നടത്തിയിട്ടുണ്ട്. 334 പശുക്കൾക്കും 128 കിടാരികൾക്കും രണ്ടിലേറെ തവണ ബീജസങ്കലനം നടത്തേണ്ടി വന്നിട്ടുണ്ട്. കന്നുകാലികൾക്കുണ്ടായ രോഗ വിവരങ്ങൾ പട്ടിക 5-(2) ബി യിൽ കാണുക.

പട്ടിക 5-(2) എ

വളർത്തുമൃഗങ്ങളും പക്ഷികളും

ഇനം	കറവയുള്ളത്	കറവയില്ലാത്തത്	ആകെ
പശു	4975	2758	7733
കന്നുകുട്ടികൾ			2326
എരുമ	169	103	272
കാള			2018
പോത്ത്			828
ആട്			1817
പട്ടികൾ			3745
പന്നി			178
കോഴി			26270
താറാവ്			22

പട്ടിക 5-(2) ബി

രോഗ വിവരങ്ങൾ

രോഗങ്ങൾ	പശു	എരുമ	ആട്	പന്നി
ദഹനസംബന്ധമായവ	414	6	62	4
ശ്വാസകോശ സംബന്ധം	64	4	73	6
ഉപാപചയ സംബന്ധം	61	1	2	
ത്വക്ക് രോഗങ്ങൾ	39		14	1
ധാതുലവണങ്ങളുടെഅഭാവം	24	1	8	
പരാദരോഗങ്ങൾ	21	2	9	
പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	214	3	6	
വന്ധ്യത	30	4	2	
അകിടുവീക്കം	46	1	8	
മുടന്തൻപനി	29			

ക്ഷീര വ്യവസായ മേഖലയിൽ 1995_96 ഉല്പാദനം 1665572 ലിറ്റർ പാലാണ്. അതായത് പ്രതിദിനം ഉല്പാദനം 4563 ലിറ്റർ. നമ്മുടെ പഞ്ചായത്തിലെ ഉപഭോഗം കഴിഞ്ഞ വർഷം ലഭ്യമായ കണക്ക് പ്രകാരം 568442 ലിറ്ററാണ് അതായത് പ്രതിദിനം 1557.38 ലിറ്റർ. ആളോഹരി പ്രതിദിന ഉപഭോഗം 42 മില്ലിലിറ്റർ ആണ് എന്ന് കണക്കാക്കാം. ആളോഹരി 500 മില്ലി ലിറ്റർ (അരലിറ്റർ) പാൽ പ്രതിദിനം ഉപയോഗിക്കുകയാണെങ്കിൽ 6760712 ലിറ്റർ പാൽ നമ്മുടെ പഞ്ചായത്തിൽ ആവശ്യമായിവരും. 1991 നെ അപേക്ഷിച്ച് 43% ഉൽപ്പാദന വർദ്ധനവ് ഇപ്പോഴും ഉണ്ടായിട്ടുണ്ട്. ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായത് സങ്കരയിനം പശുക്കളെ വളർത്തുന്നതിന് കർഷകർ കാണിച്ച താല്പര്യം മാത്രമാണ് കാരണം. ക്ഷീര കർഷക മേഖല ലാഭകരമായ തൊഴിലല്ലാത്തതുകൊണ്ട് കറവു മാടുകളെ വളർത്തുന്നത് കുറഞ്ഞ് വന്നു കൊണ്ടിരിക്കുന്നു. ഈ നിലതുടർന്നാൽ വിദൂരമല്ലാത്ത സമയത്ത് നമ്മുടെ പഞ്ചായത്തിലും പുറമേ നിന്ന് പാൽ എത്തിക്കേണ്ട അവസ്ഥ വന്നു ചേരുമെന്നത് നിസ്തർക്കമാണ്.

പ്രധാന പ്രശ്നങ്ങൾ

1 കാലിത്തീറ്റ കുറഞ്ഞവിലക്ക് ലഭിക്കുന്നില്ല.

2 സങ്കരയിനം കന്നുകാലികൾക്ക് പ്രതിരോധ കുത്തിവെയ്പിനുള്ള സൗകര്യക്കുറവ്.

3 പശുക്കൾക്ക് ബീജസങ്കലനത്തിനുള്ള അസൗകര്യങ്ങൾ.

4 തീറ്റ പുല്ല്, ജലം എന്നിവയുടെ കുറവ്.

5 കോഴിവളർത്തലിന് സാങ്കേതിക സാമ്പത്തിക പരിജ്ഞാന കുറവ്, വൈദ്യുതിയുടെ അഭാവം.

6 മത്സ്യ വളർത്തലിന് കുളങ്ങളുടെ സംരക്ഷണ കുറവ്.

7 പേപ്പട്ടി ശല്യം.

8 12, 14 വാർഡുകളിലെ വന്യ മൃഗ ശല്യം.

9 സഹകരണ വിപണന രംഗത്തെ അപര്യാപ്തത.

10 ഇൻഷൂറൻസ് പദ്ധതിയിലെ ജനകീയതയില്ലായ്മ.

11 ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത.

12 അലങ്കാര പക്ഷികളുടെ ലഭ്യതകുറവ്

പരിഹാര നിർദ്ദേശങ്ങൾ

1 പാലിന്റെ വില ഉൽപാദന ചെലവുമായി പൊരുത്തപ്പെടുന്നതല്ല. ലാഭകരമായ വില ലഭിക്കുന്നതിനുള്ള നടപടി ഉണ്ടാവണം.

2 നല്ലയിനം കറവമാടുകളെ യഥേഷ്ടം ലഭിക്കുന്നതിനുള്ള വിപണിയായി ചുള്ളിയോട് കാലിച്ചന്ത പരിപോഷിപ്പിക്കുക.

3 കന്നുകാലികളെ ഇൻഷൂർ ചെയ്യുന്നതിനുള്ള തുകയുടെ 50% സബ്സിഡി നൽകുക.

4 നല്ലയിനം കോഴി, ആട് എന്നിവ കൃഷിക്കാർക്ക് എത്തിച്ചു കൊടുക്കുന്നതിന് സംവിധാനമുണ്ടാക്കുക.

5 സഹകരണ അടിസ്ഥാനത്തിൽ കോഴി, ആട്, മുയൽ, പന്നി എന്നിവയെ വളർത്തുന്ന കൃഷിക്കാരെ പ്രോൽസാഹിപ്പിക്കുന്നതിന് നടപടിയെടുക്കുക.

6 കാലിതീറ്റ, കോഴിതീറ്റ, മുതലായവ യഥേഷ്ടം ലഭ്യമാക്കുന്നതിന് നടപടിയെടുക്കുന്നതിനോടൊപ്പം ഗുണമേൻമ ഉറപ്പുവരുത്തുക.

7 വന്യമൃഗ ശല്യം തടയുന്നതിന് ഫല പ്രദമായി ട്രഞ്ച്, മതിൽ, വൈദ്യുത കമ്പിവേലി എന്നിവ സ്ഥാപിക്കുക.

8 അലങ്കാര പക്ഷികളെ വളർത്തുന്നതിനും വിൽപനക്കും ഉള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

മത്സ്യ ലഭ്യത

പൊതു ഉടമയിലോ - സഹകാര്യ ഉടമയിലോ കുളങ്ങളോ - തടാകങ്ങളോ നമ്മുടെ പഞ്ചായത്തിൽ ഇല്ല. പൊതു ഉടമയിലുള്ള ജല സംഭരണികളായി കോട്ടയിൽ ചിറ, കൈതക്കൊല്ലി ചിറ, ഗോവിന്ദമൂല ചിറ എന്നിവ വൃത്തിയാക്കി എടുത്താൽ ചെറിയ തോതിൽ മത്സ്യം വളർത്താൻ കഴിയുന്ന കുളങ്ങളാണ്. കൂടാതെ കുടിവെള്ളത്തിനും മറ്റും ഉപയോഗിക്കുന്ന വലിയ കിണറുകളിൽ പരിമിതമായ തോതിൽ മത്സ്യ കൃഷി നടത്താവുന്നതാണ്. എന്നാൽ അലങ്കാര മത്സ്യ കൃഷി നമ്മുടെ പഞ്ചായത്തിൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. അക്വേറിയങ്ങളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുക, അലങ്കാരമത്സ്യ കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് ഉള്ള സഹായം നൽകുക എന്നിവ ഉണ്ടായാൽ ആ മേഖലയിൽ പുരോഗതിയും വരുമാനവും ഉണ്ടാക്കാൻ കഴിയും.

5-3-വിദ്യാഭ്യാസം

ചീരാൽ, നെൻമേനി എന്നീ രണ്ടു വില്ലേജുകളും ഉൾക്കൊള്ളുന്ന വിശാലമായ നെൻമേനിപഞ്ചായത്തിന്റെ വിദ്യാഭ്യാസചരിത്രം തന്നെ ആരംഭിക്കുന്നത് കർഷക ജനതയുടെ കൂടിയേറ്റത്തോടെയാണ്. നിലത്തെഴുത്ത് ആശാൻ കളരിയാണ് വിദ്യാഭ്യാസ രംഗത്തെആദ്യ സംരംഭങ്ങളും. നിലത്തെഴുത്താശാൻ മാരോടൊപ്പം വിവിധ മത സ്ഥാപനങ്ങളും ഈ പ്രദേശത്തിന് നൽകിയ വിദ്യാഭ്യാസ സംഭാവനകളും പ്രത്യേകം സ്മരണീയമാണ്. സ്വാതന്ത്ര്യ സമ്പാദന കാലഘട്ടത്തിലാണ് ഈ പ്രദേശത്ത് ഔദ്യോഗിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉയർന്നു വന്നിട്ടുള്ളത്. ബാസൽ മിഷൻ സ്ഥാപിച്ചതും ഇപ്പോൾ പുൽപ്പള്ളിയിൽ പ്രവർത്തിക്കുന്നതുമായ പ്രൈമറിവിദ്യാലയമാണ് നെൻമേനി പഞ്ചായത്തിലെ ആദ്യത്തെ ഔദ്യോഗിക വിദ്യാലയം. ഏകാദ്ധ്യാപക വിദ്യാലയമായ ഹരിജൻ വെൽഫയർ ഡിപ്പാർട്ട്മെന്റ് സ്ഥാപിച്ചതും ഇപ്പോൾ ചുള്ളിയോട് പ്രവർത്തിക്കുന്ന ഗവ. എൽ. പി. സ്കൂളും കോളിയാടി ഓർത്തഡോക്സ് പള്ളി തുടങ്ങിവച്ചതും ഇപ്പോൾ കോളിയാടിയിൽ പ്രവർത്തിക്കുന്നതുമായ കോളിയാടി എ. യു. പി. സ്കൂളും ചെറുമാട് ഗവ: എൽ. പി, സ്കൂളും ചീരാൽ എ, യു പി, സ്കൂളും സ്വാതന്ത്ര്യ സമ്പാദനാനന്തരമുണ്ടായ നെൻമേനിയിൽ ഉയർന്നു വന്നവയാണ്. തുടർന്ന് 1980-ൽ ആണ് ആനപ്പാറ ഗവ: ഹൈസ്കൂളും 1969 ൽ ചീരാൽ ഗവ: മോഡൽ ഹൈസ്കൂളും സ്ഥാപിതമായത്. എങ്കിലും വളരെയേറെ ആദിവാസികളും താമസിക്കുന്ന നെൻമേനിയിൽ വിദ്യാഭ്യാസ മേഖല ഇന്നും പരാധീനതകളിൽ നിന്നും വിമുക്തമായിട്ടില്ല. 91 ലെ സാക്ഷരതാപ്രസ്ഥാനം ആദിവാസികളുടെഇടയിൽ അക്ഷര വ്യാപനത്തിന് ഒരു വൻ തുടക്കമായി എന്നത് എടുത്തുപറയേണ്ടതുണ്ട്. എന്നാൽആദിവാസി വിദ്യാർത്ഥികൾക്കായി ആനപ്പാറയിലുണ്ടായിരുന്ന പ്രീമെട്രിക് ട്രൈബൽ ഹോസ്റ്റൽ ഈ പഞ്ചായത്തിൽ നിന്നുതന്നെ എടുത്തുമാറ്റുകയും ചീരാൽ പ്രീമെട്രിക് ഹോസ്റ്റ (ഗേൾസ്) ലിന്റെ ഭൗതിക സാഹചര്യങ്ങൾ പരിമിതമായി നിൽക്കുകയും ചെയ്യുന്നസ്ഥിതിയാണിന്നുള്ളത്

നെൻമേനി പഞ്ചായത്തിൽ 21 പ്രൈമറി (അംഗണവാടി, ബാലവാടി, നഴ്സറിസ്കൂൾ എന്നിവ ഉൾപ്പെടെ) സ്ഥാപനങ്ങളും 7 ലോവർ പ്രൈമറി സ്കൂളുകളും 4 അപ്പർ പ്രൈമറി സ്കൂളുകളും 2 ഹൈസ്കൂളുകളുമാണുള്ളത്. സ്കൂളുകളുടെ വിശദാംശങ്ങൾ പട്ടിക 3 (1) ൽ കൊടുത്തിരിക്കുന്നു. ഇവക്ക് പുറമെ ആനപ്പാറ ഗവ: ഹൈസ്കൂളിനു സമീപവും ചീരാലിലും യഥാക്രമം ഒന്നും രണ്ടും ട്യൂട്ടോറിയൽ കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഒന്നുംതന്നെ ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നില്ല, കോളേജ് വിദ്യാഭ്യാസത്തിനായി സുൽത്താൻ ബത്തേരി സെൻറ് മേരീസ് കോളേജും സാങ്കേതിക വിദ്യാഭ്യാസത്തിനായി സുൽത്താൻ ബത്തേരിയിലെ രണ്ട് ടെക്നിക്കൽ ഹൈസ്കൂളുകളും മീനങ്ങാടി ഗവ: പോളിടെക്നിക്കും സുൽത്താൽ ബത്തേരിയിലുള്ള വിവിധ കമ്പ്യൂട്ടർ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുമാണ് നമ്മുടെ വിദ്യാർത്ഥികൾക്ക് എളുപ്പം ആശ്രയിക്കാവുന്നവ. അദ്ധ്യാപക പരിശീലനത്തിനായി സുൽത്താൻ ബത്തേരി DIET ഉം കണിയാമ്പറ്റ സെഷണൽ ബി എഡ് സെൻററും ജില്ലയിലുണ്ട്, കൂടുതൽ സാങ്കേതിക വിദ്യാഭ്യാസത്തിന് കാര്യമായ ഒരു സ്ഥാപനവും വയനാട് ജില്ലയിൽ തന്നെ ഇല്ലെന്നത് ഖേദകരമായ വസ്തുതയാണ്.

മുൻ പട്ടികയിൽ കൊടുത്തിട്ടുള്ള സ്കൂളുകളെ കൂടാതെ ചീരാലിലുംമലങ്കരയിലുമായി രണ്ട് അൺറെക്കഗ്നൈസ്ഡ് അൺ എയ്ഡഡ് സ്കൂളുകളും ഉണ്ട്. പട്ടിക 3 (2) ൽ നോക്കുക, കൂടാതെ സുൽത്താൻ ബത്തേരിയിലുള്ള ഗവ: സർവജന ഹൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ അസംപ്ഷൻ ഗേൾസ് ഹൈസ്കൂൾ സെൻറ് ജോസഫ് ഇംഗ്ലീഷ് ഹൈസ്കൂൾ ഭാരതീയ വിദ്യാകേന്ദ്രം, ഐഡിയൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ, മുട്ടിൽ വയനാട് മുസ്ലീം ഓർഫനേജ് ഇംഗ്ലീഷ് മീഡിയം സ്കൂൾ,

അമ്പലയയൽഗവ: ഹയർസെക്കണ്ടറിസ്ക്കൂൾ തമിഴ്നാട്ടിലെ എരുമാട് ഗവ: ഹയർസെക്കണ്ടറി സ്ക്കൂൾ, അമ്പലമൂല പി. യു പി. സ്ക്കൂൾ നെല്ലിമാട് ഗവ: ഹൈസ്ക്കൂൾ അമ്പലമൂല ഗവ: ഹൈസ്ക്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിലായി നമ്മുടെ പഞ്ചായത്തിൽനിന്ന് 1000 ത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്, ഇതിൽതന്നെ 30ൽ കൂടുതൽ കുട്ടികൾ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിലാണ് പഠിക്കുന്നത്. ആനപ്പാറയിൽ മന്ദബുദ്ധികളായ കുട്ടികൾക്കായി മേഴ്സിഹോം എന്നപേരിൽ ഒരു വിദ്യാലയം പ്രവർത്തിക്കുന്നുണ്ട്.

കഴിഞ്ഞ അഞ്ചു വർഷത്തെ കണക്ക് പരിശോധിച്ചാൽ പഞ്ചായത്തിലെ മിക്ക ഗവ: എയ്ഡഡ് സ്ക്കൂളുകളിലും കുട്ടികൾ കുറഞ്ഞുവരുന്നതായി കാണുന്നു. ജനന നിരക്കിലെ നേരിയ കുറവ് ഇംഗ്ലീഷ് മീഡിയം ഭ്രമം, ആദിവാസി മേഖലകളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക്, വാഹനസൗകര്യമുള്ള ടൗണിലെ സ്ക്കൂളുകളിലേക്കുള്ള തള്ളിക്കയറ്റം, ഗവ: സ്ക്കൂളുകളിലെ അധ്യാപക ക്ഷാമം, ഉപരിപഠനത്തിനുള്ള സ്ക്കൂളുകളുടെ അപര്യാപ്തത ഇവയൊക്കെ ഇതിനു കാരണമാണ്. തമിഴ്നാട്ടിലെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക ആനുകൂല്യങ്ങൾ വിദ്യാർത്ഥികളെ ആ പ്രദേശങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് ഒരു പ്രധാന കാരണമാണ്.

ഒന്നാം ക്ലാസിൽ പ്രവേശിക്കപ്പെടുന്ന ആദിവാസി വിദ്യാർത്ഥികളിൽ 80%വും ഹൈസ്ക്കൂൾ തലത്തിൽ എത്തിപ്പെടുന്നില്ല എന്നതും പ്രത്യേകം ഓർക്കേണ്ടതുണ്ട്. പട്ടിക 3 (3) കാണുക.

വിദ്യാലയ സർവേയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് അധ്യാപകരിൽ കൂടുതലും വനിതകളാണ് എന്നതാണ് (62.09%) ഇത് ചില സ്ക്കൂളുകളിലെങ്കിലും പാഠ്യേതര പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട് എന്നു കാണുന്നു പട്ടിക 3 (4) ലൈബ്രറി, മതിയായ ക്ലാസ്മുറികൾ, ലബോറട്ടറി, സ്റ്റാഫ് മുറി, പാചകമുറി, കളിസ്ഥലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവയും ഉള്ളവ വേണ്ടവിധം പ്രയോജനപ്പെടുത്താതിരിക്കുന്ന വിദ്യാലയങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട് മിക്ക സ്ക്കൂളുകളിലും ആവശ്യത്തിന് ദൃശ്യ ശ്രാവ്യ ഉപകരണങ്ങളോ, പഠനോപകരണങ്ങളോ ഇല്ലെന്നത് പഠനനിലവാരം പിന്നോട്ടു പോകുന്നതിന് കാരണമാണ്. മാളിക എൽ പി എസ്, അമ്പുകുത്തി എൽ പി എസ്, നമ്പ്യാർകുന്ന് എൽ പി എസ്, ചെറുമാട് എൽ പി എസ് തുടങ്ങിയവ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവയാണ്.

കഴിഞ്ഞ പാദവാർഷിക പരീക്ഷയുടെ മാർക്ക് അവലംബമാക്കുമ്പോൾ പഞ്ചായത്തിലെ സ്ക്കൂളുകളിൽ 35% കുട്ടികൾ 30 ശതമാനത്തിൽ കുറവ് മാർക്ക് വാങ്ങുന്നതായി കണക്കാക്കിയിരിക്കുന്നു. പട്ടിക 3(5) പ്രകാരം, ആനപ്പാറ ഹൈസ്ക്കൂളിലെ എസ് എസ് എൽ സി വിജയശതമാനവും വളരെ കുറവാണെന്നു കാണാം. പട്ടിക 3 (6)

നെൻമേനി പഞ്ചായത്തിൽ എൽ പി സ്ക്കൂളിലെത്താൻ 3 കിലോമീറ്ററും യു പി സ്ക്കൂളിലെത്താൻ 5 കിലോമീറ്ററും ഹൈസ്ക്കൂളിലെത്താൻ 9 കിലോമീറ്ററും (പരമാവധി ദൂരങ്ങൾ) കാൽനടയായോ വാഹനങ്ങളിലോ യാത്ര ചെയ്യേണ്ടി വരുന്നുണ്ട്. എസ് എസ് എൽ സി യ്ക്ക് ശേഷമുള്ള ഉപരിപഠനത്തിന് ശരാശരി 13 കി. മീ. യാത്ര ചെയ്യേണ്ടതുണ്ട്.

പ്രൈമറി ക്ലാസുകളിലെ നിരക്ഷരതയ്ക്ക് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത് ഒന്നാം ക്ലാസിൽ ചേർക്കപ്പെടുന്ന കുട്ടികളിൽ സാക്ഷരരും നിരക്ഷരരും ഉണ്ട് എന്നുള്ളതാണ്. തുടർന്നുള്ള ക്ലാസുകളിൽ ഈ അന്തരം കൂടിക്കൂടി വരികയാണ്, ഏകീകൃതമല്ലാത്തതും അശാസ്ത്രീയവുമായ പ്രീപ്രൈമറി വിദ്യാഭ്യാസ സമ്പ്രദായമാണ് മിക്കയിടങ്ങളിലുമുള്ളത്. 22 ഓളം പ്രീപ്രൈമറി വിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എങ്കിലും അടിസ്ഥാന സൗകര്യങ്ങളോ, കളിക്കോപ്പുകളോ, കളിമുറ്റമോ, അവശ്യം ഫർണിച്ചറുകളോ, പഠനോപകരണങ്ങളോ ഇല്ല. കൂടാതെ പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി രണ്ട് കിലോമീ

റെറോളം സഞ്ചരിക്കേണ്ട ദൂരവസ്ഥയും നമ്മുടെ പഞ്ചായത്തിലെ ചില പ്രദേശങ്ങളിലുണ്ട്.

നെൻമേനി വില്ലേജിൽ വിശേഷിച്ച് ആനപ്പാറ ഗവ: ഹൈസ്ക്കൂളിനു സമീപം അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥലത്ത് ട്രൈബൽ ഹോസ്റ്റൽ ആരംഭിക്കണമെന്നും ആവശ്യമുയർന്നിട്ടുണ്ട്. ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വികസനത്തിനു അത് ഏറെ സഹായകരമാകും എന്നു വിലയിരുത്തപ്പെടുന്നു. പഞ്ചായത്തിൽ തയ്യൽ, മരപ്പണി, ഓട്ടോ മെക്കാനിക്ക് തുടങ്ങിയ സ്വയംതൊഴിൽ സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സാദ്ധ്യതകളും വിനിയോഗിക്കാവുന്നതാണ്.

മഴക്കാലത്ത് പഞ്ചായത്തിലെ ചില റോഡുകളിലൂടെ യാത്ര ദുഷ്ക്കരമാകുന്നതിനാൽ ചില പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് ദിവസങ്ങളോളം സ്ക്കൂളിൽ ഹാജരാകാൻ കഴിയാതെ വരുന്നുണ്ട്. സ്ക്കൂൾ സമയത്തെങ്കിലും വാഹനസൗകര്യമുണ്ടാകുന്നത് കുട്ടികൾക്ക് കൃത്യമായി സ്ക്കൂളിലെത്തിച്ചേരുന്നതിന് കൂടുതൽ സഹായകരമാകും. വയോജനവിദ്യാഭ്യാസവും സാക്ഷരതാ പ്രവർത്തനവും പൂർവാധികം കാര്യക്ഷമമായി നമ്മുടെ പഞ്ചായത്തിൽ നടത്തേണ്ടതുണ്ട്. ആദിവാസികളിലെ പണിയ വിഭാഗത്തിൽ കൂടുതൽ നിരക്ഷരരുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

വിദ്യാഭ്യാസരംഗം നേരിടുന്ന പ്രശ്നങ്ങൾ

1. മിക്ക സ്ക്കൂളുകളുടെയും ഭൗതിക സാഹചര്യങ്ങളും തൃപ്തികരമല്ല. ആവശ്യത്തിനു കെട്ടിടങ്ങളും ഫർണിച്ചറും പഠനോപകരണങ്ങളും ഇല്ല, ക്ലാസ് മുറികളും സ്ക്രീൻ കൊണ്ടു പോലും തിരിക്കാതെ കിടക്കുന്നു.

2. പല സ്ക്കൂളുകളിലും തൃപ്തികരമായ കളിസ്ഥലമില്ല, ഉപയോഗയോഗ്യവും എന്നാൽ ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലവുമുണ്ട്.

3. മിക്ക സ്ക്കൂളുകളുടെയും വിദ്യാഭ്യാസ നിലവാരം തൃപ്തികരമല്ല. എസ് എസ് എൽ സി വിജയശതമാനം 75-ൽ താഴെയാണ്

4. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേയ്ക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു. തന്നിമിത്തം ചില സ്ക്കൂളുകളിലെയെങ്കിലും അധ്യാപകരുടെ ജോലി നഷ്ടപ്പെടാൻ ഇടയാകുന്നു

5. ഉന്നത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും ഏറെ ക്ലേശം അനുഭവപ്പെടുന്നു.

6. ആദിവാസി വിദ്യാർത്ഥികളിൽ ഏറിയ പങ്കും സ്ക്കൂളിൽ പോകാൻ വിമുഖത കാണിക്കുന്നു. ഭൂരിപക്ഷവും 7-ാം ക്ലാസോടെ പഠനം നിർത്തുന്നു.

7. ആദിവാസികളിൽ ഇപ്പോഴും ധാരാളം നിരക്ഷരർ ഉണ്ട്.

8. ആനപ്പാറ സ്ക്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം അവിടുത്തെ അധ്യയന നിലവാരത്തെ സാരമായി ബാധിക്കുന്നുണ്ട്. ഹൈസ്ക്കൂളിനോടു ചേർന്ന് എൽ പി വിഭാഗവും പ്രവർത്തിക്കുന്നതിനാൽ പ്രൈമറി രംഗം വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയുന്നില്ല.

9. മിക്ക ഗവ: സ്ക്കൂളുകളിലും പകുതി അധ്യയന വർഷവും അധ്യാപക ക്ഷാമം ഉണ്ടാകുന്നു. (സ്ഥിരം അധ്യാപകരുടെ കുറവ്)

10. മിക്ക സ്ക്കൂളുകളിലും പാഠപുസ്തകങ്ങളും ലഭിക്കുന്നതിനു ഏറെ കാലതാമസം അനുഭവപ്പെടുന്നു.

11. ആവശ്യത്തിനു പ്രീപ്രൈമറി വിദ്യാലയങ്ങളില്ല. ഉള്ളവയുടെ ഭൗതികപഠന ബോധന നിലവാരം തൃപ്തികരമല്ല.

12. അംഗൻവാടികളിലും ബാലവാടികളിലും കളിക്കോപ്പുകളോ കളിമുറ്റമോ പാനോപകരണങ്ങളോ ഇല്ല.

13. അനൗപചാരിക വിദ്യാഭ്യാസ പ്രവർ

ത്തനം നടക്കുന്നില്ല.

14. കലാഭ്യാസനത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല. കലാമേളകളിലും മറ്റും സ്കൂളുകൾക്കുമുന്നേറാനാവുന്നില്ല.

15. സ്കൂളുകളിലെ ലൈബ്രറികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

16. സാംസ്കാരിക കേന്ദ്രങ്ങളുടെ അപര്യാപ്തത ഉള്ളവയുടെ പ്രവർത്തന പോരായ്മയും തുടർ വിദ്യാഭ്യാസ പരിപാടിക്കും പൊതു വിജ്ഞാന സമ്പാദനത്തിനും ഭംഗം വരുത്തുന്നു,

17, മാടക്കര-കോൽക്കുഴി-ചീരാൽ, താഴത്തൂർ-പാടിയേരി, കോളിയാടി-ചെറുമാട്, ചീരാൽ ചെറുമാട്, നമ്പിക്കൊല്ലി-കൊമ്മാട്, കല്ലിക്കര - താഴത്തൂർ, കല്ലിക്കര- പുളിഞ്ചാൽ- കൊഴുവണ, കോളിയാടി, തൊവരിമല തുടങ്ങിയ റോഡുകളുടെ ദയനീയതമൂലം മഴക്കാലത്തുണ്ടാകുന്ന യാത്രാക്ലേശം അതാത് പ്രദേശങ്ങളിലെ കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു,

18. ആവശ്യമുള്ള കുട്ടികൾക്കെല്ലാം ഉച്ചഭക്ഷണം നൽകാൻ സാധിക്കുന്നില്ല.

19, പഞ്ചായത്തിന്റെ ഭൂമിശാസ്ത്ര പരിതസ്ഥിതിക്കനുസരിച്ച് ശാസ്ത്രീയമല്ലാത്ത അധ്യാപക വിദ്യാർത്ഥി അനുപാതം പുനർ നിർണ്ണയം നടത്താൻ കഴിയുന്നില്ല, 1:25 എന്നത് ഏറെ അനുപേക്ഷണീയമായി ചൂണ്ടിക്കാട്ടപ്പെടുന്നു.

20. ചില സ്കൂളുകളുടെ പിറന്നാൾ സജീവമല്ല,

21. മിക്ക സ്കൂളിലും മാതൃസമാജം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല,

22. കായിക പരിശീലനത്തിനുള്ള സൗകര്യക്കുറവും സ്കൂളുകളിൽ കായികപരിശീലനത്തിനുള്ള അധ്യാപക കുഷാമവും കായിക വിദ്യാഭ്യാസത്തിന് തടസമാകുന്നുണ്ട്.

23. കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള മിനി സ്റ്റേഡിയം വർഷത്തിൽ കേവലം 2 മാസമേ ഉപയോഗിക്കാൻ സാധിക്കുന്നുള്ളൂ.

24. കോളിയാടി അംഗനവാടിക്ക് സമീപമുള്ള ചിൽഡ്രൻസ് പാർക്ക് ഉപയോഗശൂന്യമായി കിടക്കുന്നു,

25. ദൂരസ്ഥലത്തുനിന്നും വന്ന് ജോലി ചെയ്യുന്ന അധ്യാപകർക്ക് വിശേഷിച്ച് അധ്യാപികമാർക്ക് മതിയായ താമസ സൗകര്യങ്ങൾ ഒരു സ്കൂളിനോടും ചേർന്നും ഇല്ല,

26. ഒരു സ്കൂളിനും ചുറ്റുമതിലോ ഉദ്യാനങ്ങളോ ഇല്ല.

27. അധ്യാപക പരിശീലനത്തിലെ ഗുണനിലവാരമില്ലായ്മ

28. പഴഞ്ചൻ ബോധന രീതികൾ

29. മോണിറ്ററിങ്ങിന്റെ അപര്യാപ്തതകൾ

30. പാരാ അക്കാദമീക പ്രവർത്തനങ്ങളോടുള്ള അലംഭാവം

31. വീടുകളിലെ പഠനസാഹചര്യത്തിലെ പരിമിതികൾ

32. സാമൂഹ്യമായ പിന്നോക്കാവസ്ഥ

33. വിദ്യാഭ്യാസവും ജീവിതവും തമ്മിലുള്ള അകൽച്ച

34. മൽസര പരീക്ഷകളെമാത്രം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസരീതി

35. വിദ്യാഭ്യാസത്തെ സംബന്ധിച്ച് രക്ഷാ

കർത്താക്കന്മാർക്കിടയിലും സമൂഹത്തിൽ പൊതുവെയും വ്യാപിച്ചിട്ടുള്ള തെറ്റായ ധാരണകളും

36. കേന്ദ്രീകൃതാസൂത്രണസംവിധാനങ്ങളും

37. പ്രാദേശിക സമൂഹത്തിനു വിദ്യാഭ്യാസകാര്യങ്ങളിൽ ഇടപെടാനുള്ള അവസരമില്ലായ്മ

പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

1. എല്ലാ സ്കൂളുകളിലും ആവശ്യത്തിനു ഫർണ്ണിച്ചറുകളും പഠനോപകരണങ്ങളും ലഭ്യമാക്കണം.

2. വ്യത്യസ്ത ക്ലാസ്മുറികളും ഇല്ലാതെ ഹാൾ മാത്രമായിട്ടുള്ള സ്കൂളുകളിൽ സെപ്പറേഷൻ ഹാൾ നിർമ്മിക്കുകയോ, സ്ക്രീൻ കൊണ്ടെങ്കിലും ക്ലാസ്മുറികൾ വേർതിരിക്കുകയോ അടിയന്തിരമായി ചെയ്യണം. കെട്ടിടമില്ലാത്തവർക്കു് ഉടൻകെട്ടിടം നിർമ്മിക്കുക

3. എല്ലാ സ്കൂളിലും കളിസ്ഥലമുണ്ടാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കണം. ഉപയോഗിക്കാതെ കിടക്കുന്ന സ്കൂളുകളുടെ ഭൂമി അതിനായി ഉപയോഗിക്കണം. കളിസ്ഥലത്തിനു് ഭൂമിയില്ല, സ്കൂളുകൾക്കു് ഭൂമി ലഭ്യമാക്കണം.

4. എല്ലാ വിദ്യാലയങ്ങളിലും അധ്യയനവർഷാരംഭത്തിനു് മുമ്പുതന്നെ അധ്യാപക നിയമനം നടത്തുകയും പാഠപുസ്തകങ്ങൾ വെക്കേഷൻ കാലത്തുതന്നെ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യണം.

5. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളെ കർശനമായി നിയന്ത്രിക്കണം.

6. പിരാൽ, ആനപ്പാറ ഗവൺമെൻറ് ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറി നിലവാരത്തിലേക്കും കോളിയാടി യു പി ഹൈസ്കൂളും ഹയർസെക്കണ്ടറിയുമായി ഉയർത്തുക.

7 2-ാം വാർഡിനെറയും അതിർത്തിയായ മാടക്കരയിലും 1-ാം വാർഡിലെ ചാമ്പളയിലും 3-ാം വാർഡിലെ പാടിപ്പറമ്പിലും 4-ാം വാർഡിലെ എടയ്ക്കലും എൽ പി സ്കൂളുകൾ ആരംഭിക്കുക.

8. സാമ്പത്തികമായി തീരെ ദരിദ്രമായ സാഹചര്യങ്ങളിൽ നിന്നു വരുന്ന വിദ്യാർത്ഥികൾക്കായി അംബേദ്കർ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പിരാൽ വില്ലേജിലും നെൻമേനി വില്ലേജിലും ആരംഭിക്കുക. ഇവിടുത്തെ അഡ്മിഷൻ മാർക്കോ പ്രവേശന പരീക്ഷയോ മാനദണ്ഡമാക്കരുത്.

9. ആദിവാസി കോളനികളിൽ ജനകീയ പരിപാടിയായി സാക്ഷരതാ പ്രവർത്തനം നടത്തുക. അതിനായി വാർഡുതല സാക്ഷരതാ സമിതികളും ജനവിദ്യാകേന്ദ്രങ്ങളും സംഘടിപ്പിക്കുക.

10. ആനപ്പാറ സ്കൂളിൽ നിന്നും പ്രൈമറി വിഭാഗം വേർപ്പെടുത്തുകയും ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുകയും ചെയ്യുക

11. മാടക്കര, പാലാക്കുനി, പാടിപറമ്പ്, ഗോവിന്ദമൂല, മഞ്ഞാടി, റാട്ടക്കുണ്ട്, ആരിമാനി, മാക്കുറ്റി, ചെറുമാട്, നൂലക്കുന്ന്, പുത്തൻകുന്ന്, പുളിഞ്ചാൽ, കായൽകുന്ന് വെണ്ടോൽ, കരിങ്കാളി, പുളക്കുണ്ട്, മുത്താച്ചിക്കുനി, കുന്താണി, ആനപ്പാറ എന്നിവിടങ്ങളിൽ പ്രീ പ്രൈമറി വിദ്യാലയങ്ങളും ആരംഭിക്കുക. നിലവിലുള്ളവയിൽ കളിക്കോപ്പുകളും പഠനോപകരണങ്ങളും ഫർണീച്ചറും കെട്ടിടവും ലഭ്യമാക്കുകയും ചെയ്യുക.

12. യു. പി. സ്കൂളിലെങ്കിലും കായികാധ്യാപകരെയും കലാധ്യാപനത്തിനു സ്പെഷൽ അധ്യാപകരെയും നിയമിക്കുക.

13. സ്കൂളും ലൈബ്രറികളിൽ കൂടുതൽ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുകയും വായനാമുറി സ്ഥാപിക്കുകയും ചെയ്യുക. വിദ്യാർത്ഥികൾ ഇവ ഉപയോഗിക്കുന്നു എന്നുറപ്പുവരു

ത്തുക.

14 വാർഡിൽ ഒന്ന് എന്ന നിലയിൽ ഓരോ വാർഡിലും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുകയും പുസ്തകങ്ങളും പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുകയും ചെയ്യുക.

15 സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി ഏറ്റെടുക്കുകയും ആവശ്യക്കാരായ മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകുകയും ചെയ്യുക.

16 അധ്യാപക വിദ്യാർത്ഥി അനുപാതം 1:25 ആക്കുക

17 എല്ലാ സ്കൂളുകളിലും പി. ടി. എ. മാതൃസംഘം എന്നിവ സജീവമായി സംഘടിപ്പിക്കുക

18 പഞ്ചായത്ത് തലത്തിലും സ്കൂൾതല തലത്തിലും അധ്യാപകർ രക്ഷാകർത്താക്കൾ ജനപ്രതിനിധികൾ, വിദ്യാലയ അഭ്യുദയകാംക്ഷികൾ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് വിദ്യാലയ വികസന സമിതികൾ രൂപീകരിക്കുക.

19 പ്രാഥമിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പുരുഷ അദ്ധ്യാപകരുടെ എണ്ണം സ്കൂളുകളിൽ വർദ്ധിപ്പിക്കുക.

20 കലാമേള, ശാസ്ത്രമേള, കായികമേള തുടങ്ങിയവ സ്കൂളുകളിൽ കാര്യക്ഷമമായി സംഘടിപ്പിക്കുന്നതിന് സഹായ ധനം നൽകുക.

21 പഞ്ചായത്ത് മിനി സ്റ്റേഡിയം മണ്ണിട്ട് ഉയർത്തി എക്കാലത്തും ഉപയോഗിക്കുന്നതിന് യോഗ്യമാക്കുക.

22 പഞ്ചായത്തിന് സമീപമുള്ള ചിൽഡ്രൻസ് പാർക്ക് പുനരുദ്ധരിക്കുക.

23 വിദൂര സ്ഥലങ്ങളിൽ നിന്നും വന്ന് ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് വിശേഷിച്ച് അദ്ധ്യാപികമാർക്ക് സ്കൂളിനു സമീപത്തുതന്നെ താമസിക്കുന്നതിന് (ക്വാർട്ടേഴ്സ് അല്ലെങ്കിൽ ഹോസ്റ്റൽ സംവിധാനം ഏർപ്പെടുത്തുക.

24 സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കുകയും സ്കൂളുകളിൽ പൂന്തോട്ട നിർമ്മാണത്തിന് പ്രോത്സാഹനം നൽകുകയും ചെയ്യുക. നേച്ചർ ക്ലബ്ബുകൾ സ്ഥാപിച്ച് പ്രകൃതിപഠനം പ്രോൽസാഹിപ്പിക്കുക.

25 അധ്യാപകർക്ക് കാലകാലങ്ങളിൽ നൂതന അധ്യാപന രീതികൾ സ്വായത്തമാക്കുന്നതിനുള്ള പഠന ശിബിരങ്ങൾ സംഘടിപ്പിക്കുക.

26 യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ പരിശീലനം ലഭിക്കുന്ന ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുക.

27 സ്കൂളുകളിൽ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വാങ്ങുന്നതിനും ആവശ്യമായ ധനസഹായവും സാങ്കേതിക സഹായവും ചെയ്യുക.

28 ജാതി മത പരിഗണനകൾക്കതീതമായി അർഹരായ മുഴുവൻ കുട്ടികൾക്കും ഉന്നത പഠനത്തിന് സ്കോളർഷിപ്പും ഉന്നതവിജയത്തിന് പുരസ്കാരങ്ങളും ഏർപ്പെടുത്തുക.

29 ദിനാചരണങ്ങൾക്കും ദേശീയാഘോഷങ്ങൾക്കും ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ചെയ്തു കൊടുക്കുകയും ചർച്ചാസമ്മേളനങ്ങളും സിംപോസിയങ്ങളും സംഘടിപ്പിക്കുകയും ചെയ്യുക.

30 കുട്ടികൾക്ക് വിദ്യാലയങ്ങളിൽ എത്തിപ്പെടാൻ തക്ക രീതിയിൽ ആവശ്യമായ കലിങ്കുകളും ചെറുപാലങ്ങളും നിർമ്മിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ മണ്ണിട്ട് ഉയർത്തുകയും ചെയ്ത് താഴെപ്പറയുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടതാണ്.

(a) മാടക്കര–കോൽക്കുഴി–ചീരാൽ (b) താഴത്തൂർ–പാടിയേരി (c) കോളിയാടി–ചെറുമാട് (d) ചീരാൽ–ചെറുമാട് (e) ചെറുമാട്–നമ്പിക്കൊല്ലി (f) കൊമ്മാട്–കല്ലിൻകര–താഴത്തൂർ (g) കല്ലിൻകര–പുളിഞ്ചാൽ–കൊഴുവണ (h) കോളിയാടി–തൊവരിമല.

പട്ടിക 5-3 എ

സ്കൂൾ ഭൗതിക സാഹചര്യങ്ങളെ സംബന്ധിച്ച വിവരം.

നമ്പർ	വിദ്യാലയത്തിന്റെ പേര്	സ്ഥിരംക്ലാസ്മുറി		സ്റ്റാഫ് റൂം	ലബോറട്ടറി	ലൈബ്രറി	ഇലക്ട്രിഫിക്കേഷൻ	കമ്പ്യൂട്ടർ	പാചകമുറി	വൈദ്യുതി	കളിസ്ഥലം	കിണർ (കുടിവെള്ളം)	ആകെ സ്ഥലവിസ്തീർണ്ണം (ഏക്കർ)	ഓഫീസ് മുറി ഉണ്ടോ
		ഉള്ളത്	ആവശ്യം											
1	ജി എം എച്ച് എസ് ചിറാൽ	11	23	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	5.51	ഉണ്ട്
2	ജി എച്ച് എസ് ആനപ്പാറ	11	22	,,	,,	,,	,,	,,	ഉണ്ട്	ഇല്ല	,,	,,	7.92	,,
3	എ യു പി എസ് ചിറാൽ	30	30	ഇല്ല	,,	,,	,,	,,	താല്ലാലികം	,,	,,	,,	3.23	,,
4	ജി യു പി എസ് കല്ലിങ്കര	2	10	ഇല്ല	ഇല്ല	ഇല്ല	,,	,,	,,	,,	,,	,,	5.00	പ്രത്യേകം ഇല്ല
5	സെൻറ് ആൻറണി U P S പഴൂർ	15	17	ഉണ്ട്	,,	ഉണ്ട്	,,	,,	ഉണ്ട്	ഉണ്ട്	,,	,,	2.00	ഉണ്ട്
6	എ യു പി എസ് കോളിയാടി	25	2	,,	,,	ഉണ്ട്	,,	,,	ഉണ്ട്	ഇല്ല	,,	,,	3.50	,,
7	ജി എൽ പി എസ് അമ്പുകത്തി	1	5	,,	,,	ഇല്ല	,,	,,	,,	,,	,,	ഇല്ല	2.36	,,
8	ജി എൽ പി എസ് നമ്പ്യാർകുന്ന്	6	1	,,	,,	ഉണ്ട്	,,	,,	,,	,,	,,	ഇല്ല	5.62	,,
9	എ എൽ പി എസ് പുത്തൻകുന്ന്	13	-	ഇല്ല	,,	ഇല്ല	,,	,,	,,	ഉണ്ട്	,,	ഉണ്ട്	2.00	,,
10	ജി എൽ പി എസ് ചുള്ളിയോട്	5	1	ഇല്ല	,,	ഉണ്ട്	,,	,,	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	1.18	,,
11	ജി എൽ പി എസ് കന്താണി	4	2	,,	,,	ഇല്ല	,,	,,	ഉണ്ട്	ഉണ്ട്	,,	ഉണ്ട്	1.48	,,
12	ജി എൽ പി എസ് ചെറുമാട്	5	-	,,	,,	ഉണ്ട്	ഇല്ല	ഇല്ല	,,	ഇല്ല	,,	ഇല്ല	1.25	,,
13	ജി എൽ പി എസ് മാളിക	5	2	,,	,,	ഇല്ല	ഉണ്ട്	,,	,,	,,	,,	ഇല്ല	2.50	,,

പട്ടിക 5–3 ബി

അൺഎയ്ഡഡ് സ്ക്കൂളിനെ സംബന്ധിച്ച വിവരം.

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	അധ്യാപകരുടെ എണ്ണം			വിദ്യാർത്ഥികളുടെ എണ്ണം			കളിസ്ഥലം ഉണ്ടോ	ഒരുകുട്ടിനൽകുന്ന പ്രതിമാസ ഫീസ്	മാനേജ്മെന്റ്
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ			
1	എസ്. ഡി. എ. ഇംഗ്ലീഷ് മീഡിയം യു. പി. എസ്.	2	7	9	32	28	60	ഉണ്ട്	40.00	S. D. A. തൃശൂർ
2	ശാന്തി നേഴ്സറി & എൽ. പി സ്ക്കൂൾ	—	6	6	29	31	60	ഇല്ല	40.00	St. മെരീസ് ചർച്ച്
	ആകെ	2	13	15	61	59	120			

പട്ടിക 3-5 സി

1991-95 കാലയളവിൽ പഠനം അവസാനിപ്പിച്ച കുട്ടികൾ.

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	SC/ST കുട്ടികൾ			മറ്റുള്ളവർ			ആകെ
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	ജി എം എച്ച് എസ് ചീരാൽ	10	10	20	45	25	70	90
2	ജി എച്ച് എസ് ആനപ്പാറ	17	10	27	14	15	29	56
3	എ യു പി എസ് ചീരാൽ	46	59	105	103	70	173	278
4	ജി യു പി എസ് കല്ലിങ്കര	5	3	8	4	3	7	15
5	സെൻറ് ആൻറണി യു പി എസ് പഴൂർ	10	10	20	20	15	35	55
6	എ യു പി എസ് കോളിയാടി	8	4	12	5	4	9	21
7	ജി എൽ പി എസ് അമ്പുകുത്തി	3	5	8	2	4	6	14
8	ജി എൽ പി എസ് നമ്പ്യാർകുന്ന്	5	4	9	2	1	3	12
9	എ എൽ പി എസ് പുത്തൻകുന്ന്	15	11	26	11	12	23	49
10	ജി എൽ പി എസ് ചുള്ളിയോട്	4	2	6	3	3	6	12
11	ജി എൽ പി എസ് കുന്താണി	2	1	3	1	-	1	4
12	ജി എൽ പി എസ് ചെറുമാട്	15	5	20	5	5	10	30
13	ജി എൽ പി എസ് മാളിക	5	4	9	3	2	5	14
	ആകെ	145	128	273	218	159	377	650

പട്ടിക 5-3 ഡി

വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും എണ്ണം

നമ്പർ	വിദ്യാലയത്തിന്റെ പേര്	കുട്ടികളുടെ ആകെ എണ്ണം			SC/ST കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം			കുട്ടികളുടെ എണ്ണം	ദീഘ്കാല അവധി	സ്കൂൾ മാനേജ്മെന്റ്
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ			
1	ജി എം എച്ച് എസ് ചിരാൽ	468	523	991	60	86	146	18	20	38	1	1	ഗവൺമെൻറ്
2	ജി എച്ച് എസ് ആനപ്പാറ	815	780	1595	159	164	323	18	23	41	3	1	,,
3	എ യു പി എസ് ചിരാൽ	571	611	1182	133	171	304	10	24	34	-	2	ചെട്ടി സമുദായത്തെ പ്രതിനിധീകരിക്കുന്ന കമ്മറ്റി
4	ജി യു പി എസ് കല്ലിങ്കര	174	164	338	21	22	43	2	7	9	1	1	ഗവ: മാനന്തവാടി R C
5	സെൻറ് ആൻറണി U P S പഴൂർ	311	311	622	66	77	143	4	15	19	-	-	കോർപ്പറേറ് ബത്തേരി MC
6	എ യു പി എസ് കോളിയാടി	438	408	846	148	128	376	10	18	28	-	-	കോർപ്പറേറ്
7	ജി എൽ പി എസ് അമ്പുകുത്തി	57	63	120	11	17	28	1	3	4	-	-	ഗവ:
8	ജി എൽ പി എസ് നമ്പ്യാർകുന്ന്	69	56	125	1	1	2	2	2	4	-	-	,,
9	എ എൽ പി എസ് പുത്തൻകുന്ന്	156	190	346	66	65	131	3	8	11	-	-	ബത്തേരി MC കോർപ്പറേറ്
10	ജി എൽ പി എസ് ചുള്ളിയോട്	89	58	147	17	3	20	2	3	5	-	-	ഗവൺമെൻറ്
11	ജി എൽ പി എസ് കൃഷ്ണഗിരി	142	119	261	44	37	81	3	6	9	-	-	,,
12	ജി എൽ പി എസ് ചെറുമാട്	52	65	117	26	28	54	4	-	4	-	-	,,
13	ജി എൽ പി എസ് മാളിക	90	99	189	12	12	24	3	2	5	-	-	,,
	ആകെ	3432	3447	6879	764	711	1475	80	131	211	5	5	,,

പട്ടിക 5-3 ഇ

കുട്ടികളുടെ പൊതു അധ്യയന നിലവാരം [1996 - 97 പാദവാർഷിക പരീക്ഷ]

ക്രമ നമ്പർ	ക്ലാസ്സ്	ആകെ കുട്ടികളുടെ എണ്ണം	30%നത്തിൽതാഴെ മാർക്ക് ലഭിച്ചവർ	30%നും 40% നും ഇടയ്ക്ക് മാർക്ക് ലഭിച്ചവർ	40%നും50%നും ഇടയ്ക്ക് മാർക്ക് ലഭിച്ചവർ	50%നും 60%നും ഇടയ്ക്ക് മാർക്ക് ലഭിച്ചവർ	60%ന് മുകളിൽ മാർക്ക് ലഭിച്ചവർ
1	111	800	200	201	112	122	165
2	IV	799	195	167	118	126	193
3	V	684	230	182	111	79	82
4	VI	677	210	230	110	64	63
5	VII	735	205	218	135	85	92
6	VIII	690	357	130	53	24	26
7	IX	549	277	99	69	75	29
8	X	476	198	101	33	24	20
ആകെ എണ്ണം		5410	1872	1328	741	599	670

പട്ടിക 5-3 എഫ്

എസ്. എസ്. എൽ. സി. വിജയശതമാനം

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	91-92	വർഷം 92-93	93-94	94-95	95-96
1	ഗവ: മോഡൽ ഹൈസ്ക്കൂൾ ചീരാൽ	39.7%	54.1%	41.2%	33.46%	35.77%
2	ഗവ: ഹൈസ്ക്കൂൾ ആനപ്പാറ	25%	22%	21%	19%	18%

ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

5–4

ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം ഇവ ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്നു.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള വീടുകം 8675 ആണ്. ജനസംഖ്യ 37045
പുരുഷൻമാർ 18448
സ്ത്രീകം 18597
കുട്ടികം 5195 14.2%
ആദിവാസി കുടുംബങ്ങളുടെ എണ്ണം 1533
അവരുടെ ജനസംഖ്യ 6181

ഉദ്ദേശം 55% ജനങ്ങൾക്ക് സ്വന്തമായി കിണറുണ്ട്. ശേഷിച്ചവർ അയൽ വീടുകളിൽനിന്നും പൊതുടാപ്പിൽനിന്നും മറ്റുമായി കുടിവെള്ളം ശേഖരിക്കുന്നു. കുടിവെള്ളം ശേഖരിക്കുന്നതിനു വേണ്ടി ബഹുദൂരം സഞ്ചരിക്കേണ്ടിവരുന്നവരുടെ എണ്ണവും കുറവല്ല. നെൻമേനി ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പ് ലൈൻ മിക്കവാറും പ്രദേശങ്ങളിൽ എത്തിയിട്ടുണ്ട്. പാട്ടത്ത്, പള്ളിക്കുന്ന്, അമരമ്പം, എടക്കൽ, ചുള്ളിയോട്, കൈലാസംകുന്ന്, തവനി എന്നിവിടങ്ങളിൽ ശുദ്ധജല പദ്ധതികം ഉണ്ട്. ഉദ്ദേശം 40% വീടുകൾക്കേ ഉപയോഗയോഗ്യമായ കക്കൂസുകം ഉള്ളൂ. പൊതു കക്കൂസുകളും മൂത്രപ്പുരകളും ഇല്ലെന്നുതന്നെ പറയാം.

ആരോഗ്യ രംഗത്ത് ചീരാൽ, ചുള്ളിയോട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, നമ്പ്യാർകുന്ന്, താഴത്തൂർ, മുണ്ടക്കൊല്ലി, കോളിയാടി, പുത്തൻകുന്ന്, കരടിപ്പാറ, അമ്പുകുത്തി, പാടിപറമ്പ് എന്നീ സബ്സെൻററുകളും നാമമാത്രമായ ചില സ്വകാര്യ ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. ചുള്ളിയോട് ഒരു സർക്കാർ ഹോമിയോ ഡിസ്പൻസറി ഉണ്ട്. കുടുംബക്ഷേമ പദ്ധതിയുടെ കീഴിൽ വരുന്ന 75%ത്തോളം ദമ്പതികളും സ്ഥിരമായ സന്താനനിയന്ത്രണ മാർഗ്ഗങ്ങം സ്വീകരിച്ചവരാണെന്ന് സ്ഥിതി വിവരക്കണക്കുകം കാണിക്കുന്നു.

പ്രശ്നങ്ങൾ

ആരോഗ്യ രംഗത്തെ പ്രശ്നങ്ങം ആദ്യം വിശകലനം ചെയ്യാം. മേൽപ്പറഞ്ഞ ആതുരശുശ്രൂഷാകേന്ദ്രങ്ങളിൽനിന്നുള്ള സേവനം അപര്യാപ്തമാണ്. ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വേണ്ടരീതിയിൽ രോഗപ്രതിരോധ മാർഗ്ഗങ്ങം സ്വീകരിക്കാൻ വേണ്ടത്ര സംവിധാനമില്ല. വിദഗ്ദചികിൽസാ സൗകര്യമുള്ള ആശുപത്രി ഇല്ല. ആശുപത്രിയിൽ ഐ. പി. സൗകര്യമില്ല. ഉള്ളത് പ്രവർത്തിക്കുന്നില്ല. വേണ്ടത്ര മരുന്നുകളോ പരിശോധനാ സംവിധാനങ്ങളോ ഇല്ല. ആയൂർവ്വേദ ചികിൽസാ സൗകര്യം പഞ്ചായത്തിൽ ഒരിടത്തും ലഭ്യമല്ല. ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങം ശോചനീയമാണ്.

ശുദ്ധജലത്തിനായി എല്ലാ വാർഡുകളിൽ നിന്നും മുറവിളി ഉയരുന്നുണ്ട്. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും കേണികളും, കിണറുകളും ഉപയോഗയോഗ്യമല്ലാതെ ഉണ്ട്. നെൻമേനി പദ്ധതിയുടെ പൈപ്പ് ലൈൻ മേൻമ കുറഞ്ഞവയാണ്. ജലവിതരണം കാര്യക്ഷമമല്ല.

പരിസര ശുചിത്വം പാലിക്കുന്നതിനുള്ള സംവിധാനങ്ങം ഒന്നുംതന്നെയില്ല. അഴുക്കുചാലുകളോ മാലിന്യം നിക്കം ചെയ്ത് സംസ്ക്കരിക്കുന്നതിനുള്ള സംവിധാനമോ ഇല്ല. ശാസ്ത്രീയമായ ജല ശുദ്ധീകരണം, മെഡിക്കൽ പരിശോധന തുടങ്ങിയവ വേണ്ട രീതിയിൽ നടക്കുന്നില്ല. ആദിവാസി കോളനികളിൽ വ്യാപകമായി ചൊറി, ചിരങ്ങ്, മഞ്ഞപ്പിത്തം, ക്ഷയം, സിക്കിം സെൽ അനീമിയ, പോഷകാഹാരക്കുറവ് എന്നിവ അനുഭവപ്പെടുന്നു.

പരിഹാര നിർദ്ദേശങ്ങൾ–കുടിവെള്ളം

അമ്പുകുത്തി, നമ്പ്യാർകുന്ന്, ആനപ്പാറ, മാളിക എന്നീ വിദ്യാലയങ്ങളിലെ ശുദ്ധജല പ്രശ്നം പരിഹരിക്കണം. ഓരോ വാർഡിൽനിന്നും ശരാശരി മൂന്നുവീതം കിണറുകൾക്കെങ്കിലും ആവശ്യമുയർന്നുവന്നിട്ടുണ്ട്. മുൻഗണന നൽകി ഓരോ വാർഡിലും ആവശ്യാനുസരണം

കിണറുകൾ നിർമ്മിക്കണം. കോളിമൂല ആദിവാസി കോളനി, തൊവരിമല, കാലിപ്പറമ്പ്, മാളിക സ്കൂൾ, മലവയൽ, അമ്പലപടിക്കൽ, പാലാക്കുനി, വണ്ണത്തറ, ചെറുമാട് അമ്പലത്തിനുതാഴെ, അഞ്ചാംമൈൽ, മണ്ടോക്കര പണിയകോളനി, മാവാടി, കുളിപ്പുര, പാടിപറമ്പ്കോളനി, കുനിപ്പുര, താളൂർ, മുയൽവയൽ, മുണ്ടക്കൊല്ലി നായ്ക്ക കോളനി, ആലിൻചുവട്, കഴമ്പ് കുറുമ കോളനി പാമ്പംകുനി കോളനി, കരിവളം ചമയംകുന്ന് കോളനി, അത്തിയൂർ കോളനി, പാടിയേരിക്കുന്ന് എന്നിവയും പരിഗണിക്കാവുന്ന സ്ഥലങ്ങളാണ്.

ഉയർന്ന പ്രദേശങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുന്ന ശുദ്ധജല പദ്ധതികൾ നടപ്പിലാക്കുക. കരടിപ്പാറ കാവി, മലങ്കരക്കുന്ന്, അമ്പുകുത്തി, പൊൻമുടിക്കോട്ട, കുപ്പക്കൊല്ലി, മലങ്കരവയൽ, കൊല്ലിവയൽ, അമരമ്പം, കണ്ടർമല, വല്ലത്തൂർകുന്ന് തുടങ്ങിയവ പ്രഥമ പരിഗണന അർഹിക്കുന്നു. തൊവരിമല പദ്ധതി കാര്യക്ഷമമാക്കുകയും ആനപ്പാറ പാലം പദ്ധതി അടിയന്തിരമായി പരിഗണിക്കുകയും വേണം.

നിലവിലുള്ള എല്ലാ കുഴൽ കിണറുകളും കേണികളും കേടുപാടുകൾ തീർക്കുക. നെൻമേനി ശുദ്ധജല പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, വികസിപ്പിക്കുക.

പൊതുജന ആരോഗ്യം

നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. ചീരാൽ പ്രൈമറി ഹെൽത്ത് സെൻററിൽ I. P. വിഭാഗം പുനരാരംഭിക്കുക., പത്തു വർഷത്തോളമായി പണിപൂർത്തിയായി കിടക്കുന്ന പുരുഷ വാർഡ് തുറന്ന് കൊടുക്കണം. ഈ ആശുപത്രിയിൽ എക്സ്റേ, ഇ. സി. ജി. ലബോറട്ടറി സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുക. ഇവിടെ ഗൈനക്കോളജിസ്റ്റിനെ നിർബന്ധമായും നിയമിക്കുക, ആംബുലൻസ് സൗകര്യം 24 മണിക്കൂറും ലഭ്യമാക്കുക. മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുക.

മലവയൽ, ചീരാൽ, ചെറുമാട്, എന്നിവിടങ്ങളിൽ ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. കോളിയാടി ഹെൽത്ത് സെൻറർ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യവും പരിഗണനാർഹമാണ്. എല്ലാ വാർഡുകളിലും ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശനവും സർവ്വെയും മറ്റും കാര്യക്ഷമമാക്കുക. അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ഗർഭിണികളുടേയും കാര്യങ്ങൾക്കൊപ്പം വൃദ്ധൻമാരുടേയും നിത്യ രോഗികൾ, അഗതികൾ, വികലാംഗർ തുടങ്ങിയവരുടേയും കാര്യങ്ങളിലും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. മെഡിക്കൽ ക്യാമ്പുകൾ, രക്ത പരിശോധനാ പരിപാടികൾ ആരോഗ്യ സെമിനാറുകൾ എന്നിവ സമയ ബന്ധിതമായി സംഘടിപ്പിക്കണം. ഒരോ വാർഡുകളിലും രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പുകൾ നടത്തി പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കണം. കൂടുതൽ ആവശ്യമായി വരുന്ന മരുന്നുകളും ജീവൻ രക്ഷാ ഔഷധങ്ങളും ആശുപത്രികളിൽ ലഭ്യമാക്കണം. I. P. സെൻറുകളുടേയും F. W. സെൻറുകളുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന് എല്ലാ ഗ്രാമസഭകളിൽനിന്നും പരാതികൾ ഉയർന്നിട്ടുണ്ട്. ഇവ ഗൗരവമായി പരിഗണിച്ച് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തണം. സ്കൂൾ ആരോഗ്യ പരിപാടി കുറ്റമറ്റതാക്കണം. പ്രതിരോധകുത്തിവയ്പ്പുകളും വൈദ്യ പരിശോധനകളും വേണ്ടരീതിയിൽ നടത്തുകയും രോഗികളായ വിദ്യാർത്ഥികളെ തുടർ ചികിൽസാ നടപടികൾക്ക് സഹായിക്കുകയും വേണം.

പരിസര ശുചിത്വം

ഇക്കാര്യത്തിൽ പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് ആദിവാസികൾക്ക് വേണ്ടത്ര അവബോധം കൈവന്നിട്ടില്ല. ബോധവൽക്കരണ ക്യാമ്പുകളും തുടർ പരിപാടികളും മറ്റും നടത്തി അവരെ ബോധവൽക്കരിക്കണം. നെൻമേനി ശുദ്ധജല പദ്ധതിയിൽ വെള്ളം ശാസ്ത്രീയമായി ശുദ്ധീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. കിണറുകളിലെ ജല സാമ്പിളുകൾ ഇടക്കിടെ പരിശോധിക്കുകയും അണുനാശിനികളും മറ്റും ഉപയോഗിച്ച് ശുദ്ധീകരിക്കുവാൻ നടപടികൾ സ്വീകരിക്കുകയും വേണം. പഞ്ചായത്ത് ആസ്ഥാനമായ കോളിയാടിയിലും, പ്രധാന കേന്ദ്രങ്ങളായ ചീരാലിലും, ചുള്ളിയോടും, ഈസ്റ്റ് ചീരാലിലും പൊതു കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കണം.

ദുർബല വിഭാഗങ്ങൾക്ക് കക്കൂസുകൾ

നിർമ്മിക്കുന്നതിന് പരമാവധി സഹായം നൽകണം. എല്ലാ കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിക്കുന്നതിന് സമയബന്ധിതപരിപാടി തയ്യാറാക്കി നടപ്പിലാക്കണം. എല്ലാ ആദിവാസി കോളനികളിലും കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കണം. ചീരാൽ, ഈസ്റ്റ് ചീരാൽ, ചുള്ളിയോട് എന്നീ സ്ഥലങ്ങളിൽ അഴുക്കുചാലുകൾ നിർമ്മിച്ച് മലിനജലം ഒഴുക്കിക്കളയാനുള്ള സംവിധാനം ഉണ്ടാക്കണം. കോളനികളിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം. കമ്പോസ്റ്റ് കുഴികൾ നിർമ്മിച്ച് നൽകുകയെങ്കിലും വേണം. അനധികൃത അറവുശാലകൾ നിർത്തൽചെയ്യണം. ചീരാൽ, മലവയൽ എന്നിവിടങ്ങളിലെ അറവുശാലകളെക്കുറിച്ച് സമീപത്തുള്ള കുടുംബങ്ങൾ പരാതിപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായ അറവുശാലകൾ നിർമ്മിച്ച് പഞ്ചായത്ത് ലേലം ചെയ്യണം.

ശബ്ദമലിനീകരണം, വായുമലിനീകരണം എന്നിവ കുറക്കുന്നതിന് നടപടി വേണം. ഉച്ചഭാഷിണികളുടെ ഉപയോഗം നിയന്ത്രിക്കുക, മോട്ടോർ വാഹനങ്ങളുടെ പുക പരിശോധന നിർബന്ധമാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഉച്ചഭാഷിണി ഉപയോഗിക്കുന്നതിന് ഒരു നിശ്ചിത ഫീസ് ഈടാക്കി പഞ്ചായത്തിൽ നിന്ന് അനുവാദം വാങ്ങണമെന്ന് വ്യവസ്ഥ ചെയ്യാം.

പൊതുനിർദ്ദേശങ്ങൾ

അതിർത്തി പ്രദേശമായതിനാൽ നമ്മുടെ പഞ്ചായത്തിൽ പല രോഗങ്ങളിലൂടേയും കന്നുകാലികളെ കൂട്ടമായി മാറു സംസ്ഥാനങ്ങളിൽ നിന്ന് നടത്തിക്കൊണ്ട് വരുന്നുണ്ട്. രോഗങ്ങൾ പകരാൻ സാധ്യതയുള്ളതിനാൽ ഇത് കർശനമായി നിരോധിക്കണം.

മൽസ്യം, മാംസം എന്നിവയുടെ വിൽപ്പന, ഹോട്ടലുകളിലേയും ബേക്കറികളിലേയും ശുചീകരണ നിലവാരം, ആഹാരത്തിലെ മായം ചേർക്കൽ തുടങ്ങിയവ പരിശോധിക്കുന്നതിന് കാര്യക്ഷമമായ സംവിധാനം ഉണ്ടാകണം. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതിനായി സർക്കാരിൽനിന്ന് തസ്തികകൾ അനുവദിക്കണം. സ്ഥലം വെറ്റിനറി ഡോക്ടറുടെ സേവനവും ഉപയോഗപ്പെടുത്താം.

പഞ്ചായത്ത് തലത്തിലും ഓരോ വാർഡിലും ആരോഗ്യ സമിതികൾ രൂപീകരിച്ച് എല്ലാ ആരോഗ്യ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് നേതൃത്വം നൽകാൻ സംവിധാനം ഉണ്ടാവണം. ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരെ ഇതിൽ അംഗങ്ങളാക്കണം ആദിവാസി കോളനികളിൽ ബോധവൽക്കരണത്തിന് അംഗൻവാടി വർക്കർമാർ മഹിളാസമാജം, സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരുടെ സഹായം തേടാം.

1 പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗാപരിശീലന കേന്ദ്രം പഞ്ചായത്തിന്റെ കീഴിൽ സ്ഥാപിക്കുക. ഇതുവഴി ജനതയുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുവാൻ കഴിയും.

2 പൊതു ശ്മശാനങ്ങൾ ആവശ്യമുള്ള വാർഡുകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും ഇപ്പോൾ നിലവിലുള്ളവ ശരിയായി സംരക്ഷിക്കുകയും ചെയ്യുക.

3 വയോജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന്, ഒരു വയോജന ആരോഗ്യ കേന്ദ്രം സ്ഥാപിക്കുക, പരിശീലനം നേടിയവരെ ഇവരുടെ പരിചരണത്തിയായി നിയോഗിക്കുക.

4 ഹെൽത്ത് കാർഡ് സംവിധാനം പഞ്ചായത്തിലെ എല്ലാ വ്യക്തികൾക്കും നിർബന്ധമാക്കുക. ഇതുവഴി വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതുമാക്കുവാൻ സഹായിക്കും.

5 പാരമ്പര്യ വൈദ്യ മേഖല ശാസ്ത്രീയമായി പുനസംവിധാനം ചെയ്യണം. പാരമ്പര്യ വൈദ്യൻമാരുടെ ഒത്തുചേരൽ അനിവാര്യമാണ്.

6 ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുവാൻ പഞ്ചായത്തിൽ ഒട്ടേറെ സാധ്യതകളം ഉള്ളത് ശരിയായി ഉപയോഗപ്പെടുത്തുക.

7 ഗ്രാമവാസികളുടെ പൊതു ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുവാൻ പുകവലി, മദ്യപാനം, പുകയില കൂട്ടിയുള്ള മുറുക്കൽ, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവക്കെതിരെ ശക്തമായി ബോധവൽക്കരണ പ്രവർത്തനങ്ങളം നടത്തണം.

8 രക്തദാനം, നേത്രദാനം എന്നിവയുടെ സാമൂഹ്യ പ്രസക്തി ബോധ്യപ്പെടുത്താനും അതിനുള്ള സന്നദ്ധത ഉളവാക്കാനും ശ്രദ്ധിക്കാം.

ആരോഗ്യമുള്ള ജനതയാണ് നാടിന്റെ സമ്പത്ത്, നിലവിലുള്ള സാഹചര്യങ്ങളം പൂർണ്ണമായി പ്രയോജനപ്പെടുത്തി ''ശുചിത്വ ഗ്രാമം ആരോഗ്യ ഗ്രാമം'' എന്ന ലക്ഷ്യം നേടാൻ ഉതകുന്ന പ്രവർത്തനങ്ങളിലാവട്ടെ നമ്മുടെ ശ്രദ്ധ.

5-5 വ്യവസായം

കാർഷിക മേഖലയാണ് നമ്മുടെ ജില്ലയായ വയനാട്. എടുത്ത് പറയാവുന്ന വ്യവസായശാലകളൊന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, വ്യവസായത്തിന് ആവശ്യമായ വൈദ്യുതി, വെള്ളം, റോഡ്—സൗകര്യം, സാങ്കേതിക പരിജ്ഞാനം തുടങ്ങിയവയുടെ അഭാവവും വ്യവസായങ്ങളാരംഭിക്കുന്നതിന് എതിരായ സാഹചര്യമാണ് ഇന്നുള്ളത്. ആ വിധത്തിലുള്ള കാരണങ്ങൾക്ക് പരിഹാരം കാണപ്പെടേണ്ടതാണ്.

കാർഷിക മേഖലയിൽ ഉൽപാദിപ്പിക്കപ്പെടുന്ന നെല്ല്, കാപ്പി, കുരുമുളക്, തേയില, ഇഞ്ചി, വാഴക്കുല തുടങ്ങിയവ സംസ്കരിക്കുന്ന വ്യവസായങ്ങൾക്ക് നമ്മുടെപഞ്ചായത്തിൽ സാധ്യതയുള്ളതായി കാണാൻകഴിയും.

കെട്ടിടനിർമ്മാണ വസ്തുക്കളായ ഇഷ്ടിക നിർമ്മിക്കുന്ന തൊഴിൽ. സ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. സിമൻറ് ഇഷ്ടികയും സിമൻറ് ഹോളോ-ബ്രിക്സും ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളും പഞ്ചായത്തിൽ നിലവിലുണ്ട്; റെഡിമെയ്ഡ് വസ്ത്രനിർമ്മാണരംഗത്ത് രണ്ട് യൂണിറ്റ്, മെറ്റൽ പൊട്ടിക്കുന്ന (കൈകൊണ്ട്) ഒരു യൂണിറ്റും ഉൾപ്പടെ 47 ചെറുകിട വ്യവസായ യൂണിറ്റുകളും പഞ്ചായത്തിൽ നിലവിലുണ്ട്. പട്ടിക താഴെ ചേർക്കുന്നു.

5-3 എ പട്ടിക

No.	വ്യവസായത്തിന്റെ പേര്	ഉപയോഗിക്കുന്ന ഊർജ്ജം	തൊഴിലാളികളുടെ എണ്ണം	അസംസ്കൃത വസ്തു	യൂണിറ്റുകളുടെ എണ്ണം
1	ഇഷ്ടിക നിർമ്മാണം	വിറക്	82	മണ്ണ്	8
2	സിമൻറ് കട്ട	വൈദ്യുതി	19	സിമൻറ് മണൽ	3
3	സിമൻറ്ഹോളോ ബ്രിക്സ്	,,	6	,,	1
4	തടി വ്യവസായം	,,	6	മരത്തടി	1
5	ഫർണിച്ചർ	,,	15	ഈന്തമരത്തടി	2
6	മൺപാത്രം	വിറക്	1	കളിമണ്ണ്	4
7	മെറ്റൽ ക്രഷർ	വൈദ്യുതി	7	ഇരുമ്പ്	3
8	റൈസ് മിൽ	,,	18	നെല്ല്	15
9	ഫ്ളോർ മിൽ	,,	4	ഗോതമ്പ് അരി മല്ലി മുളക് തുടങ്ങിയവ	4
10	മെറ്റൽ യൂണിറ്റ്	അജ്ഞാതം	10	കരിങ്കല്ല്	1
11	സിമൻറ് ടൈൽസ്	,,	2	സിമൻറ് മണൽ	1
12	ബുക്ക് ബൈൻഡിംഗ്	വൈദ്യുതി	4	കടലാസ് റെക്സിൻ	1
13	പ്രിൻറിംഗ് പ്രസ്സ്	,,	2	കടലാസ്	1
14	റെഡിമേഡ് വസ്ത്ര നിർമ്മാണം	,,	7	തുണി	2
			194		47

പട്ടിക C പ്രകാരം നിലവിലുള്ള വ്യവസായ യൂണിറ്റുകളിൽ പ്രധാനമായവ കെട്ടിട നിർമ്മാണ വസ്തുക്കൾ ഉണ്ടാക്കുന്നവയും നെല്ല് കുത്തുമില്ലുകളും ആണ് പ്രധാനമായവ. ഇവയെല്ലാം ലാഭകരമായി തന്നെയാണ് പ്രവർത്തിക്കുന്നത്. വ്യവസായമേഖലയിൽ ആകെ തൊഴിലെടുക്കുന്ന 194 പേരിൽ സ്ത്രീകളുടെ എണ്ണം 6% മാത്രമാണ്. പൊതുമേഖലയിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആഭിമുഖ്യത്തിൽ ശിലാസ്ഥാപനം നിർവ്വഹിച്ച മുണ്ടക്കൊല്ലിയിലെ നൂൽനൂൽപ്പ് യൂണിറ്റ് 21 വർഷത്തിനുശേഷവും ശിലാഫലകത്തിൽ തന്നെ ഒതുങ്ങിനിൽക്കുകയാണ്.

പ്രശ്നങ്ങൾ

1. സാങ്കേതിക വിദഗ്ദ്ധരുടെ ലഭ്യതയില്ല.
2. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്
3. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും സ്ഥിരമായ ലഭ്യതക്കുള്ള വിഷമങ്ങളും
4. ലൈസൻസ് ലഭിക്കുന്നതിനുള്ള സാങ്കേതിക പ്രശ്നങ്ങളും.
5. ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത
6. സാമ്പത്തിക രംഗത്തെ അപര്യാപ്തത.

ഗ്രാമ സഭകളിൽനിന്നു ലഭിച്ച നിർദ്ദേശങ്ങളെ പഞ്ചായത്തിന്റെ വ്യവസായ വളർച്ചയ്ക്കു വേണ്ടി പ്രയോജനപ്പെടുത്താൻ കഴിയും

I കാർഷിക അനുബന്ധ വ്യവസായങ്ങൾ

1. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ നെല്ല് കുത്ത് മില്ലുകൾ സ്ഥാപിക്കുക.
2. തേയില സംസ്കരണ ഫാക്ടറി സ്ഥാപിക്കുക.
3. ഇഞ്ചി സംസ്കരണ ഫാക്ടറി
4. കരുമുളക് സംസ്കരണം.
5. ഇൻസ്റ്റന്റ് കാപ്പിവ്യവസായം
6. കറി പൗഡറുകൾ കാപ്പിപ്പൊടി, എന്നിവയുടെ ഉല്പാദനം.
7. ജൈവ വളനിർമ്മാണയൂണിറ്റുകൾ
8. അടയ്ക്ക സംസ്കരണ ശാലകൾ
9. ഹെർബൽ പൽപ്പൊടി, ദേഹശമനി, സ്നാനചൂർണ്ണം എന്നിവയുടെ ഉല്പാദനം
10. പാൽസംസ്കരണ ശാലകൾ
11. കരകൗശല വസ്തുക്കളുടെ നിർമ്മാണം
12. കത്തി, കലപ്പ തുടങ്ങിയ കാർഷിക വസ്തുക്കളുടെ നിർമ്മാണം.
13. നേന്ത്രക്കായ അടിസ്ഥാനമാക്കി ചിപ്സ്, ബേബിഫുഡ് തുടങ്ങിയവയുടെ ഉല്പാദനവും പഴസംസ്കരണവും
14. അനുബന്ധ ശേഷിയുള്ള നാടിൽ വസ്തുക്കളുടെ ഉല്പാദിപ്പിക്കുന്നതിനുള്ള നേഴ്സറികൾ

II ഗൃഹനിർമ്മാണ വസ്തുക്കൾ

1. നാടൻ ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ
2. കളിമണ്ണുപയോഗിച്ചുള്ള വയർക്കട്ട് ഇഷ്ടിക നിർമ്മാണയൂണിറ്റും ഉപോല്പന്നങ്ങളായി പൂച്ചട്ടി, തറയോട്, കുടുക, സ്തൂക്കം ഭക്ഷിതക്കുടിയ അടപ്പ് എന്നിവയുടെ നിർമ്മാണം.
3. കട നിർമ്മാണം
4. കരിങ്കൽ നിർമ്മാണ യൂണിറ്റ്, മെറ്റൽ വ്യവസായം
5. മരം ഇരുമ്പ്, പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് ഫർണ്ണിച്ചർ നിർമ്മാണം.
6. സിമൻറ് ഇഷ്ടിക നിർമ്മാണം
7. സിമൻറ് ഹോളോബ്രിക്സിന്റെ നിർമ്മാണം.
8. സിമൻറ് ഭരണി ഇ. എസ്. പി. സ്ലാബുകൾ, വീടിനുള്ള കൈവരികൾ കിണർ റിംഗുകൾ തുടങ്ങിയവയുടെ നിർമ്മാണം.

III ഉപഭോക്തൃ വസ്തുക്കൾ

1. മെഴുകുതിരി നിർമ്മാണം
2. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
3. പപ്പട നിർമ്മാണം
4. ബുക്ക് ബൈൻറിംഗ്, റൂളിംഗ് യൂണിറ്റ്
5. റബ്ബർ തുകൽ, ചെരുപ്പ് നിർമ്മാണയൂണിറ്റുകൾ
6. സോപ്പു നിർമ്മാണ യൂണിറ്റുകൾ
7. റേഡിയോ, ടി വി. റിപ്പയർ യൂണിറ്റുകൾ

IV സേവന മേഖല

1. പച്ചക്കറി മാർക്കറ്റുകൾ
2. എണ്ണയാട്ടുമില്ൽ
3. അച്ചടിശാല
4. കാർഷികോൽപ്പന്ന വിപണന കേന്ദ്രം
5. ഭക്ഷ്യസാധനങ്ങൾ ഗുണമേന്മയോടെ പായ്ക്ക് ചെയ്ത് വിൽപ്പനക്കെത്തിക്കുക

V പരമ്പരാഗത വ്യവസായം

1. തഴപ്പായ നിർമ്മാണം
2. കൊട്ട, മുറം, പനമ്പ് തുടങ്ങിയവയുടെ നിർമ്മാണം. കൂടാതെ തേനീച്ച വളർത്തൽ യൂണിറ്റുകളും ക്ഷീരോൽപ്പന്ന യൂണിറ്റുകളും ആരംഭിക്കാൻ കഴിയും.

VI പൊതു നിർദ്ദേശങ്ങൾ

1. വിവിധയിനം വ്യവസായ സംരംഭകർക്കും തൊഴിലാളികൾക്കും ചുരുങ്ങിയ ചിലവിൽ പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങളും ഉണ്ടാകണം.
2. ലൈസൻസ് ലഭിക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിക്കുക

3. ഒരു വ്യവസായത്തിന് വ്യത്യസ്ത ലൈസൻസുകൾ എന്ന രീതി നിർത്തലാക്കി എല്ലാനിബന്ധനകളും ഉൾപ്പെടുത്തികൊണ്ട് ഒരു ഓഫീസിൽ നിന്നു തന്നെ ലൈസൻസ് ലഭിക്കുന്ന രീതി ഉണ്ടാക്കുക
4. വ്യവസായ ആവശ്യത്തിന് വിറക്, ഉൽപ്പാദിപ്പിക്കാനുള്ള പ്രോത്സാഹനവും തൈകളുടെ ലഭ്യതയും ഉറപ്പാക്കുക
5. നിബന്ധനകളും അനുസരിച്ച് കരിങ്കല്ല് ഖനനം ചെയ്യാവുന്ന ക്വാറികളും നിശ്ചയിക്കുകയും ലൈസൻസ് നൽകുകയും ചെയ്യുക
6. സഹകരണ മേഖലയ്ക്കും വനിതാ തൊഴിൽ സംരംഭങ്ങൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വ്യവസായനയമുണ്ടാവുക
7. വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട റോഡുകൾക്ക് പ്രത്യേക പരിഗണനൽകുക
8. പരമ്പരാഗത വ്യവസായങ്ങളായ തഴപ്പായ നിർമ്മാണം, കുട്ട, മുറം, പനമ്പ് തുടങ്ങിയവയുടെ നിർമ്മാണത്തിന് പരിശീലനം നൽകുക
9. ടി. വി, ഫ്രിഡ്ജ്, ഡീസൽ എൻജിൻ പമ്പ്സെറ്റ് എന്നിവയുടെ സർവ്വീസിങ്ങിനും സ്പെയർപാർട്ടുകൾക്കും ആവശ്യമായ വിദഗ്ദരെ പരിശീലിപ്പിക്കുകയും അവരുടെ സേവനം ലഭിക്കുന്നതിന് ബന്ധപ്പെടാവുന്ന പൊതുകേന്ദ്രങ്ങളും ഉണ്ടാവുകയും ചെയ്യുക
10. വനിതകളെ വ്യവസായ രംഗത്തേക്ക് വരുന്നതിന് പ്രോത്സാഹിപ്പിക്കുക.

"ഓരോരുത്തരും അവരവരുടെ
ഭവനവിടയർക്കെ
പണിയെടുത്തു ജീവിച്ചെങ്കിൽ
ഭൂമി സ്വർഗ്ഗമായി മാറുമായിരുന്നു"

—ഗാന്ധിജി—

" വായും വയറും ഓരോന്നെന്നാൽ
നമുക്കു കൈകൾ രണ്ടില്ലേ
പണിയെത്തിക്കൂ കൈകളിലങ്ങനെ
പട്ടിണിയില്ലാതാവട്ടെ. "

5-6

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ജനശക്തിയാണ് ഒരു നാടിന്റെ ഭാവി നിർണ്ണയിക്കുന്നത്. ഒരു തുണ്ട് കൃഷി ഭൂമി സ്വന്തമാക്കാനുള്ള അദമ്യമായ ആഗ്രഹവുമായി സമതലങ്ങളിൽ നിന്നും ചുരം കയറി വന്ന അദ്ധ്വാനം മാത്രം കൈമുതലായുണ്ടായിരുന്ന കഴിഞ്ഞ തലമുറ സംഘബോധത്തിന്റെ കരുത്തും നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്കും തിരിച്ചറിഞ്ഞവരായിരുന്നു. വിമുക്ത ഭടൻമാരുടെ പുനരധിവാസത്തിനുവേണ്ടിയുള്ള 'വയനാട് എക്സ് സർവ്വീസ് മെൻ കോളനി' യുടെ പ്രവർത്തനം ആരംഭിക്കുക കൂടി ചെയ്ത പ്പോഴേക്കും നെന്മേനി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം സാമൂഹ്യ പ്രവർത്തനങ്ങളിൽ മുഖ്യസ്ഥാനം നേടി. ഇന്ന് പുത്തൻ തലമുറ വയനാടൻ മലമടക്കുകളിൽ വികസന രംഗത്ത് സംഘശക്തിയുടെ ശംഖൊലി ഉയർത്തുമ്പോൾ ആവേശോജ്ജ്വലമായ ആ സ്മരണ നമുക്ക് ദിശാബോധം പകർന്നു തരുന്നു എന്നതിന്റെ തെളിവാണ് 1996 നവംബർ 1-ാം തീയതി പുനരർപ്പണ ദിനത്തിൽ രൂപംകൊണ്ട ചീരാൽ മുത്താച്ചിക്കുനി മുണ്ടക്കൊല്ലി റോഡ്. 1973-ൽ നെന്മേനി പഞ്ചായത്ത് രൂപീകൃതമായപ്പോൾ ബത്തേരി - ഗൂഡല്ലൂർ, ബത്തേരി-ചുള്ളിയോട് വഴി ഗൂഡല്ലൂർ, ചുള്ളിയോട് അമ്പലവയൽ, പഴൂർ നമ്പ്യാർകുന്ന്, അമ്മായിപ്പാലം തൊവരിമല എന്നീ റോഡുകളും മാത്രമാണ് ഉണ്ടായിരുന്നത്. ഇവയിൽ ചിലത് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ബ്രിട്ടീഷ്ഭരണകാലത്ത് നിലവിലുണ്ടായിരുന്ന പട്ടാള ക്യാമ്പുകളെ ബന്ധപ്പെടുത്തി കൊണ്ട് നിർമ്മിച്ചവയുടെ പുതിയ രൂപങ്ങളായിരുന്നു.

തീവണ്ടി പാത ഇല്ലാത്ത ചുരുക്കം ജില്ലകളിൽ ഒന്നായ വയനാട്ടിലെ വികസന രംഗത്ത് ചെലവഴിച്ച തുകയുടെ ഭൂരിഭാഗവും റോഡ് നിർമ്മാണത്തിനു മാറ്റി വയ്ക്കേണ്ടി വന്നിട്ടുണ്ട്.

വയനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും, കാലാവസ്ഥയും റോഡു നിർമ്മാണവും, സംരക്ഷണവും ചെലവേറിയതാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ വാഹന ഗതാഗതയോഗ്യമായ ആകെ റോഡ് 98 K.M. മാത്രമാണുള്ളത്. ഒരു ച: കി: മി. വിസ്തീർണ്ണത്തിന് ശരാശരി 1.42 K. M. റോഡ്. സംസ്ഥാന ശരാശരിയായ 3.2 കി.മി/ച.കി. മീറ്ററിൽ നിന്ന് ഇത് എത്രയോ താഴെ മാത്രമാണ്. പഞ്ചായത്തിൽ ആകെ ടാർചെയ്ത റോഡ് 55 കി. മീ. ആണുള്ളത്. ഇതിൽ നിന്നും ഒരു ച: കി. മീ. വിസ്തീർണ്ണത്തിന് ഒരു കിലോ മീറ്ററിൽ താഴെയെ ടാർറോഡുള്ളു എന്നു കാണാം. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർറോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക്. 14.84 സെ. മീ. ടാർറോഡുമാത്രമേ ഉള്ളു. ഈ പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന പല അന്തർ സംസ്ഥാന റോഡുകളും ഉണ്ടെങ്കിലും അവ ക്കർഹമായ പരിഗണനലഭിച്ചിട്ടില്ല.ആദ്യകാലങ്ങളിൽ കുതിരവണ്ടികളും കാളവണ്ടികളുമാണ് ഗതാഗതത്തിനു ഉപയോഗിച്ചിരുന്നത്. പഞ്ചായത്തിൽ ആദ്യമായി ബസ് സർവ്വീസ് ആരംഭിച്ചത് സി. സി. ട്രാൻസ്പോർട്ട് കമ്പനി, രാജലക്ഷ്മി മോട്ടോർ സർവ്വീസ്, എന്നിവയാണ്.

പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളായ ചുള്ളിയോട്, ചീരാൽ, ഈസ്റ്റ്ചീരാൽ. നമ്പ്യാർകുന്ന് എന്നിവിടങ്ങളിൽ ടാക്സി, ഓട്ടോറിക്ഷ സൗകര്യങ്ങളും ഉണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകളും അവയുടെ ഉടമസ്ഥത, ദൂരം, യാത്രാസൗകര്യങ്ങളും, എന്നിവ പട്ടിക 5-6 ൽ കാണിച്ചിരിക്കുന്നു.

റോഡു ശൃംഖല സാമാന്യം മെച്ചപ്പെട്ട താണെങ്കിലും അവയുടെ അവസ്ഥ വളരെ ശോചനീയമാണ്. അറ്റകുറ്റ പണികളും യഥാ സമയം നടക്കുന്നില്ല. വർഷകാലത്ത് മിക്ക റോഡുകളിലും നീർകെട്ട് അനുഭവപ്പെടുന്നു. ഇതിനു കാരണം ഓവുപാലങ്ങളുടെയും, കലുങ്കുകളുടെയും, ഓടകളുടെയും, അഭാവ മാണ്. ആവശ്യത്തിനു ഫണ്ടില്ലായ്മ എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങു തടിയാവുന്നു.

2. റോഡുനിർമ്മാണം - ടാർറോഡുകളുടെ പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ അപര്യാപ്തതയും, ഗുണനിലവാരമില്ലായ്മയും എല്ലാ ഗ്രാമസഭകളും ചൂണ്ടികാണിച്ചിട്ടുണ്ട്. മികച്ച യാത്രാസൗകര്യത്തിന് അനുയോജ്യമായവിധം റോഡുകൾമെച്ചപ്പെടുത്തണം എന്ന നിർദ്ദേശവും ഉയർന്നുവന്നിരുന്നു. അപകടങ്ങളുണ്ടാക്കാവുന്ന വളവുകൾ, റോഡിന്റെ വീതികുറവ്, പാർശ്വങ്ങളിലെ നടപ്പാത ഇല്ലായ്മ എന്നീ വിഷയങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട്. സോളിംഗ്, മെറ്റലിംഗ് നടത്തിയ റോഡുകളുടെ സ്ഥിതിയും മെച്ചമല്ല. പ്രധാന റോഡുകളിൽ ട്രാഫിക് സിഗ്നലുകളോ, അപകട സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഹമ്പുകളോ ഇല്ല. റോഡുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്.

1 റോഡുകളുടെ വീതികുറവ്, അപകട സാധ്യതയുള്ള ഭാഗങ്ങൾ ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യാത്തത് റോഡുകളുടെ പാർശ്വങ്ങളിൽ നടപ്പാതകൾ നിർമ്മിക്കാത്തതിനാലുള്ള തിരക്ക് എന്നിവ കൽനടയാത്രക്കാർക്കും അപകടങ്ങൾ ഉണ്ടാക്കുന്നുണ്ട്.

2 റോഡുകളുടെ നിർമ്മാണത്തോടൊപ്പം പ്രാധാന്യം നൽകി ഓടകളും, കലുങ്കുകളും നിർമ്മിക്കാത്തതിനാൽ റോഡുകൾ വേഗം ഉപയോഗശൂന്യമാകുന്നു.

3 ജലവിതരണത്തിനുള്ള പൈപ്പുകൾ സ്ഥാപിക്കുക, ടെലഫോൺലൈൻ സ്ഥാപിക്കുക, വൈദ്യുതലൈൻ സ്ഥാപിക്കുക, പരസ്യപലകകൾ നാട്ടുക. ആഘോഷങ്ങൾക്കുവേണ്ടി കമാനങ്ങൾ തീർക്കുക എന്നിവ റോഡു സുരക്ഷിതത്വത്തെ ബാധിക്കുന്നു.

4 റോഡു പുറംപോക്ക് കൈയ്യേറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതും, കച്ചവടസ്ഥാപനങ്ങൾ വഴിയോരത്ത് നിർമ്മിക്കുന്നതും ഗതാഗത തടസം ഉണ്ടാക്കുന്നു.

മെറ്റൽ റോഡുകളുടെയും മൺറോഡുകളുടെയും ശോചനീയാവസ്ഥ

ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളുടെയും മെറ്റൽ റോഡുകളുടെയും ശോചനീയമായ അവസ്ഥ ആസ്പദമാക്കിയുള്ളതാണ്. പൊട്ടിപ്പൊളിഞ്ഞും താറുമാറായും കിടക്കുന്ന റോഡുകളിൽ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. മെറ്റൽ ചെയ്യാനും ടാർ ചെയ്യാനും റീടാറിംഗിനുമുള്ള നിരവധി നിർദ്ദേശങ്ങൾ ഉണ്ട്. ഇവ അനുബന്ധം 5-ബി യിൽ പട്ടികപ്പെടുത്തിയിരിക്കുന്നു നിലവിലുള്ള മൺറോഡുകളുടെ സൈഡു കെട്ടി മണ്ണുനിറച്ച് സോളിംഗ്/മെറ്റലിംഗ് നടത്താനുള്ള നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്. ഇവ വാർഡു തിരിച്ച് അനുബന്ധം 5-6 സിയിൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിനും ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. മിക്ക നിർദ്ദേശങ്ങളിലും നിലവിലുള്ള ഇടവഴികൾ മൺറോഡാക്കി മാറ്റാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇവ അനുബന്ധം 5-6 ഡിയിൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

റോഡു ശൃംഖലാവ്യാപനം ഗ്രാമത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്നുണ്ടെങ്കിലും ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. മരങ്ങൾ വളരെയേറെ വെട്ടിനശിപ്പിക്കപ്പെട്ടു എന്നതാണ് പ്രശ്നങ്ങളിൽ ഒന്ന്. ഇടവഴികൾ വീതികൂട്ടി മൺറോഡുക

ളാക്കി മാറ്റിയപ്പോഴും അരികിലുണ്ടായിരുന്ന മരങ്ങൾ വെട്ടിമാറ്റപ്പെട്ടു. വർഷങ്ങളായി തുടർന്നുവന്നിരുന്ന ശ്രമകരമായ വനവൽക്കരണ പ്രക്രിയയാണ് ഇതിലൂടെതടസപ്പെട്ടത്. അശാസ്ത്രീയമായ ഈ മരനശീകരണം മണ്ണിടിയുന്നതിനും മണ്ണൊലിപ്പിനും കാരണമാകുന്നു. താഴ്ന്ന പ്രദേശങ്ങളിലെയും വയലോരങ്ങളിലേയും മൺറോഡുനിർമ്മാണം നീർവാർച്ച തടസപ്പെടുത്തി. ഇത് വർഷകാലത്ത് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു.

റോഡുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്ന് കൂടുതൽ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്

1 ഗതാഗതതിരക്കുള്ള റോഡുകൾ വീതി കൂട്ടുകയും പാർശ്വങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുകയും ചെയ്യുക. അപകട സാദ്ധ്യതയുള്ള വളവുകൾ, കയറ്റങ്ങൾ, ഇറക്കങ്ങൾ, ഇവ ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യുക.

2 റോഡ് നിർമ്മാണത്തോടൊപ്പം ഓവുചാലുകൾ, കലുങ്കുകൾ പാലങ്ങൾ എന്നിവ നിർമ്മിക്കുകയും യഥാവിധി സംരക്ഷിക്കുകയും ചെയ്യുക.

3 അറ്റകുറ്റപണികൾ കൃത്യമായും സമയബന്ധിതമായും ചെയ്യുക.

4 സൈൻ ബോർഡുകൾ സ്ഥാപിക്കുക ടെലഫോൺ വൈദ്യുതി, പോസ്റ്റുകൾ, ബസ്സ്റ്റോപ്പുകൾ, പരസ്യ പലകകൾ, റോഡ് അരികിലെ സ്ഥിര സ്വഭാവമുള്ള നിർമ്മാണങ്ങൾ എന്നിവ റോഡിൽ നിന്നും ആറടിയെങ്കിലും അകലെ സ്ഥാപിക്കുക.

5 റോഡ് പുറമ്പോക്ക് കൈയ്യേറ്റം ഒഴിപ്പിക്കുക.

ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗവും റോഡ് നിർമ്മാണത്തിനും വികസനത്തിനും വേണ്ടി ചെലവഴിക്കാറുണ്ടെങ്കിലും റോഡുകളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നമുക്കില്ല. റോഡുകളെ സംബന്ധിച്ച ധാരണകൾ വസ്തുനിഷ്ഠവും അല്ല. ചുരുങ്ങിയത് പത്തടി വീതിയെങ്കിലും ഉള്ള വഴികളെ റോഡുകൾ എന്നുവിളിക്കാം. ഇവ മൂന്നുതരത്തിൽ വിഭജിക്കാം, ടാർറോഡ്, മെറ്റൽ റോഡ്, മൺറോഡ്, എന്നിവ ഇവയുടെ ശൃംഖലയെ റോഡ് ശൃംഖലയെന്നുവിളിക്കാം. റോഡ് പദ്ധതികൾക്ക് പണം അനുവദിക്കുന്നത് അവയുടെ വീതികൂട്ടാനും ഓടകൾ നിർമ്മിക്കാനും അടക്കമുള്ള ശാസ്ത്രീയമായ പുനസംവിധാനത്തിനും വേണ്ടിയാവണം. പഞ്ചായത്തിൽ നിലവിലുള്ള ടാർറോഡുകൾ, മെറ്റൽറോഡുകൾ മൺറോഡുകൾ എന്നിവയുടെയും പുതുതായി നിർമ്മിക്കേണ്ട മൺറോഡുകളുടെയും വിവരങ്ങൾ പട്ടികപ്പെടുത്തി 5 6 ഡി ചേർത്തിട്ടുണ്ട്. പുതിയറോഡുകൾ നിർമ്മിക്കുമ്പോൾ ചുരുങ്ങിയത് 8 മീറ്റർ വീതിയെങ്കിലും വേണമെന്ന് നിഷ്കർഷിക്കാവുന്നതാണ്. താഴ്ന്ന പ്രദേശങ്ങളിലും വയൽ ഓരങ്ങളിലും പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ സമനിരപ്പായ മൺ റോഡുകൾ തയ്യാറാക്കിയ ശേഷം ഒരടി കനമുള്ള കരിങ്കൽ പാളികൾ പാകി ബലപ്പെടുത്തിയാൽ പാർശ്വ ഭിത്തി സംരക്ഷണം ഓട നിർമ്മാണം അറ്റകുറ്റപണി ചെയ്യൽ എന്നിവ ഒഴിവാക്കാൻ കഴിയും. പൊതുഫണ്ടുകളിൽ നിന്നും റോഡുകൾക്ക് പണംചെലവഴിക്കുമ്പോൾ വാർഡിലെ ജനസംഖ്യക്ക് ആനുപാതികമായിരിക്കാൻ ശ്രദ്ധിക്കാവുന്നതാണ്.

റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ് ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം. പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും സുലഭമായ ആംബലവും ഒരുമിച്ച് പരിഗണിക്കുമ്പോൾ നമ്മുടെ മാർഗ്ഗം വ്യക്തമാണ്, റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചെലവിന്റെ $\frac{1}{3}$ ഭാഗമെങ്കിലും ശ്രമദാന ദിനങ്ങളുടെ വിലയും പൊതു സംഭാവനയും ചേർന്നതാവണം.

ഊർജ്ജം

നെന്മേനി ഗ്രാമത്തിൽ വൈദ്യുതി എത്തിയയത് 1980 കളിൽ മാത്രമാണ്.

പഞ്ചായത്തിലെ ഒരു വാർഡിലും ജനങ്ങളുടെ ആവശ്യാനുസരണം വൈദ്യുതി എത്തിക്കാൻ സാധിച്ചിട്ടില്ല. വൈദ്യുതി ബോർഡിന്റെ ഓഫീസുകളും ഒന്നുംതന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഈ സ്ഥിതി അടിയന്തിരമായി മാറേണ്ടതാണ്. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി സബ് സ്റ്റേഷനിൽ നിന്നുമാണ് നെന്മേനി പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത് പഞ്ചായത്തിലെ ഉപഭോക്താക്കൾ കറൻറു ചാർജ്ജ് അടക്കുന്നതിന് വളരെ അകലെയുള്ള ഓഫീസുകളിൽ പോകേണ്ടിയിരിക്കുന്നു. വൈദ്യുതി ഉപഭോക്താക്കളിൽ 85% വും ഗാർഹിക ഉപഭോക്താക്കളാണ്. കാർഷിക വ്യാവസായിക മേഖലകളിലെ വൈദ്യുതി ഉപഭോഗം വളരെ കുറച്ചുമാത്രമാണ്. അധികൃതരുടെ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ നിലവിലുള്ള 15-ട്രാൻസ് ഫോർമറുകളിൽ നിന്നും ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം നടത്തുന്നു. എല്ലാ ഗ്രാമ സഭകളിൽ നിന്നും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതിയുണ്ട്. പുതിയ ട്രാൻസ് ഫോർമറുകൾ വേണം എന്ന ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തുപ്രദേശത്തുള്ള ട്രാൻസ് ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു.

1	താളൂർ	100 K.V
2	ചുള്ളിയോട്	160 K.V
3	ആനപ്പാറ	63 K.V
4	മലങ്കര	63 K.V
5	മാടക്കര I	63 K.V
6	മാടക്കര II	100 K.V
7	കോളിയാടി	63 K.V
8	കുന്താണി	100 K.V
9	അമ്പുകുത്തി	100 K.V
10	ചെറുമാട്	63 K.V
11	കല്ലുമുക്ക്	63 K.V
12	ചീരാൽ	100 K.V
13	നമ്പ്യാർകുന്ന് ആശ്രമം	100 K.V
14	നൂൽപ്പുഴ	100 K.V

(അവലംബം കെ. എസ്. ഇ. ബി. രേഖകൾ)

പഞ്ചായത്തിൽ സ്ട്രീറ്റ്ലൈറ്റുകൾ പരിമിതമാണ് 10 എണ്ണം മാത്രം.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല

2 വൈദ്യുതി ബോർഡിന്റെ ഓഫീസുകളും ഒന്നുംതന്നെ പഞ്ചായത്തിലില്ലാത്തതിനാൽ ഉപഭോക്താക്കൾ പ്രശ്നപരിഹാരത്തിനായി ബുദ്ധിമുട്ടുന്നു.

3 വൈദ്യുതി വിതരണ രംഗത്തെ ശ്രദ്ധ ഇല്ലായ്മ വൈദ്യുതി പാഴായിപോകാൻ ഇടയാകുന്നു.

4 പഞ്ചായത്തിൽ ബഹുഭൂരിപക്ഷം പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.

5 സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം നാമമാത്രമാണ്.

6 സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്പ്-അപ്പ് ഉപയോഗം മറ്റുള്ളവർക്കു ദോഷമാകുന്നു.

സ്റ്റെപ്പ്-അപ്പ് ഉപയോഗംനിയന്ത്രിക്കേണ്ടതാണ്. വിതരണ രംഗത്തെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ് വൈദ്യുതി ബോർഡ് ജീവനക്കാർ സാമൂഹ്യ പ്രതിബദ്ധത ഉള്ളവരാവണം. വൈദ്യുതി ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനക്ക് വിധേയമാക്കാനുള്ള സംവിധാനം ഉണ്ടാകണം. പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളും ഏകോപിപ്പിച്ച് ഒരോഫീസിന്റെ കീഴിൽ പ്രവർത്തിപ്പിക്കുകയും അതിനാവശ്യമായ ഓഫീസുകൾ ആരംഭിക്കുകയും വേണം.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീടുകളിലും പാചകത്തിനുപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വളരെ കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവർ വളരെ കുറവാണ്. ദക്ഷതയേറിയ അടുപ്പുകളെപ്പറ്റിയും സോളാർ വിളക്കുകളെപ്പറ്റിയും അനർട്ടിന്റെ

പ്രവർത്തനങ്ങളെപ്പറ്റിയും വേണ്ടത്ര അവബോധം ഇല്ല. ഈ സ്ഥിതി മാറേണ്ടതാണ്.

പഞ്ചായത്തിലെ നാമമാത്രമായ കർഷകർക്ക് മാത്രമേ ജലസേചനത്തിന് വൈദ്യുതി ലഭ്യമാകുന്നുള്ളു.

കന്നുകാലി വളർത്തൽ പ്രധാന തൊഴിലുകളിൽ ഒന്നാകയാൽ ബയോഗ്യാസ് പ്ലാൻറുകൾ ആവശ്യാനുസരണം സ്ഥാപിക്കാവുന്നതാണ്. പഞ്ചായത്തിൻെറ മുഴുവൻ പ്രദേശങ്ങളിലും വേണ്ടത്ര സൂര്യപ്രകാശം ലഭിക്കുന്നതിനാൽ ഗൃഹങ്ങളിലെ ഉപയോഗത്തിനും കവലവിളക്കുകൾക്കായും നാളാർ ലാമ്പുകളെ ആധാരമാക്കിയുള്ള ഒരു പഞ്ചായത്തുതല സംവിധാനം നടപ്പാക്കാവുന്നതാണ്. ഗാർഹികാവശ്യത്തിനും ജലസേചനത്തിനും വേണ്ട പമ്പുകൾ പ്രവർത്തിപ്പിക്കാൻ കാറ്റാടിയന്ത്രങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

മാർക്കറ്റ്

വയനാട്ടിലെ ഏറ്റവും പ്രസിദ്ധമായ രണ്ട് മാർക്കറ്റുകളായിരുന്നു ചുള്ളിയോട് ചീരാൽ എന്നിവ എന്നാൽ ഇന്ന് ഇവയുടെ പ്രവർത്തനം നാമ മാത്രമായി തീർന്നിരിക്കുകയാണ്. മറ്റ് പ്രാദേശിക ചന്തകളും ഇല്ലെന്നു തന്നെ പറയാം. എന്നാൽ നിലവിലുള്ള പ്രകൃതി വിഭവങ്ങളും കാർഷിക വിഭങ്ങളും മറ്റു ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങളും ജനജീവിതവുമായി കോർത്തിണക്കി ആഴ്ച ചന്തകളും അന്തിചന്തകളും ആരംഭിക്കുകയും അവിടെ ഉല്പന്നങ്ങൾ വില്ക്കാനും അവിടെ നിന്നും സാധനങ്ങൾ വാങ്ങാനുമുള്ള മനോഭാവം ഗ്രാമീണ ജനങ്ങളിൽ വളർത്തി കൊണ്ട് വരേണ്ടതാണ് കാർഷിക ഉല്പന്നങ്ങൾക്ക് ഒരു പൊതു വിപണിയോ സഹകരണവിപണിയോ പഞ്ചായത്തിൽ ഇല്ലെന്നതു വളരെ പരിതാപകരമാണ്.

പട്ടിക 5_6 എ

നിലവിലുള്ള ടാർ ചെയ്ത റോഡുകൾ

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിൻെറ പേര്	ഉടമസ്ഥത	നീളം കി. മി.	വീതി
1	1,2,67	അമ്മായിപ്പാലം-താളൂർ	P W D	8	
2	1,2,3,4	ചുള്ളിയോട്-അമ്പലവയൽ	P W D	5	
3	9,12,13,14	പഴൂർ-നമ്പ്യാർകുന്ന്	P W D	7	
4	2,3	ആനപ്പാറ H S-തൊവരിമല	പഞ്ചായത്ത്	1	
5	4,5,6	മാനിവയൽ-അമ്പുകുത്തി അമ്പലവയൽ	P W D	11	
6	5,6	അമ്മായിപ്പാലം-കുന്താണി-മാനിവയൽ	പഞ്ചായത്ത്	3	
7	6,8	വിലങ്ങൂർ-പുത്തൻകുന്ന്	,,	4	
8	9,10,11,12	ചീരാൽ-കോൽക്കുഴി	,,	4	
9	11,12	കല്ലുമുക്ക്-കൊഴുവണ	,,	3	
10	12,14	ഈസ്റ്റ് ചീരാൽ-അമ്പലം	,,	1	
11	7,8	കോളിയാടി-അരിമാനി	,,	2	
12	6,8	പുഞ്ചവയൽ കോളനി റോഡ്	,,	1	
13	4	കുപ്പക്കൊല്ലി-എടക്കൽ	,,	2	
14	1	കരടിപ്പാറ-പാമ്പള	,,	2	
15	7,10	മാടക്കര-തവനി	,,	1	
		ആകെ		55	

പട്ടിക 5_6 ബി

ടാർചെയ്യേണ്ട മെറ്റൽ റോഡുകളും റീടാറിംഗ് ചെയ്യേണ്ടതുമായ റോഡുകൾ

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	ഉടമസ്ഥത	നീളം
1	1	അഞ്ചാമൈൽ—കോളിമൂല	പഞ്ചായത്ത്	3
2	1	താളൂർ _കരടിപ്പാറ	,,	1
3	2,7,9,10,11,12	മാടക്കര ചീരാൽ	,,	6
4	4	കുപ്പക്കൊല്ലി_എടക്കൽകാറിക്കവല	,,	3_500
5	4	കോറിക്കവല_ഗുഹറോഡ്	,,	1
6	5	റാട്ടക്കുണ്ട്_തെൻമല	,,	2
7	5,6	അമ്മായിപ്പാലം_മാനിവയൽ	,,	3
8	2,7	മാടക്കര_പാലക്കുനി	,,	2
9	8	പുത്തൻകുന്ന്_നൊച്ചംവയൽ	,,	0.650
10	8	ചിറ്റൂർ_പണിയകോളനി	,,	1.00
11	8	മാക്കുറ്റി_കിഴക്കേമുക്കം	,,	0.300
12	8	പുത്തൻകുന്ന്_നെല്ലിവയൽ	,,	0.400
13	7,8	കോളിയാടി അരിമാനി	,,	2.000
14	9,10	നമ്പിക്കൊല്ലി_കല്ലുമുക്ക്	,,	3.000
15	7,10	കഴമ്പ്_മാടക്കര	,,	5
16	9	അമരംബംകവല_അമരംബം	,,	1
17	7,10	കോളിയാടി_പുൽപ്പ	,,	1.000
18	11,12	വെള്ളച്ചാൽ റോഡ്	,,	0.200
19	12.14	അമ്പലം_കണ്ടർമല	,,	1_K.M
20	12,13	ചീരാൽ_വെണ്ടോൽ,നമ്പ്യാർകുന്ന്	,,	4
21	5	മലവയൽ_നീലിമാങ്ങാകോളനി	,,	1 K.M
22	11	താഴത്തൂർ_ആലക്കുന്ന്	,,	0,800
23	14	സ്കൂംജംഗ്ഷൻ_മുത്താച്ചിക്കുനി	,,	1_K.M
24	10	ചെറുമാട് സ്കൂം_ചെറുമാട് കോളനി	,,	1_K.M

അധികാരം ജനങ്ങളിലേക്ക്

നെന്മേനി

പട്ടിക 5_6 സി

സൈഡ് കെട്ടി, മണ്ണിട്ട്, സോളിങ്ങും മെറ്റലിങ്ങും നടത്തേണ്ട റോഡുകൾ

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി
1	1	താളൂർ_കുനി_ കോളിമൂല	3	
2	1	ആനപ്പാറ HS - കുഴിമാളം - താളൂർ	2.5	
3	1	താളൂർ - പാമ്പള	2	
4	1	മുയൽവയൽ - പാമ്പള	1.5	
5	1	കുഴിമാളം വയൽ - പണിയവയൽ - കാർഷെഡ്	1.5	
6	1	ആനപ്പാറ - നാലുസെന്റ് കോളനി	1.0	
7	1	കോളിമൂല -ചൊറിച്ചിഇടവഴി	0.5	
8	1	ആലിൻ ചുവട്_തണ്ണിച്ചോല	1.0	
9	1	ചുള്ളിയോട് ചന്തവഴി അമ്പലകുന്ന്	1.0	
10	2	തൊവരിമല_കോട്ട പൊന്നംകൊല്ലി. പാലാക്കുനി കോളിയാടി	6.0	
11	2	5_ാം മൈൽ_കോട്ട	1.5	
12	2	വെട്ടാളിക്കര_പൊന്നംകൊല്ലി	1.0	
13	2	മാടക്കര_കുളിപ്പുര_മംഗലംകുന്ന്	3	
14	2	മംഗലം കാർപ്പ്_കോട്ടയിൽ ചിറ	1	
15	2	അഞ്ചാം മൈൽ_പുന്നാട്ടുവയൽ_കുറുക്കൻകുന്ന്	2.5	
16	2	മംഗലംകുന്ന്_കോളിമൂല	2.0	
17	3	ആനപ്പാറപാലം_തെക്കൻകൊല്ലി_അമ്പുകുത്തി	2.0	
18	3	പാടിപറമ്പ് ആനപ്പാറപാലം - തെക്കൻകൊല്ലി	2.5	
19	3	ചിറക്കാപ്പ് - തൊവരിമല	2.0	
20	3	ആനപ്പാറ_പാടിപറമ്പ്_അമ്പുകുത്തി	3.5	
21	4	തെക്കൻ കൊല്ലി_മാളിക	1.5	
22	3	അത്തിവയൽ_ആനപ്പാറ	1.5	
23	4	തെക്കൻ കൊല്ലി_വെള്ളച്ചാട്ടം	1.0	
24	4	കുപ്പക്കൊല്ലി, പൊൻമുടിക്കോട്ട	4	
25	4	മങ്കൊമ്പ് - മാളിക - കോളനി റോഡ്	3	
26	4	എടക്കൽകോളനി - കുപ്പക്കൊല്ലി	1	
27	4.5	അമ്പുകുത്തി 19 - എടക്കൽമലമുകൾ	1.5	
28	4	എടക്കൽ - അമ്പലവയൽ	2	
29	5	നീലിമാങ്ങ_മഞ്ഞാടി	1.250	
30	5,6	കുന്താണി മഞ്ഞാടി_മലവയൽ കുരിശുപള്ളി	1	
31	6	കുന്താണി_മലവയൽ_മുസ്ലിംപള്ളിറോഡ്	1.0	
32	6	അമ്മായിപ്പാലം_മലങ്കരവയൽ	0.5	
33	5,3	കുന്താണി_തൊവരിമല	0.650	

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി
34	6	മാക്കുറ്റി-കൈപ്പഞ്ചേരി	0 5	
35	6	മണ്ടോക്കര-മണ്ടോക്കരകോളനി	0.500	
36	6	കുന്താണി-വാഴക്കണ്ടി	0.500	
37	6	മണ്ടോക്കര-മാനിവയൽ	0.300	
38	6	മണ്ടോക്കര-മാവാടി	0.600	
39	6	മലങ്കര - അമ്മായിപ്പാലം	0.750	
40	7	കൊല്ലിവയൽ - കോളിയാടി	1.0	
41	8	ചിറ്റൂർ - അരിമാനി	1.0	
42	8	മാക്കുറ്റി - പടിഞ്ഞാറേമുക്കം	0.300	
43	8	പുത്തൻകുന്ന് - അത്തിയൂർ കോളനി	0.200	
44	8	നൊച്ചൻ വയൽ - തോട്ടപ്പുര	0.200	
45	8	മാക്കുറ്റി - മാക്കുറ്റികോളനി	0.250	
46	8	പുഞ്ചവയൽകവല - കൈപ്പഞ്ചേരി	0.500	
47	8	നൊച്ചൻ വയൽ - താഴെപുത്തൻകുന്ന്	1.0	
48	8	മാക്കുറ്റി-പുല്ലുവാരി	1.0	
49	8	ചിറ്റൂർ അങ്കൻവാടി-അണക്കെട്ട്	1.0	
50	8	പുത്തൻകുന്ന് -തൊടുവട്ടി കോളനി	1.0	
51	8	കൊന്നമ്പറ-നായ്ക്കകോളനി	0.250	
52	9	പഴൂർ-കഴമ്പ്	1.00	
53	9	കഴമ്പ്കുന്ന്-അരിമാനികോളനി	1.500	
54	9	ചീരാൽ-ചവുണ്ടമൂല-കളമോട്	1.00	
55	9	പണിക്കർപടി-കണ്ണിവട്ടംകോളനി	1.00	
56	9	പഴൂർ - അമ്പലം	1.00	
57	9	അമരമ്പം - അമ്പലക്കര	1.00	
58	9	എസ്റ്റേറ്റ്പടി - കളമോട്	1.00	
59	9	നമ്പികൊല്ലി - കോളനി	1.00	

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം	വീതി
60	9	മാവേലിനഗർ - കളമോട്	1.0	
61	9	കഴമ്പുകുന്ന് - എലമാങ്ങ	1.0	
62	10	കോൽക്കുഴി - കൊല്ലിവയൽ - താഴത്തൂർ	1.0	
63	10	മഞ്ഞക്കുന്ന് - തവനി	1.50	
64	10	കൊമ്മാട് കോളനി - താഴത്തൂർ	1.00	
65	10	പുൽപ്ര - ചെറുമാട്	2.00	
66	11	പുളിഞ്ചാൽ - കല്ലിൻകര ശിവക്ഷേത്രം	1.00	
67	11	താഴത്തൂർ - പാടിയേരി കോളനി	1.00	
68	11	അയരങ്ങാടി - കൊഴുവണ	5.200	
69	11	കൊഴുവണ - നൂലക്കുന്ന്	1.500	
70	,,	നൂലക്കുന്ന് കോളനി - മുസ്ലിംപള്ളി	1.00	
71	,,	കൊഴുവണ - മാങ്ങോട്	2.00	
72	,,	പുളിഞ്ചാൽ - വട്ടക്കൊരവ്	1.00	
73	,,	കൊഴുവണക്കുന്ന് - റോഡ്	0.500	
74	12	പാട്ടത്ത് - വരിക്കേരി	1.00	
75	12	ഈസ്റ്റ് ചീരാൽ - കളന്തൂർ	2.500	
76	12	കുന്തൻ ചാരി - കരിങ്കാളിക്കുന്ന്	2.000	
77	12	കണ്ടർമല - പാട്ടത്ത്	0.500	
78	12	വെണ്ടോൽ - പുല്ലിമാട്	1.00	
79	12	കല്ലുമുക്ക് - മുരിക്കിലാടി കോളനി	1.500	
80	12	ചീരാൽ - ചിറക്കംവയൽ കോളനി	1.500	
81	12,13	വെണ്ടോൽ - ആർത്തുവയൽ - നമ്പ്യാർകുന്ന്	4.00	
82	13	നമ്പ്യാർകുന്ന് - പൂളക്കുണ്ട്	5.00	
83	13	ആശ്രമം ആർത്തുവയൽ കോളനി	1.00	
84	13	പോസ്റ്റ് ഓഫീസ് - കുറുമക്കൊല്ലി കോളനി, കല്ലൂർ	1.00	
85	13	പൂളക്കുണ്ട് - നറമാട്	0.750	
86	13	കല്ലൂർ - ആർത്തവയൽ - പൂളക്കുണ്ട്	3.00	

ക്രമ നമ്പർ	കാർഡ് നമ്പർ	റോഡിന്റെ പേര്	ഉടമസ്ഥത	നീളം കി. മി.	വീതി
87	13	നമ്പ്യാർകുന്ന് — മാളേരിലക്ഷംവീട് കോളനി		1.00	
88	13	മധുവന്താം — മാങ്ങാച്ചാൽകുന്ന് — കല്ലൂർ		2.00	
89	13	കണ്ണങ്കാട് — പുതുശ്ശേരിവയൽ		1.00	
90	13	നമ്പ്യാർകുന്ന് - മാന്തണ		0.500	
91	14	ചീരാൽ - മുത്താച്ചിക്കുനി - മുണ്ടക്കൊല്ലി		2.00	
92	14	കൈലാസംകുന്ന് കുന്തഞ്ചാരി		1.00	
93	14	ഈസ്റ്റ് ചീരാൽ — ചെട്ടികൊടന്ന — കൊളഗംവയൽ — മുണ്ടക്കൊല്ലി — ഈസ്റ്റ് ചീരാൽ സർക്കുലർ		3.00	
94	14	അമരമ്പംകവല — വല്ലത്തൂർവയൽ		1.00	
95	14	മുണ്ടക്കൊല്ലി — കൊട്ടക്കുണ്ടുകോളനി (നായ്ക്കകോളനി)		1.00	
96	14	പണിക്കർപടി — വല്ലത്തൂർ		1.00	
97	14	ചീരാൽ ആശുപത്രിമുക്ക് — മുണ്ടക്കൊല്ലിവയൽ പട്ടിക — 5—6 ഡി		1.00	

പട്ടിക 5_6 സി

പുതിയതായി നിർമ്മിക്കേണ്ട മൺറോഡുകൾ

1	06	പുഞ്ചവയൽകോളനി — കോളിയാടി	1 K.M
2	07	കൊന്നംപറ — ചമയൻകുന്ന്	1 K.M
3	07	അറിമാനി — കിതിരവയൽ — വലിയവിം	1 K.M
4	07	മാത്തൂർപാലം — പാലാക്കുനി	1 K.M
5	08	പുത്തൻകുന്ന് — കൊന്നംപറ	1 K.M
6	14	ഇടക്കുടുക്കി — അച്ചങ്കോൽ — മുത്താച്ചിക്കുനി	1 K.M

പ്രകൃതി നിയമങ്ങളെ
ബോധപൂർവ്വമോ അജ്ഞതകൊണ്ടോ
ലംഘിക്കുന്നതിൽ നിന്നാണ്
സുഖക്കേടുകൾ ഉണ്ടാവുന്നത്.

-ഗാന്ധിജി

5-7

പാർപ്പിടവും സാമൂഹ്യ ക്ഷേമവും

നെൻമേനി, ചീരാൽ എന്നീ രണ്ട് വില്ലേജുകളിലായി 14 വാർഡുകളിലായി അടങ്ങിയ നെൻമേനി പഞ്ചായത്തിലെ 549 കുടുംബങ്ങൾക്ക് സ്വന്തമായി വീടുകളില്ല.

കുലിപ്പണിയെടുത്ത് ഉപജീവനം കഴിക്കുന്നവരാണ് പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും. അതുകൊണ്ടു തന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ കൂടുതലുള്ളത്. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരും കർഷകതൊഴിലാളികളുമാണ് കുടിലുകളിൽ താമസിക്കുന്നവരിൽ ഭൂരിപക്ഷവും.

പഞ്ചായത്തിലെ 8675 വീടുകളിൽ 3921 വീടുകളും കുടിലുകളും (45%) 3782 വീടുകളും ഓടിട്ടതും (44%) 550 വീടുകളും കോൺക്രീറും (6%) ആസ്ബസ്റ്റോസ് ഷീറ്റ് വീടുകളും 422-ഉം (5%) ആണ്. ഭവന നിർമ്മാണ മേഖലയിൽ ഗൗരവമായ പ്രശ്നങ്ങൾ കണ്ടുവരുന്നത് തൊവരിമല, ചുള്ളിയോട് പ്രദേശങ്ങളിലാണ്. ഭൂമി പണയപ്പെടുത്തിയോ, തുണ്ടുഭൂമികളും മുറിച്ചു വിറ്റോ നല്ല ഒരു വീട് നിർമ്മിക്കണമെന്ന ആഗ്രഹം ജനങ്ങളിൽ ശക്തിയായുണ്ട്. കോൺക്രീറുവീടുകളും നിർമ്മിക്കാനുള്ള പ്രവണതയും കൂടുതലായി കണ്ടുവരുന്നുണ്ട്.

പഞ്ചായത്തിലെ നാലായിരത്തോളം വരുന്ന കുടുംബങ്ങൾക്ക് താമസയോഗ്യമായ വീടുകളില്ല എന്നതും 549 ഓളം കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല എന്നതും പഞ്ചായത്തിലെ ഭവന മേഖലയിലെ ഗുരുതരമായ പ്രശ്നങ്ങളാണ് പഞ്ചായത്തിലെ എസ്:സി/എസ് റ്റി കോളനികളിലെ മിക്ക വീടുകളും മഴ പെയ്താൽ ചോർന്നൊലിക്കുന്നവയാണ്. പ്രാദേശിക സ്വയം ഭരണ സമിതികളിൽ നിന്നും കേന്ദ്രകേരള സർക്കാരുകളിൽ നിന്നും വിവിധ ഭവന നിർമ്മാണ പദ്ധതി ഉപയോഗിച്ച് ലഭിക്കുന്ന സാമ്പത്തിക സഹായത്തെ ആശ്രയിച്ച് മാത്രമാണ് കോളനികളിലെ ഭവന നിർമ്മാണ രംഗത്തെ പുരോഗതി നിലകൊള്ളുന്നത്. ഭവന നിർമ്മാണ രംഗത്ത് പഞ്ചായത്തിൽ തന്നതായി സഹകരണ സംഘങ്ങളും ഒന്നും പ്രവർത്തിക്കുന്നില്ല.

ഉൾപ്രദേശങ്ങളിലുള്ള വീടുകൾ PWD റോഡിനോ, പഞ്ചായത്ത് റോഡിനോ സമീപത്തേക്ക് മാറ്റി പണിയുക എന്ന പ്രവണതയും, വയൽ നികത്തി വീടുകൾ പണിയുന്ന പ്രവണതയും അൽപാൽപ്പമായി കണ്ടുവരുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മുഴുവൻ പേർക്കും താമസയോഗ്യമായ പാർപ്പിട സൗകര്യം ഉറപ്പുവരുത്തണമെങ്കിൽ രണ്ട് വിധത്തിലുള്ള സമഗ്ര ഭവന നിർമ്മാണ സഹായ പദ്ധതി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിനകത്ത് ഭവന നിർമ്മാണ സഹായ സഹകരണ സംഘം രൂപീകരിച്ച് ഇടത്തരക്കാർക്ക് വീട് നിർമ്മിക്കുന്നതിനാവശ്യമായ വായ്പ മിതമായ പലിശ നിരക്കിൽ ലഭ്യമാക്കേണ്ടതാണ്. IAY, JRY പോലെയുള്ള പദ്ധതികളുടെ പണം ഉപയോഗിച്ച് ദുർബ്ബല വിഭാഗങ്ങൾക്കും, എസ്:സി/എസ്:റ്റി വിഭാഗങ്ങൾക്കും ധനസഹായം.

പട്ടിക 5—7 എ

വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലത്തിൽ

വാർഡ്	കോൺക്രീറ്റ് വീടുകളം	ഓടുവീടുകളം	ആസ്ബസ്റ്റോസ് ഷീറ്റ്–വീടുകളം	കുടിലുകളം	ആകെ
I	62	419	82	592	1155
II	47	548	65	301	961
III	56	391	18	390	855
IV	54	211	10	209	484
V	69	445	32	470	916
VI	68	401	17	510	996
VII	35	186	39	141	401
VIII	39	202	20	250	511
IX	13	206	20	270	509
X	23	257	23	296	599
XI	54	283	56	364	757
XII	30	233	40	128	431
ആകെ	550	3782	422	3921	8575

അവലംബം പഞ്ചായത്ത് രേഖകളം

പട്ടിക 5—7 ബി

വിവിധ സ്കീം ഉപയോഗിച്ച് പഞ്ചായത്തിൽ അനുവദിച്ച വീടുകൾ

സാമ്പത്തിക വർഷം	ഇന്ദിരാ ആവാസ് യോജന പദ്ധതി	ജവഹർ ഗോസ്ഗർ യോജന പദ്ധതി	ഉപാധി രഹിത ഫണ്ട്	M. W. S.	ആകെ
1990—91	—	26	12	18	56
91—92	—	07	14	28	49
92—93	15	08	04	33	60
93—94	07	14	13	33	67
94—95	10	16	15	18	59
95—96	11	09	—	—	20
96—97	63	20	—	—	83
ആകെ	106	100	58	130	394

അവലംബം: പഞ്ചായത്ത് രേഖകൾ

ഇന്ന് നൽകുന്നത് ഒരു വീട് വെക്കാൻ അപര്യാപ്തമാണ്. ഈ തുക വർദ്ധിപ്പിക്കാനും, കൂടുതൽ പേർക്ക് നൽകാനും കഴിയേണ്ടതാണ്.

ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും, കൂലി നിരക്കിലെ വർദ്ധനവുമെല്ലാം സ്വന്തമായൊരു വീട് എന്ന ആശയം സാക്ഷാത്ക്കരിക്കാൻ പാവപ്പെട്ടവന് മുൻപിൽ പ്രതിബന്ധങ്ങളും സൃഷ്ടിക്കുന്നു. '75-'80 കാലയളവിൽ കെട്ടുപണിക്കാർക്ക് 15 രൂപ ആയിരുന്ന കൂലി. ഇത് '80-'85ൽ 40 രൂപയായും '85-'90ൽ 75 രൂപയായും '90-'92 ൽ 100 രൂപയായും '92-'96ൽ 125 രൂപയായും ഉയർന്നു. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കൂലി നിരക്ക് വർദ്ധിച്ചത് ജീവിത ചെലവ് വർദ്ധിക്കുന്നതിന്റെ ഭാഗമാണെങ്കിലും ഈ കൂലി വർദ്ധനവ് ഈ മേഖലയിലെ സ്ത്രീ തൊഴിലാളിക്ക് ആവശ്യകതക്കനുസരിച്ച് ലഭിക്കുന്നില്ല.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റിന് '80 - '85ൽ 90 രൂപയായിരുന്നത് ഇപ്പോൾ 160-200 രൂപയായി വർദ്ധിച്ചു. കല്ല്, മണൽ, കമ്പി എന്നിവയ്ക്കെല്ലാം വില വർദ്ധിച്ചു.

'80-'85 കാലഘട്ടത്തെ അപേക്ഷിച്ച്, കെട്ടിട നിർമ്മാണത്തിനു വ്യാപകമായി ഉപയോഗിക്കുന്ന ഇഷ്ടികകളുടെ നിർമ്മാണം പഞ്ചായത്തിൽ വർദ്ധിച്ചു വരുന്നു. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്വകാര്യ വ്യക്തികളും നടത്തുന്ന ഇഷ്ടികക്കളങ്ങളും IRDP സഹായത്തോടെ പ്രവർത്തിക്കുന്ന സഹകരണ ഇഷ്ടിക നിർമ്മാണ യൂണിറ്റുകളുമുണ്ട്. പഞ്ചായത്തിലെ എല്ലാ ഇഷ്ടികക്കളങ്ങളെയും ഉൾപ്പെടുത്തി ഒരു സഹകരണ സംഘം സ്ഥാപിച്ചാൽ ഇഷ്ടിക കുറഞ്ഞ നിരക്കിൽ വീടു നിർമ്മാതാക്കൾക്കു ലഭ്യമാക്കാൻ കഴിയും. ഇഷ്ടികക്കളങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളും കാണാതിരുന്നു കൂടാ. സിമൻറ് ഹോളോബ്രിക്സ്, സിമൻറ് കട്ട തുടങ്ങിയവയും വീടു നിർമ്മാണത്തിനുപയോഗിച്ചു വരുന്നുണ്ട്. കെട്ടിട നിർമ്മാണം രംഗത്തു പണിയെടുക്കുന്ന തൊഴിലാളികൾക്കു ചെലവു കുറഞ്ഞ രീതിയിൽ വീടു നിർമ്മിക്കാൻ ആവശ്യമായ വൈദഗ്ദ്ധ്യം ലഭ്യമാക്കേണ്ടതാണ്. 93 SC/ST കോളനികളിലായി 1055 കുടുംബങ്ങൾ താമസിക്കുന്നതായി കണക്കുകൾ കാണിക്കുന്നു. എട്ട്, നാല് സെൻറ് കോളനികളിലായി 191 കുടുംബങ്ങൾ താമസിക്കുന്നു. 4 സെൻറ് കോളനികളിൽ താമസിക്കുന്നവരിൽ ഭൂരിപക്ഷം പേരും കുടിലുകളിലാണ്. അന്തിയുറങ്ങുന്നത്. വീടു വെയ്ക്കാൻ ഭൂമി ലഭിക്കാത്ത അവസ്ഥ പരിഹരിക്കാൻ ഈ 4 സെൻറ് കോളനികൾ ഭൂരഹിതർക്ക് ആശ്വാസം പകരുന്നു.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കാനും, ഭവന രഹിതർക്ക് വീടു നിർമ്മിച്ചു നൽകാനും, സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും മാത്രം കാര്യമായി ഒന്നും ചെയ്യാൻ കഴിയില്ല എന്നു അനുഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. വാർഡ് തലത്തിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ചേ മതിയാവൂ. വാർഡ് തലത്തിൽ വളരെ വിശദമായ ഒരു സർവ്വേ ഇതിനായി സംഘടിപ്പിക്കുകയും, ഭവന നിർമ്മാണത്തിനു സഹായം ലഭിക്കേണ്ടവരുടെയും, സന്നദ്ധ സംഘടനകളുടെയും ഒരു യോഗം വിളിച്ചു ചേർത്തു, ഈ ഭവന നിർമ്മാണ പദ്ധതിക്കു സാമ്പത്തികവും, കായികവും, സാമഗ്രികളും ഉൾപ്പെടെയുള്ള പ്രാദേശിക വിഭവങ്ങളും കൂടി സമാഹരിക്കാൻ പദ്ധതി കാലഘട്ടത്തിൽ കഴിയേണ്ടതാണ്. ഇതിനു പുറമെ വീടിനെ സംബന്ധിച്ച നമ്മുടെ കാഴ്ചപ്പാടിൽ മൗലികമായ മാറ്റങ്ങളുമാവശ്യമാണ്. നമ്മുടെ ധനശേഷിയെ പ്രചരിപ്പിക്കുന്നതുള്ള ആഡംബരവസ്തുവായി വീടുകളെ കാണുന്നതു തെറ്റാണ്. വീടു മഴ, വെയിൽ തുടങ്ങിയവയിൽ നിന്നു സംരക്ഷണം ലഭിക്കാനുള്ള ഒരു കേന്ദ്രം മാത്രമാണ്. വീടുകൾ നിർമ്മിക്കാൻ ലക്ഷക്കണക്കിനു രൂപ ചിലവഴിക്കുന്നതു വികസന വിരുദ്ധ സമീപനമാണ്. വീടിനു വേണ്ടി മുതൽ മുടക്കുന്ന തുക ഉത്പാദന മേഖലകളിലേക്ക് (കാർഷിക-വ്യവസായിക) തിരിച്ചു വിടേണ്ടതാണ്. ഈ കാഴ്ചപ്പാടിലേക്കു പഞ്ചായത്തിലെ ബഹു ഭൂരിപക്ഷം വരുന്ന ജനങ്ങളെ ആകർഷിക്കാൻ കഴിയുന്ന രൂപത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. പാർപ്പിട രംഗത്തെ അതിസങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1 പഞ്ചായത്തുതലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

കെട്ടിട നിർമ്മാണ സാമഗ്രികളും, ഈ മേഖലയിലെ തൊഴിലാളികളെയും സംഘം മുഖേന ഗുണഭോക്തൃതാക്കന്മാർക്ക് വിതരണം ചെയ്യണം. സർക്കാർ ദുർബല വിഭാഗങ്ങൾക്കും SC/ST വിഭാഗങ്ങൾക്കും വീടുണ്ടാക്കാൻ അനുവദിക്കുന്ന സാമ്പത്തിക സഹായം ഉപയോഗിച്ചുള്ള വീട് നിർമ്മാണ പ്രവർത്തി ഈ സംഘം ഏറ്റെടുത്തു നടത്തേണ്ടതാണ്.

2 3 ലക്ഷം രൂപയ്ക്ക് മുകളിലും 100 ച. മീറ്ററിൽ കൂടുതലുള്ള വീടുകൾക്ക് കർശനമായ പരിധി ഏർപ്പെടുത്തുകയും ഇങ്ങനെയുള്ള വീടുകളിൽ നിന്നും അധിക നികുതി ഈടാക്കുക. ഈ തുക പഞ്ചായത്തുതല ഭവനനിർമ്മാണ പദ്ധതിക്ക് ഉപയോഗിക്കുക.

3 സർക്കാർ നൽകുന്ന വായ്പകൾ കുറച്ചുകൂടി സ്വതന്ത്രമായി വിതരണം ചെയ്യാൻ പഞ്ചായത്തുകൾക്ക് അധികാരം നല്കുക.

4 ഭവന നിർമ്മാണത്തിനുള്ള സഹായങ്ങൾ നൽകലും അപേക്ഷ സ്വീകരിക്കലും നടത്തിപ്പുമെല്ലാം പൂർണ്ണമായും പഞ്ചായത്തിനെ ഏൽപ്പിക്കുക.

5 വീട് നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ചില നിബന്ധനകൾക്ക വിധേയമായി ഗ്രാമ പഞ്ചായത്തംഗങ്ങളെ ഏൽപ്പിക്കുക.

6 ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക. തൊഴിലാളികൾക്ക് പരിശീലനം നൽകുക.

7 സർക്കാർ നൽകുന്ന ഭവന നിർമ്മാണ സഹായ തുകയുടെ അളവ് വർദ്ധിപ്പിക്കുക.

8 ഇടത്തരം വിഭാഗങ്ങൾക്ക് വീട് വെയ്ക്കാൻ വായ്പ പലിശനിരക്കിൽ നൽകാൻ പഞ്ചായത്ത് ഒരു വായ്പാ പദ്ധതി ആവിഷ്ക്കരിക്കുക. ഇതിലേക്ക് സർക്കാർ ഗ്രാന്റ് ലഭ്യമാക്കുക.

9 ഭൂരഹിതരായവർക്ക് വീടുണ്ടാക്കാൻ ആവശ്യമായ സ്ഥലം പഞ്ചായത്ത് വിലക്കെടുത്ത് വിതരണം ചെയ്യുക.

10 ഇത്തരം ആവശ്യങ്ങൾ നിർവഹിക്കാൻ പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നതിൽ പഞ്ചായത്തുകളുടെ മേൽ ഇന്നുള്ള നിയന്ത്രണം എടുത്തുകളയുക. ഭവനലഭ്യത മുഴുവൻ പേർക്കും ഉറപ്പു വരുന്നതോടെ മാത്രമേ നമ്മുടെ വികസന പ്രക്രിയ പൂർത്തിയാവുകയുള്ളൂ. ഒമ്പതാം പദ്ധതിയിൽ ഈ പ്രശ്നം പൂർണ്ണമായില്ലെങ്കിലും പരമാവധി പൂർത്തീകരിക്കാൻ നമുക്ക് കഴിയേണ്ടതാണ്.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ മേഖലയിൽ ഇന്ന് നടക്കുന്ന പ്രവർത്തനങ്ങളെ അവലോകനം ചെയ്യുമ്പോൾ ക്ഷേമപദ്ധതികൾക്ക് ചെലവഴിക്കുന്ന തുക പൂർണ്ണമായും ലക്ഷ്യത്തിനു വേണ്ടി വിനിയോഗിക്കുന്നില്ല. രണ്ടുതരം പ്രവർത്തനങ്ങളാണ് ഇന്ന് ഈ മേഖലയിൽ നടക്കുന്നത്.

ഒന്ന് ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയും, സംഘടിത അസംഘടിത തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും, നിരാലംബർക്കുള്ള പെൻഷൻ പദ്ധതിയുമാണ്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്കുള്ള ഐ. ആർ. ഡി. പി. മുഖേന നടപ്പാക്കുന്ന സഹായങ്ങളാണ് ഇതിൽ പ്രധാനം. ദുർബല വിഭാഗങ്ങളെ

സ്വയം വരുമാനമുള്ളവരും ദാരിദ്ര്യ രേഖയ്ക്ക് മുകളിലേക്ക് കൊണ്ടുവരികയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഐ. ആർ. ഡി. പി. മുഖേന വിതരണം ചെയ്യുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതികൾക്ക് നിരവധി പോരായ്മകളും ഇന്നുണ്ട്. ഇതിൽ പ്രധാനമായത് ബാങ്കുകളും ഈ പദ്ധതിയോട് സ്വീകരിക്കുന്ന സമീപനമാണ്. ഐ. ആർ. ഡി. പി. ഗുണഭോക്താക്കൾക്ക് തിരിച്ചടയ്ക്കാൻ ശേഷിയില്ല എന്നു പറഞ്ഞു മിക്ക ബാങ്കുകളും ലോൺ നിരസിക്കുകയാണ്. ഈ വായ്പാ പദ്ധതികളെ സംബന്ധിച്ച് അർഹരായവർക്ക് കാര്യമായ അറിവില്ല എന്നതും ഒരു പ്രശ്നമാണ്. ബത്തേരി ബ്ലോക്കിൻ കീഴിൽ നെന്മേനി, ചീരാൽ എന്നീ രണ്ടു സർക്കിളുകളിലായി ഈ പദ്ധതികളും നടപ്പിലാക്കുന്നു. ലഭ്യമായ വിവരമനുസരിച്ച് 4353 കുടുംബങ്ങളും പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇതിൽ സഹായം ലഭിച്ച കുടുംബങ്ങളിൽ ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയവരുടെ വിവരങ്ങളും ലഭ്യമല്ല. ഈ സഹായത്തെ ഉപയോഗിച്ച് മെച്ചപ്പെട്ട വരുമാനമാർഗ്ഗം കണ്ടെത്തിയ കുടുംബങ്ങളെയും കാണാം. സ്ത്രീകളുടെ ഉന്നമനത്തിനായി ഐ. ആർ. ഡി. പി മുഖേന പ്രവർത്തിക്കുന്ന D. W. C. R. A. യൂണിറ്റുകളും പഞ്ചായത്തിലുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നല്കുന്ന C. R. S. P. പദ്ധതി പ്രകാരം 2000 രൂപവീതം ഗ്രാന്റു നൽകുന്ന പരിപാടിയെക്കുറിച്ച് വ്യക്തമായ ധാരണ ഐ. ആർ. ഡി. പി. ഗുണഭോക്താക്കൾക്കില്ല. കെട്ടിട നിർമ്മാണ തൊഴിലാളികൾക്കും കൊല്ലപ്പണിക്കാർക്കും ആശാരിമാർക്കുമുള്ള 'ടൂൾ കിറ്റ്' വിതരണവും കാര്യക്ഷമമായി നടക്കുന്നില്ല. സാമൂഹ്യക്ഷേമ രംഗത്തും റവന്യൂ വകുപ്പ് പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള സഹായ ധനവുമാണ് നടപ്പാക്കിവരുന്നത്. അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നില്ല എന്നതും അനർഹർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നു എന്നതും ഈ പദ്ധതികളുടെ പോരായ്മയാണ്. പെൻഷനും മറ്റും ലഭിക്കുന്നതിന് എന്താണ് ചെയ്യേണ്ടത് എന്നുള്ളതിനെപ്പറ്റി അജ്ഞതയും അപേക്ഷ നല്കുന്നതിലും ആവശ്യമായ സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതിലും മറ്റും സാങ്കേതികമായി നിരവധി ന്യൂനതകളുണ്ട്.

വിധവാ പെൻഷൻ

ഭർത്താവ് മരണമടഞ്ഞാൽ ഈ പെൻഷനു സ്ത്രീകൾ അർഹരാണ് എന്നു പറയാറുണ്ടെങ്കിലും പ്രായപൂർത്തിയായ ആൺമക്കളുണ്ട് എന്ന കാരണത്തിൽ ഈ പെൻഷൻ പലർക്കും നിരസിക്കുന്നു. പഞ്ചായത്തിൽ 47 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നു (നെന്മേനി 28, ചീരാൽ 19)

വികലാംഗ പെൻഷൻ

പഞ്ചായത്തിൽ 42 പേർക്ക് വികലാംഗ പെൻഷൻ ലഭിക്കുന്നു (നെന്മേനി 39, ചീരാൽ 3) അംഗവൈകല്യം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് അർഹരായവർക്ക് ഈ പെൻഷൻ ലഭിക്കുന്നതിനു തടസ്സമാകുന്നു. പെൻഷൻ പദ്ധതിയെ സംബന്ധിച്ച അറിവില്ലായ്മയുമുണ്ട് സ്ട്രിഫിക്കറ്റ് വാങ്ങുന്നതിനു മാനന്തവാടി ജില്ലാ മെഡിക്കൽ ഓഫീസറെ സമീപിക്കേണ്ടിവരുന്നതു ബുദ്ധിമുട്ടുണ്ടാക്കുന്നു.

വാർദ്ധക്യകാല പെൻഷൻ

ഈ പെൻഷനു അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നില്ല. പഞ്ചായത്തിൽ 94 പേർക്ക് ലഭിക്കുന്നുണ്ട് (നെന്മേനി 85, ചീരാൽ 9) മറ്റ് പെൻഷൻ ലഭിക്കുന്നതിനുള്ള പ്രായോഗികപരമായ ബുദ്ധിമുട്ടുകളും ഈ പെൻഷൻ പദ്ധതിക്കുമുണ്ട്. കഷ്ടത്തൊഴിലാളി പെൻഷൻ അവശ കലാകായികതാര പെൻഷൻ തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങളും ലഭ്യമല്ല. ക്ഷയരോഗികൾക്കുള്ള പെൻഷൻ നാലുപേർക്കും കാൻസർ രോഗികൾക്കുള്ള പെൻഷൻ ഒരാൾക്കും ലഭിക്കുന്നുണ്ട്.

പട്ടിക 5—7 സി

പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

വില്ലേജിന്റെ പേര്	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	അവശകലാകാര പെൻഷൻ	അവശകായികതാര പെൻഷൻ	ക്ഷയരോഗ പെൻഷൻ	കാൻസർ പെൻഷൻ	കുഷ്ഠരോഗ പെൻഷൻ
നെൻമേനി	—	28	39	85	—	—	4	1	—
ചീരാൽ	—	19	03	09	—	—	—	—	
	ആകെ	47	42	94	—	—	4	1	

അവലംബം: പെൻഷൻ രജിസ്റ്റർ (വില്ലേജ് രേഖകൾ)

തൊഴിലില്ലായ്മ വേതനം

തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് ഒരു ആശ്വാസമെന്ന നിലക്കാണ് തൊഴിലില്ലായ്മാ വേതനം വിതരണം ചെയ്തുവരുന്നത്. പഞ്ചായത്തിൽ 211 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നതായി എംപ്ലോയിമെൻറ് എക്സേഞ്ചിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വേതനം അനുവദിച്ചുകഴിഞ്ഞാൽ പിന്നീട് സ്വയം തൊഴിൽ കണ്ടെത്തിക്കഴിഞ്ഞാലും വേതനം വാങ്ങുന്നത് തടയപ്പെടേണ്ടതാണ്. അനർഹർ വാങ്ങുകയും അർഹർക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ പരിഹരിക്കണമെങ്കിൽ അപേക്ഷ വാങ്ങലും വേതന വിതരണവുമെല്ലാം കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്.

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ 600-ളം പേർ കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിൽ എടുക്കുന്നതായി മനസിലാക്കുന്നു. മുഴുവൻ ആളുകളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഇങ്ങനെ ഒരു ക്ഷേമനിധിയുള്ള വിവരംഅറിയാത്തതൊഴിലാളികളുമുണ്ട്. ഈ മേഖലയിലെ ട്രേഡ് യൂണിയനുകളാണ് ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്ന പ്രവർത്തനം സംഘടിപ്പിക്കുന്നത്. എന്നാൽ ഇതും വേണ്ടത്ര കാര്യക്ഷമമല്ല. തയ്യൽ, ബാർബർ, കൊല്ലന്മാർ, വാച്ച് സൈക്കിൾ റിപ്പയർമാർ, ആഭരണ തൊഴിലാളികൾ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധിയുണ്ടെങ്കിലും പദ്ധതിയെക്കുറിച്ച് പൊതുവിവരം ലഭ്യമല്ല.

അംഗൻവാടികളുടെ പ്രവർത്തനം

സാമൂഹ്യ ക്ഷേമരംഗത്ത് ഗുണകരമായ നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 21 എണ്ണം പ്രവർത്തിക്കുന്നു. 9-ാം വാർഡിൽ ഒരു അംഗൻവാടി പോലും ഇല്ല. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്ന സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ലക്ഷ്യം പഞ്ചായത്തിനെ സംബന്ധിച്ച് ഇനിയും സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ല. മിക്ക അംഗൻവാടികൾക്കും സ്വന്തമായ കെട്ടിടങ്ങളോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ല. അംഗൻവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിൻ കീഴിൽ ആക്കിയിട്ടുണ്ടെങ്കിലും അംഗൻവാടി കെട്ടിടങ്ങളുടെ റിപ്പയറിനാവശ്യമായ ഫണ്ട് ലഭ്യമല്ല. കൊച്ചുകുട്ടികളുടെ ബുദ്ധിവികാസത്തിൽ നിർണ്ണായക സേവനം നടത്തുന്ന അംഗൻവാടി വർക്കറുടെയും ഹെൽപ്പറുടേയും ശമ്പളം, ചെയ്യുന്ന ജോലിക്ക് തുല്യമായതല്ല. പല അംഗൻവാടികളുടെയും പ്രവർത്തനം തൃപ്തികരമായി വരാത്തതിന് പ്രധാന കാരണം പൊതുജന പങ്കാളിത്ത കുറവാണെന്നു കാണുന്നു.

പൊതു വിതരണ സംവിധാനം

പതിനാറു റേഷൻ കടകളിലൂടെയാണ് പഞ്ചായത്തിലെ പൊതു വിതരണ സംവിധാനം നിർവ്വഹിക്കപ്പെടുന്നത്. പഞ്ചായത്തിൽ

മാവേലി സ്റ്റോറുകളില്ല. എന്നാൽ പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ആഴ്ചയിൽ ഒരു തവണ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും എത്താറുണ്ട്. റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം കുറയുന്നു എന്ന ചർച്ചയും കടകളിലെത്തുന്ന നല്ല അരിയും മറ്റും കടയുടമകളും മറിച്ചു വിൽക്കുന്നു എന്ന ചർച്ചയും ഉയർന്നുവരാറുണ്ട്.

സാമൂഹ്യക്ഷേമ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങളും പരിഗണിക്കേണ്ടവയാണ്.

1 IRDP ഗുണഭോക്താക്കളുടെ തിരിച്ചടവ് ശേഷിയില്ലാ എന്നു പറഞ്ഞ് സ്വയം തൊഴിൽ വായ്പകളും നിരസിക്കുന്ന ബാങ്കുകളുടെ നടപടികൾക്കെതിരെ നിയമ നിർമ്മാണം ഉണ്ടാവണം.

2 IRDP ഗുണഭോക്താക്കൾക്ക് നൽകുന്ന വായ്പ നിശ്ചയിക്കപ്പെട്ട പദ്ധതിക്കുവേണ്ടി ചിലവഴിക്കുന്നുണ്ടോ എന്നു പരിശോധിക്കാനും, വായ്പാ പദ്ധതിയേയും മറ്റും സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനും ഒരു പഞ്ചായത്ത്തല സമിതി രൂപീകരിക്കുക.

3 DWCRA യൂണിറ്റുകളാരംഭിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുന്ന തൊഴിൽ പരിശീലനം നൽകുക.

4 വിവിധ പെൻഷനുകളുടെ അപേക്ഷ സ്വീകരിക്കലും പെൻഷൻ തുക നൽകലും എല്ലാം ഗ്രാമപഞ്ചായത്ത് വഴിയാക്കുക. അംഗ വൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകാൻ താലൂക്ക് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുക. വിധവാ പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡമായി സ്വീകരിക്കേണ്ടത് പ്രായപൂർത്തിയായ ആൺമക്കളുടെ സംരക്ഷണം ലഭിക്കുന്നുണ്ടോ ഇല്ലയോ എന്നതിനെ ആശ്രയിച്ചാവണം. ഇതു പരിശോധിക്കാനും സാക്ഷ്യപ്പെടുത്താനും ഉള്ള അധികാരം പഞ്ചായത്തു പ്രസിഡൻറുമാക്കു നൽകുക.

5 പുതിയതായി 27 അംഗൻവാടികളും പഞ്ചായത്തിൽ സ്ഥാപിക്കുക. അംഗൻവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാനും ഉള്ള കെട്ടിടം റിപ്പയർ ചെയ്യാനും ആവശ്യമായ ഫർണിച്ചർ വാങ്ങാനും ഫണ്ട് ചെലവഴിക്കുന്നതിൽ നിലനിൽക്കുന്ന നിയമപരമായ തടസങ്ങളിൽ നിന്ന് പഞ്ചായത്തുകളെ വിമുക്തമാക്കുക.

6 അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക. കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങൾ വാങ്ങിക്കൊടുക്കുക ജനകീയ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

7 അംഗൻവാടി ജീവനക്കാരുടെ സേവനവ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കുക.

8 റേഷൻ വിതരണത്തെ സംബന്ധിച്ച പദ്ധതികൾ അന്വേഷിക്കാനുള്ള അധികാരങ്ങൾ പഞ്ചായത്തിനെ ഏല്പിക്കുക.

9 തൊഴിലില്ലായ്മാ വേതന വിതരണം പഞ്ചായത്തുകളെ ഏല്പിക്കുക. യുവജന സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ ഉപദേശക സമിതി രൂപീകരിക്കുക.

10 പഞ്ചായത്തു കൈവശമുള്ള മിച്ചഭൂമി അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ സാമൂഹ്യക്ഷേമവകുപ്പിന് കൈമാറാനുള്ള അധികാരം പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കുക.

11 മേൽ സൂചിപ്പിച്ച ചുമതലകൾ പഞ്ചായത്തിന് കൈമാറുമ്പോൾ ചുമതലാ നിർവഹണത്തിനാവശ്യമായ ജീവനക്കാരെ പുതിയ തസ്തികകൾ സൃഷ്ടിച്ച് പഞ്ചായത്തിനെ കൈമാറേണ്ടതുമാണ്.

12 മഹിളാസമാജങ്ങൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക.

13 പഞ്ചായത്തു് ജീവനക്കാർക്ക് കാട്ടേഴ്സ് സൗകര്യം ഉറപ്പുവരുന്നതല്ല.

ഭവന നിർമ്മാണ മേഖലയിലേയും സാമൂഹ്യക്ഷേമ മേഖലയിലേയും പ്രശ്നങ്ങൾ നിരവധിയാണ്. പരിമിതമായ വിഭവലഭ്യതയ്ക്കുള്ളിൽ നിന്നു അതി സങ്കീർണ്ണമായ പ്രശ്നങ്ങളാണ് പരിഹരിക്കപ്പെടേണ്ടത്. അതുകൊണ്ടുതന്നെ ശാസ്ത്രീയവും സമഗ്രവുമായ ഒരു പദ്ധതിയിലേക്ക് ബോധപൂർവ്വം ചുവടുവെയ്ക്കുണ്ടായിരിക്കുന്നു. ഒൻപതാം പഞ്ചവത്സര പദ്ധതി നമുക്ക് ഇതിനുവേണ്ടി വിനിയോഗിക്കാം.

സംസ്കാരം

5-8

പതിനായിരം വർഷങ്ങൾക്കുമുമ്പു തന്നെ നെൻമേനി ഗ്രാമ പഞ്ചായത്തിൽ ഉയർന്ന സാംസ്കാരികാവബോധമുണ്ടായിരുന്ന ഒരു ജനത ജീവിച്ചിരുന്നതിന്റെ തെളിവുകളാണ് എടക്കൽ ഗുഹയിലെ ചിത്രലിപികൾ. ലോകപ്രസിദ്ധങ്ങളായ ഈ ചരിത്ര രേഖാ ശിൽപികളുടെ തുടർച്ചയായ, മനുഷ്യ സമൂഹങ്ങളെപ്പറ്റി നമുക്കുള്ള അറിവ് വളരെ പരിമിതമാണ്. ചെറുമാട്, എടക്കൽ തുടങ്ങിയ ഭാഗങ്ങളിൽ ശവശരീരങ്ങൾ സംസ്കരിക്കുന്നതിനായി ഉപയോഗിച്ചിരുന്ന ശിലാപാളികളും കൂറ്റൻ മൺഭരണികളുടെ അവശിഷ്ടങ്ങളും ഇപ്പോഴും കാണാം. ഈ ചരിത്രാതീത കാലഘട്ടത്തിന്റെ പിൻഗാമികളായ ഏതാനും ആദിവാസി സമൂഹങ്ങളെയാണ് നമുക്കുകാണാൻ കഴിയുന്നത്. തനതായ ആചാര അനുഷ്ഠാന വിശേഷങ്ങളുള്ള ഈ ആദിവാസി വിഭാഗങ്ങൾ ഇപ്പോഴും ഒറ്റപ്പെട്ട കുടുംബങ്ങളായി കഴിയുന്നില്ല. ഇവരിൽ മൂപ്പുടമകളെന്നും തൊഴിലാളികളെന്നുമുള്ള വിഭജനം സാമുദായികമായി കാണാനാവും. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ആചാരങ്ങളും ആഘോഷങ്ങളും ഇന്നും നിലവിലുണ്ട്. ഉച്ചാൽ, കമ്പളനാട്ടി, പുത്തരി പൂജകൾ എന്നിവ ഇതിൽ ചിലതാണ്.

പഞ്ചായത്തിന്റെ ആധുനിക സംസ്കാരം രൂപപ്പെടുന്നത് 1927ന് ശേഷം ആരംഭിച്ച കുടിയേറ്റത്തോടുകൂടിയാണ്. കേരളത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെയുള്ള എല്ലാ ജില്ലകളിലും നിന്ന് കുടിയേറ്റക്കാർ ഇവിടെയെത്തിയിട്ടുണ്ട്. ഇതിനു സമാന്തരമായി 2-ാം ലോകമഹായുദ്ധ കാലത്ത് പ്രതിരോധ സേനയിൽ സേവനമനുഷ്ഠിച്ചിരുന്നവർക്കുവേണ്ടി ആരംഭിച്ച വിമുക്തഭട കോളനികളും ഈ ഗ്രാമത്തിൽ ഉൾപ്പെടുന്നുണ്ട്. ഇത്തരം കുടിയേറ്റങ്ങളാണ് പഞ്ചായത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തിന് കൂടുതൽ കൂട്ടായത്. നൂറ്റാണ്ടുകളായി ഇവിടെ ജീവിച്ചുവന്ന ആദിമ നിവാസികളുടേയും കേരളത്തിന്റെ ഏതാണ്ട് എല്ലാ പ്രാദേശിക ആചാരാനുഷ്ഠാനങ്ങളുടേയും തനിപ്പകർപ്പും ചേർന്ന അത്യപൂർവ്വമായ ഒരു മാനവിക സംസ്കാരമാണ് നമ്മുടേത്. ഇതിന്റെയെല്ലാം ഫലമായി മത ജാതി വിഭാഗീയതകൾക്കതീതമായ മർത്ത്യസ്നേഹത്തിന്റെ മഹനീയ മാതൃകയാണ് നെൻമേനി നിവാസികൾ എന്നും കാണിച്ചുതന്നത്.

നെൻമേനി ഗ്രാമ പഞ്ചായത്തിൽ ഇന്ന് നിലവിലുള്ളത് 54 ക്ലബുകളാണ്. ഇവയുടെ കീഴിലായി 4 വായനശാലകളും 8 ഗ്രന്ഥശാലകളും പ്രവർത്തിക്കുന്നുണ്ട്. ഇതിനു മുമ്പ് നൂറുകണക്കിന് സംഘടനകൾ രൂപപ്പെടുകയും ആദ്യഘട്ടങ്ങളിൽ ഊർജസ്വലമായി പ്രവർത്തിച്ച് കാലക്രമേണ നിശ്ചലമാവുകയും ചെയ്തിട്ടുണ്ട്. നമ്മുടെ മുൻ രാഷ്ട്രപതിയായിരുന്ന ശ്രീ വി. വി. ഗിരി ഉദ്ഘാടനം ചെയ്തതും സജീവമായി പ്രവർത്തിച്ചുവന്നിരുന്നതുമായ ചുള്ളിയോട് ഗാന്ധി സ്മാരക വായനശാല ഇപ്പോൾ നിശ്ചലമാണ്.

ഹിന്ദുമത വിശ്വാസികളാണ് പഞ്ചായത്തിൽ അധികമുള്ളത്. ക്രിസ്ത്യൻ, മുസ്ലീം മതവിഭാഗങ്ങൾ ഏതാണ്ട് തുല്യമാണ്. ഈ മൂന്നു മതവിഭാഗങ്ങളുടേതുമായി 82 ആരാധനാലയങ്ങളാണ് ഗ്രാമ പഞ്ചായത്തിൽ ആകെയുള്ളത്. ആരാധനാലയങ്ങളുടേയും, മതവിഭാഗങ്ങളുടേയും ആഘോഷ പരിപാടികളിൽ മറ്റു മതസ്ഥരും പങ്കെടുക്കാറുണ്ട്. സൗഹാർദ്ദപരമായ ഒരു സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുന്നതിന് എല്ലാ മത വിഭാഗങ്ങളുടേയും പ്രത്യേക ശ്രദ്ധയുണ്ടാവാറുണ്ട്.

ഉയർന്ന ആതിഥ്യ മര്യാദ പാലിക്കുന്നവരാണ് വയനാടൻ ചെട്ടിമാർ. പ്രാചീന ആയുധങ്ങളായ അമ്പും വില്ലുമേന്തി വേട്ടനായ്ക്കളുടെ സഹായത്തോടെ വേട്ടക്കിറ

ങ്ങുന്ന കുറുമ സംഘങ്ങളെ ഇപ്പോഴും കാണാറുണ്ട്. പ്രത്യേക താള–മേള–വേഷ വിധാനങ്ങളോടെ ഗോത്രവർഗ ഗാനങ്ങളും നൃത്തങ്ങളുമുൾപ്പെടുത്തിക്കൊണ്ടുള്ള പണിയർ നാടകം അപൂർവ്വമായ ഒരു കലാരൂപമാണ്. പരമ്പരാഗത രൂപങ്ങളിലുള്ള കോൽക്കളി, കൈകൊട്ടിക്കളി, ഉലക്കകളി, മുറംകൊട്ടിക്കളി, ഉരലുകളി, വട്ടക്കളികൾ തുടങ്ങിയവയും ആഘോഷാവസരങ്ങളിൽ അരങ്ങേറാറുള്ള നാടൻ കലാരൂപങ്ങളാണ്. ഇതിനു പുറമേ വിവിധ ജില്ലകളിൽനിന്നുള്ള കുടിയേറ്റക്കാരുടെ തനതുകലാരൂപങ്ങളും വിവിധ ആഘോഷങ്ങളിൽ അവതരിപ്പിക്കാറുള്ളവയാണ്.

ചെറുതും വലുതുമായ നിരവധി ഉൽസവങ്ങൾ നെൻമേനി ഗ്രാമ പഞ്ചായത്തിൽ അരങ്ങേറാറുണ്ട് അമ്പലവയൽ, കല്ലുമുക്ക് ശിവക്ഷേത്രങ്ങളിലെ ശിവരാത്രി, ഈസ്റ്റ് ചീരാൽ, മലവയൽ എന്നിവിടങ്ങളിലെ വിഷുമഹോൽസവം, ചുള്ളിയോട് തിറ, മലങ്കര, ചീരാൽ, പഴൂർ പള്ളികളിലെ പെരുന്നാൾ ആഘോഷം, ചുള്ളിയോട്, പഴൂർ, ചീരാൽ പള്ളികളിലെ നബിദിനാഘോഷ പരിപാടികൾ തുടങ്ങിയവ ചില പ്രധാനപ്പെട്ട ഉൽസവങ്ങളാണ്. ഇവയുടെ സംഘാടനത്തിൽ നാനാജാതി മതസ്ഥരുടെ സജീവ സഹകരണം ഉണ്ടാകാറുണ്ട്.

സ്കൂളുകൾ കേന്ദ്രീകരിച്ച് സാംസ്കാരിക പ്രവർത്തനങ്ങൾ നടക്കാറുണ്ട്. പരിസ്ഥിതി സംരക്ഷണം, കലാകായിക രംഗം തുടങ്ങിയവയിൽ സ്കൂളുകൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കലാകായിക രംഗങ്ങളിൽ നിരവധി പ്രഗൽഭരെ വളർത്തിയെടുക്കാൻ സ്കൂളുകൾക്ക് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ദേശീയ തലംവരെയുള്ള മൽസരങ്ങളിൽ നെൻമേനി ഗ്രാമപഞ്ചായത്തിന്റെ പ്രതിനിധികൾക്ക് പങ്കെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം പ്രതിഭകൾക്ക് ഉയർന്ന തൊഴിൽ മേഖലയിൽ എത്തിച്ചേരുന്നതിനും സാധിച്ചു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന രാഷ്ട്രീയ പാർട്ടികൾ സി. പി. ഐ. (എം), കോൺഗ്രസ് (ഐ), കേരളാ കോൺഗ്രസ്, മുസ്ലീംലീഗ്, ബി. ജെ. പി. എന്നിവയാണ്. സി.പി.ഐ., കോൺഗ്രസ് (എസ്), സി. പി. ഐ. (എം. എൽ) എന്നീ രാഷ്ട്രീയ സംഘടനകളും ഇവയുടെ യുവജന, മഹിളാ സംഘടനകളും കർഷക, കർഷകത്തൊഴിലാളി സംഘടനകളും സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് പ്രവർത്തിക്കുന്നുണ്ട്.

പുതിയ തലമുറയെ കായിക രംഗത്തേക്ക് ആകർഷിക്കാൻ കഴിയാത്തതിന്റെ കാരണംവിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തി എടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്കൂൾ തലത്തിൽ നടപ്പാക്കുന്നില്ല എന്നതു തന്നെയാണ്. സർക്കാർ തലത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ പലതും വേണ്ട രീതിയിൽ വിനിയോഗിക്കുവാൻ കഴിയാതെ പോകുന്നു. ഈ രംഗത്തു പ്രവർത്തിക്കുന്ന സംഘടനകളുടെ താൽപ്പര്യമില്ലായ്മയും ഇതിനൊരുകാരണമാണ് കായിക മേഖലയിൽ നല്ല പാരമ്പര്യമുള്ള നമ്മുടെ ഗ്രാമത്തിന് ഒട്ടേറെ നേട്ടങ്ങൾ കൊയ്തെടുക്കാൻ സാധ്യതയുണ്ട്.

1 അർപ്പണബോധമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുവാൻ കാര്യമായ ശ്രമം നടത്തുക.

2 പഞ്ചായത്തിൽ ജനകീയ പങ്കാളിത്തത്തോടെ കായികമേളകൾ സംഘടിപ്പിക്കുക. അവധികാല സമയങ്ങളിൽ പ്രഗൽഭരെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ കോച്ചിംഗ് ക്യാമ്പുകൾ നടത്തുക, ഒരു സ്ഥിരം കോച്ചിംഗ് സെൻറർ സ്ഥാപിക്കുക.

3 ചുരുങ്ങിയത് 200 മീറ്റർ ട്രാക്ക് എങ്കിലും ഇടാവുന്ന സ്റ്റേഡിയം സ്ഥാപിക്കുക. കായിക മേഖലയെ പോഷിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ കായിക സംഘടനകൾക്ക് അനുവദിക്കുക.

പ്രശ്നങ്ങൾ

1 പൊതുപ്രവർത്തന രംഗത്ത് സ്ത്രീ പങ്കാളിത്തം നാമമാത്രമാണ്.

2 പരമ്പരാഗതമായ വിനോദ–കായിക രൂപങ്ങളിൽനിന്നും പൂർണമായി മാറി

ക്രിക്കറ്റ് പോലുള്ള മൽസരങ്ങളോടാണ് യുവതലമുറയുടെ താൽപ്പര്യം വളരുന്നത്.

3 യുവതലമുറയിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ സ്വാധീനം വർദ്ധിച്ചുവരുന്നതിന് മാധ്യമങ്ങളും കാരണമാകുന്നുണ്ട്.

4 നിലവിലുള്ള സാംസ്കാരിക നിലയങ്ങൾക്ക് ജനകീയ സ്വഭാവമില്ല.

5 പ്രധാന കേന്ദ്രങ്ങളിൽ സാംസ്കാരിക സ്ഥാപനങ്ങളുടെ അഭാവമുണ്ട്.

6 ഗ്രാമീണ വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും വളർച്ച മുരടിച്ചിരിക്കുന്നു.

7 മഹിളാ സംഘടനകളുടെ പ്രവർത്തനങ്ങളും തൃപ്തികരമല്ല.

8 സ്കൂൾ വാർഷികാഘോഷങ്ങളും എല്ലാവർഷവും സംഘടിപ്പിക്കാറില്ല.

9 പ്രാചീന കലാരൂപങ്ങൾക്കും, ആദിവാസി കലാരൂപങ്ങൾക്കും പൊതുവേദി ലഭിക്കുന്നില്ല.

10 സമൂഹത്തിലാകെ വായനാശീലം മന്ദീഭവിച്ചുവരികയാണ്.

11 സജീവമായ വായനശാലകളിൽ പത്രമാസികകളുടെ എണ്ണം വളരെ കുറവാണ്.

12 കെട്ടിട സൗകര്യമില്ലാത്തതിനാൽ ഒട്ടേറെ സംഘടനകളും നിർജ്ജീവമാണ്.

13 സാംസ്കാരിക സംഘടനകളെ പ്രോൽസാഹിപ്പിക്കാൻ ഒരു സംവിധാനവും ഇല്ല.

14 L L A ക്കു കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികളും പ്രവർത്തിക്കുന്നില്ല.

15 സ്കൂൾ ലൈബ്രറികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

16 സർഗാത്മക ഭാവനകൾക്ക് വേണ്ടത്ര പ്രോൽസാഹനം ലഭിക്കുന്നില്ല.

17 വിവിധ വാർഡുകളിലെ വായനശാലകളും ഗ്രന്ഥശാലകളും, ക്ലബുകളും എന്നിവക്ക് സ്വന്തം കെട്ടിടങ്ങളോ അത്യാവശ്യ സൗകര്യങ്ങളോ ഇല്ല.

18 രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്.

19 നവ സാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങളും തൃപ്തികരമായി പ്രവർത്തിക്കുന്നില്ല.

20 കായിക രംഗത്ത് പ്രാചീനങ്ങളായ കളികളും അന്യംനിന്നുപോയിരിക്കുന്നു.

21 പഞ്ചായത്തിൽ ഒരു വിവര ഗ്രഹണ കേന്ദ്രം (Information Centre) ഇല്ല.

നിർദ്ദേശങ്ങൾ

1 സാംസ്കാരിക സംഘടനകളുടെ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തിൽ ഒരു ഉപദേശക സമിതി രൂപീകരിക്കണം.

ഇതിന്റെ ചുമതലകളും തഴെ ചേർത്തവണ്ണമാകണം.

a സാംസ്കാരിക സംഘടനകളെ പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്യുക.

b സംഘടനകളിലെ ഭാരവാഹികളുടെ യോഗങ്ങളും വിളിച്ചുചേർക്കുക.

c എല്ലാവർഷവും ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഗ്രന്ഥശാലയും കലാ–കായിക സംഘടനയും തിരഞ്ഞെടുക്കുകയും അവാർഡ് നൽകുകയും ചെയ്യുക.

d പഞ്ചായത്തുതലകേരളോൽസവം, ഓണോൽസവം എന്നിവയുടെ സംഘാടന ചുമതലയേറെടുക്കുക.

e പ്രചീന കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികളും തയ്യാറാക്കുക ഇവയുടെ മൽസരങ്ങളും സംഘടിപ്പിക്കുക.

f വായന പ്രോത്സാഹിപ്പിക്കാനാവശ്യമായ പ്രത്യേക പരിപാടി സംഘടിപ്പിക്കുക (സംവാദം, ചർച്ചകൾ, സെമിനാറുകൾ തുടങ്ങിയവ)

g പത്രങ്ങൾ, കെട്ടിടഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ് എന്നിവക്ക് അർഹതയുള്ള സംഘടനകളെ കണ്ടെത്തുക.

h മഹിളാ സംഘടനകൾ രൂപീകരിക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കുക.

i പഞ്ചായത്തിലെ കലാ-സാഹിത്യ മൽസരങ്ങൾ സംഘടിപ്പിക്കുക.

2 ചീരാൽ സാംസ്കാരിക നിലയത്തിന്റെ പണി പൂർത്തിയാക്കുക.

3 ചുള്ളിയോട്, ചീരാൽ എന്നിവിടങ്ങളിലെ L L A ലൈബ്രറികൾ പഞ്ചായത്ത് ഏറെടുക്കുക.

4 ചുള്ളിയോട് ഗാന്ധി സ്മാരക ലൈബ്രറി സാംസ്കാരിക നിലയമാക്കി ഉയർത്തുക.

5 സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനങ്ങൾ ലൈബ്രറി അംഗങ്ങളിൽ നിന്നുള്ള കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുക, ഇതിന്റെ ചുമതലകൾ താഴെ പറയും പ്രകാരമാക്കുക.

a പ്രതിമാസ ചർച്ചാക്ലാസുകൾ, മുഖാമുഖം തുടങ്ങിയവ സംഘടിപ്പിക്കുക.

b നിശ്ചിത വാടകക്ക് Hall പൊതു ആവശ്യങ്ങൾക്ക് കൊടുക്കുക.

c അനുയോജ്യമായ പുസ്തകങ്ങൾ തെരഞ്ഞെടുക്കുക.

6 സ്കൂൾ സാഹിത്യ സമാജങ്ങൾ സജീവമാക്കുക.

7 സ്കൂൾ ലൈബ്രറികൾ കാര്യക്ഷമമാക്കുക.

8 വിദ്യാർത്ഥികൾക്ക് വായന പ്രോൽസാഹിപ്പിക്കുന്നതിന് ക്ലാസുകൾ/ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക.

9 വിദ്യാർത്ഥികളുടെ കലാ-സാഹിത്യ മൽസരങ്ങൾ പഞ്ചായത്തുതലത്തിൽ നടത്തുക.

10 പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യത്തോടുകൂടിയ ഒരു വിവര ഗ്രഹണ കേന്ദ്രം (Information Centre) സ്ഥാപിക്കുക.

11 എല്ലാ വാർഡുകളിലും സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ വായനശാലകൾ തുടങ്ങുകയും അവക്ക് പത്രമാസികകൾ വാങ്ങുന്നതിനാവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.

12 വായനശാലകൾ ഗ്രന്ഥശാലകൾ ക്ലബുകൾ എന്നിവക്ക് കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുക.

13 മദ്ധ്യവേനൽ അവധിയിൽ കലാ–സാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിന് അവസരം സൃഷ്ടിക്കുക.

14 പരിശീലന കളരികൾ ഏർപ്പെടുത്തുക.

15 സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ജനവിദ്യാ കേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യുക.

16 ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ സ്വാധീനം കുറച്ചുകൊണ്ടുവരുക.

ജീവിതത്തിന്റെ നാനാമേഖലകളിലും ഗുണപരമായ മാറ്റം ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടത് നമ്മുടെ ചരിത്രപരമായ കടമയാണ്.

വനിത

5-9 എ.

ജനസംഖ്യയിൽ ഭൂരിപക്ഷം സ്ത്രീകളാണ്. എന്നാൽ തൊഴിലെടുക്കുന്നവരിലും കുടുംബചുമതല നിർവ്വഹിക്കുന്നവരിലും ചെറിയൊരു വിഭാഗമേ വനിതകളുള്ളു. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, അടിസ്ഥാന സൗകര്യക്കുറവ് സാമ്പത്തിക വരുമാനം, തൊഴിൽ തുടങ്ങിയ മേഖലകളിൽ സമൂഹമാകമാനം അനുഭവിക്കുന്ന പൊതു പ്രശ്നങ്ങൾക്കുപരി ഈ മേഖലകളിലെല്ലാം സ്ത്രീകൾക്ക് മാത്രമായി ഒട്ടേറെ പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. വനിതകൾക്ക് സമൂഹത്തിലുള്ള അംഗികാരം ഉയർത്തിയാൽ മാത്രമേ ഇതിൽനിന്ന് മോചനം നേടാൻ കഴിയു. അതോടൊപ്പം പൊതു പ്രശ്നങ്ങളിൽ ഇടപെടുന്നതിന് സ്ത്രീ പങ്കാളിത്തമുയരുന്നത് ഒരു സാമൂഹ്യ മുന്നേറ്റമായി മാറുകയും ചെയ്യും.

പെൺകുഞ്ഞ് ജനിക്കുമ്പോൾതന്നെ തുടർന്ന് ഉണ്ടാകുന്ന അനാചാരങ്ങൾക്കും ചടങ്ങുകൾക്കും സ്ത്രീധനത്തിനും വേണ്ടുന്ന ചെലവുകളെ സംബന്ധിച്ച ചിന്തയാണ് ഉയരുക. സ്ത്രീ ഒരു ഭാരമാവുന്ന അവസ്ഥയുണ്ടാകുന്നതിന് ഇത് കാരണമാവുന്നു. 91-ലെ സെൻസസ് കണക്കുകളിൽ 18448 പുരുഷൻമാർ ഉള്ളപ്പോൾ 18597 സ്ത്രീകളുണ്ട്. എന്നാൽ ആകെ തൊഴിൽ സേനയുടെ 25% മാത്രമാണ് സ്ത്രീകൾ ഉള്ളത്.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും സ്ത്രീകളോട് വിവേചനം കാണിക്കുന്നുവെന്നത് വ്യക്തമാണ്. പെൺകുട്ടികൾ വിദ്യാഭ്യാസം നേടേണ്ട ആവശ്യമില്ലെന്നു കരുതുന്നവർ ഇന്നുമുണ്ട്. ഇനി പഠിപ്പിക്കുന്നതിന് താൽപ്പര്യമുള്ള കുടുംബങ്ങളിൽ പോലും ദാരിദ്രം മൂലമോ മറ്റോ ഒരു സന്നിഗ്ദാവസ്ഥ വന്നാൽ ആദ്യം പഠനം നിർത്തുക പെൺകുട്ടിയുടേതായിരിക്കും. നമ്മുടെ സാമൂഹ്യ സാംസ്കാരിക ബന്ധങ്ങളുടേയും അനാചാരങ്ങളുടെയും പ്രത്യേകത മൂലം പട്ടിണി കൂടുതലായി ബാധിക്കുന്നത് സ്ത്രീകളെയായിരിക്കും. സാമ്പത്തിക ഞെരുക്കമുണ്ടാകുമ്പോൾ ആദ്യം ഭക്ഷണം ഉപേക്ഷിക്കേണ്ടിവരുന്നത് സ്ത്രീകളാണ്. സ്ത്രീയുടെ അധ്വാനത്തിന്റെ മൂല്യം കാണാതിരിക്കുന്നതിനാൽ അവർക്കു കുറഞ്ഞ ഊർജ്ജം മാത്രമേ ആവശ്യമുള്ളു എന്ന തെറ്റായധാരണയും നമ്മുടെ സമൂഹത്തിനുണ്ട്.

വയൽകൃഷി ചുരുങ്ങിവന്നത് സ്ത്രീതൊഴിലാളികളെയാണ് കൂടുതൽ ബാധിച്ചിട്ടുള്ളത്. പൊതുവിൽ യന്ത്രവൽക്കരണം മൂലം തൊഴിൽ നഷ്ടമാകുന്നതിൽ അധികവും സ്ത്രീകളാണ്. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് നിയോഗിക്കപ്പെടുന്നതിൽ എല്ലാവരും പുരുഷൻമാരാണെന്നുകാണാം.

പ്രാഥമിക സൗകര്യങ്ങളായ കുടിവെള്ളം, വീടു് എന്നിവയുടേയും കാലിത്തീറ്റയുടേയും ലഭ്യത കുറയുന്നത് വനിതകളുടെ അധ്വാനം ഇരട്ടിപ്പിക്കുന്നുണ്ട്.

ബഹുജന മാധ്യമങ്ങളായ ടി. വി., പത്രമാസികകൾ, സിനിമാ എന്നിവയിൽ സ്ത്രീകളെ വെറും ഉപഭോഗവസ്തുക്കളാക്കുന്ന പ്രവണത കാണാനാവും പരസ്യങ്ങളിൽ വളരെയേറെ അപമാനിക്കപ്പെടുന്നത് സ്ത്രീകളാണ്. കൂടുതൽ വിൽപ്പനയുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ സ്ത്രീ അബലയാണെന്ന സിദ്ധാന്തമാണ് സ്ഥാപിക്കുന്നത്. ഒരു വ്യാമോഹ ലോകത്തിലേക്ക് സ്ത്രീകളെ നയിക്കുംവിധമുള്ള കഥകളാണ് പ്രസിദ്ധീകരിക്കുന്നതിൽ അധികവും. അതേസമയം പുരുഷനെ അധികാരത്തിന്റെയും, നൻമയുടെയും പ്രതീകമായി ചിത്രീകരിക്കുന്നു. സ്ത്രീകൾക്കായി പ്രസിദ്ധീകരിക്കുന്നവയിലാവട്ടെ അവരുടെ ലോകം പാചകം, ആഭരണം, ഭാവിവരൻ,

സൗന്ദര്യ വർദ്ധക വസ്തുക്കൾ, അതിഥി സൽക്കാരം തുടങ്ങിയവയിൽ തളച്ചിടുന്നു.

ആരോഗ്യരംഗത്ത് രോഗാതുരത സ്ത്രീകളിലാണ് കൂടുതൽ. വൃത്തിഹീനമായ ചുറ്റുപാടുകളിൽ കഴിയേണ്ടിവരുന്നതും ദിവസത്തിൽ 6 മണിക്കൂറെങ്കിലും പുക ശ്വസിക്കേണ്ടി വരുന്നതുമാണ് ഇതിന്റെ കാരണം. ചെറിയ കുടുംബമെന്ന യാഥാർത്ഥ്യം പ്രാബല്യത്തിൽ വന്നത് വനിതകളുടെ ആരോഗ്യത്തെ വളരെയേറെ സഹായിച്ചിട്ടുണ്ട്.

സംഘടനാ പ്രവർത്തനങ്ങളിൽ വനിതകളുടെ പങ്കാളിത്തം നമ്മുടെ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നുണ്ട്. നെൻമേനി ഗ്രാമപഞ്ചായത്ത് രൂപീകൃതമായപ്പോൾ ശ്രീമതി കല്ല്യാണി കൃഷ്ണൻ ഭരണസമിതിയിൽ അംഗമായിരുന്നു. ഇപ്പോൾ പഞ്ചായത്ത് അംഗങ്ങളിലെ സ്ത്രീ പ്രാതിനിത്യം 5 ആണ്. രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങളിൽ ഒട്ടേറെ വനിതകൾ ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. 14 റജിസ്ട്രേഡ് മഹിളാ സമാജങ്ങളാണ് പഞ്ചായത്തിലുള്ളത്. ഇവയിലധികവും തൃപ്തികരമായി പ്രവർത്തിക്കുന്നു.

തെഴിൽ മേഖലയിൽ സ്ത്രീകൾക്ക് നേരെ കടുത്ത വിവേചനമാണ് നടക്കുന്നത് എന്ന് പട്ടിക 5–9എ വെളിപ്പെടുത്തുന്നു. തുല്യ ജോലിക്ക് തുല്യ കൂലി എന്ന നിയമം ഇതുവരെ പ്രാബല്യത്തിലെത്തിയിട്ടില്ല. തെഴിൽ സാദ്ധ്യതകൾ ഉയർത്തിയാലേ വനിതാ രംഗത്ത് പ്രകടമായ മാറ്റമുണ്ടാവൂ. സമൂഹത്തിന് നിലവിലുള്ള മനോഭാവത്തിലും പ്രകടമായ മാറ്റം ഉണ്ടാവണം.

പട്ടിക 5-9 എ.

തൊഴിൽ മേഖലയിലെ പങ്കാളിത്തം

ക്രമ നമ്പർ	തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷൻമാരുടെ എണ്ണം
1	കർഷകർ	222	1547
2	കർഷകത്തൊഴിലാളികൾ	1005	2280
3	മൃഗസംരക്ഷണം	1310	2908
4	ചെറുകിട വ്യവസായം	14	14
5	മറ്റു വ്യവസായങ്ങൾ	13	325
6	കെട്ടിട നിർമ്മാണം	9	185
7	ഗതാഗതം, വാർത്താവിനിമയം	7	354
8	വ്യാപാരം	43	731
9	കച്ചവടം	5	49
10	മറ്റു തൊഴിലുകൾ	398	790
11	ഇടതൊഴിലാളികൾ	834	487
12	തൊഴിൽ ഇല്ലാത്തവർ	14687	8778
	ആകെ	18597	18448

വനിതകളുടേത് മാത്രമായി 6 തൊഴിൽ സംരംഭങ്ങളും D. W. C. R. A. യൂണിറ്റുകളും ഉണ്ടെങ്കിലും അവയിൽ 2 എണ്ണം പ്രവർത്തിക്കുന്നില്ല. സ്കൂൾ കോളേജ് തല വിദ്യാഭ്യാസത്തിൽ പെൺകുട്ടികളാണ് കൂടുതൽ. പഠനത്തിലും ഉന്നത നിലവാരം പുലർത്തുന്നതും അവർതന്നെയാണ്. കലാ–കായിക രംഗങ്ങളിലും അവർതന്നെയാണ് മുൻപന്തിയിൽ എന്നത് നമ്മുടെ പഞ്ചായത്തിന്റെ സവിശേഷതയാണ്. സംസ്ഥാന ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച ശ്രീമതി. വിനയ, കുമാരി ജിഷ തോമസ് എന്നിവരുടെ പേരുകൾ എടുത്തു പറയേണ്ടവയാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും സ്ത്രീകൾ കുറവാണ്.

സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. എങ്കിലും സ്ത്രീധന പീഡന കേസുകൾ ഒറ്റപ്പെട്ടവയെങ്കിലും ഉണ്ടായിട്ടുണ്ട്.

സ്ത്രീകളുടെ ഇടയിലെ തൊഴിലില്ലായ്മ പ്രശ്നം രൂക്ഷമായി നിലനിൽക്കുന്നതിനോടൊപ്പംതന്നെ തൊഴിൽ മേഖലയിൽ കൂലി നിരക്കിലുള്ള വിവേചനവും നിലനിൽക്കുന്നു.

പട്ടിക 5–9 ബി (കൂലി നിരക്ക്)

	തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷൻമാർ
1	കർഷകത്തൊഴിലാളി	50	80
2	നിർമ്മാണ തൊഴിലാളി	65	100
3	തോട്ടം തൊഴിലാളി	51.05	51.05

സാമൂഹ്യ രംഗത്ത് വളരെ പിന്നിൽ നിൽക്കുന്ന സ്ത്രീകളെ മുൻപന്തിയിൽ കൊണ്ടുവരുന്നതിന് ബോധപൂർവ്വമായ ഇടപെടലുകളും ബോധവൽക്കരണവും ആവശ്യമാണ്. അവർ ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്തത്തോടെയും നിർവ്വഹിക്കാൻ വനിതകൾക്ക് കഴിയുമെങ്കിലും ഏറ്റെടുക്കാൻ വിമുഖത കാണിക്കാറുണ്ട്. ഇതിന് കാരണം കുടുംബപരവും സാമൂഹ്യവുമായ പരിമിതികളും ബോധവൽക്കരണത്തിന്റെ അപര്യാപ്തതയും ആണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ഉത്തരവാദിത്വമുള്ള ജോലികൾ സ്ത്രീകളെ ഏൽപ്പിക്കുവാൻ പുരുഷൻമാർ വിമുഖത കാണിക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പുരുഷനോടൊപ്പംനിന്ന് പ്രവർത്തിക്കാനുള്ള കഴിവും ബുദ്ധിയും സ്ത്രീകൾക്കുണ്ടെങ്കിലും അത് പ്രവർത്തിപഥത്തിലെത്തിക്കാനുള്ള തന്റേടവും സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു. ബഹുഭൂരിപക്ഷം സ്ത്രീകളിലും നിസ്സംഗതയാണ് കാണുന്നത്. ഇത് മാറിയെടുത്ത് കർമ്മരംഗത്ത് വനിതകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഒട്ടനവധി പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്.

സാമൂഹ്യ രംഗത്തും പൊതുരംഗത്തും സ്ത്രീകളെ ആകർഷിക്കുന്നതിന് അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിക്കണം. കഴിയുന്നത്ര സ്ത്രീകളെ നേതൃനിരയിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങളും മറ്റു സന്നദ്ധ സംഘടനകളും ഏറ്റെടുത്താൽ കൂടുതൽ വിജയം കൈവരിക്കാൻ സാധിക്കും. നേതൃ നിരയിലുള്ള വനിതകൾ അവരുടെ പ്രവർത്തനങ്ങളും അനുഭവങ്ങളും പ്രചോദനകരമാകത്തക്കവിധം മറ്റുള്ളവർക്ക് പകർന്നുകൊടുത്തുകൊണ്ട്, പ്രശ്നങ്ങളെ അഭിമുഖീകരിച്ച്

മുന്നേറുന്നതിനുള്ള ആത്മധൈര്യം ഉണ്ടാക്കാൻ ശ്രദ്ധിച്ചാൽ വനിതകൾക്ക് കൂടുതലായി പൊതുരംഗത്തേക്ക് വരാൻ അവസരമുണ്ടാകും. കാർഷിക മേഖലയിൽ തുല്യ ജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തണം. കാർഷിക മേഖലയുമായി ബന്ധപ്പെട്ടായിരുന്നു സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ ലഭിച്ചിരുന്നത്. എന്നാൽ നെൽപ്പാടങ്ങളിൽ നാണ്യവിളകൾ, കൃഷിചെയ്യുകയും, നെൽവയലുകൾ നികത്തി കെട്ടിടങ്ങൾ സ്ഥാനം പിടിക്കുകയും ചെയ്യുക വഴി സ്ത്രീകളുടെ തൊഴിലവസരങ്ങൾ വൻതോതിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന് എതിരെ കർശനമായ നിയമങ്ങളും നിയന്ത്രണങ്ങളും നടപ്പിൽ വരുത്തേണ്ടതാണ്. സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്ന സംരംഭങ്ങൾ, സ്ത്രീകൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്ന സ്വയം തൊഴിൽ പദ്ധതികൾ, കുടിൽ വ്യവസായങ്ങൾ, ഉദ്യാന കൃഷികൾ തുടങ്ങിയവ പ്രോൽസാഹിപ്പിക്കുകയും അത് വിറ്റഴിക്കുന്നതിനുള്ള വിപണികൾ സ്ഥാപിക്കുകയും വേണം. സ്ത്രീകൾക്ക് മാത്രമായി സാങ്കേതിക പരിശീലന കേന്ദ്രം സ്ഥാപിക്കണം. ഉന്നത വിദ്യാഭ്യാസത്തിന് പെൺകുട്ടികളെ ആകർഷിക്കുന്നതിനുള്ള പ്രോൽസാഹനങ്ങളും സ്കോളർഷിപ്പുകളും ഏർപ്പെടുത്തേണ്ടതാണ്. സഹകരണ അടിസ്ഥാനത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കറി പൗഡർ നിർമ്മാണം, തുന്നൽ പരിശീലന കേന്ദ്രങ്ങൾ, സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ, ടെലഫോൺ ബൂത്തുകൾ, ഫോട്ടോ സ്റ്റാറ്റ്, കമ്പ്യൂട്ടർ സെൻറുകൾ, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇവ തുടങ്ങാവുന്നതാണ്. വീട്ടമ്മമാരുടെ വിശ്രമ സമയങ്ങൾ ചിലവഴിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള ബുക്ക് ബൈൻറിംഗ്, കവർ നിർമ്മാണം, അലങ്കാര തുന്നലുകൾ മുതലായവ തുടങ്ങേണ്ടതാണ്.

വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1 തൊഴിൽ മേഖലയിൽ സ്ത്രീകൾ അവഗണന നേരിടുന്നു.

2 സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല.

3 സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾ കുറവാണ്.

4 തൊഴിൽ സംരംഭങ്ങളിൽനിന്ന് വിട്ടു നിൽക്കാൻ വനിതകളെ പ്രേരിപ്പിക്കുന്നത് സാമ്പത്തിക ബുദ്ധിമുട്ടാണ്.

5 സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അജ്ഞത സ്ത്രീവികസനത്തിന് വിഘാതം നിൽക്കുന്നു.

6 അംഗൺവാടി അധ്യാപികമാർക്കും ആയമാർക്കും ന്യായമായ പ്രതിഫലം ലഭിക്കുന്നില്ല.

7 അന്ധവിശ്വാസങ്ങളും അനാചരങ്ങളും ഇന്നും സ്ത്രീകളുടെ ഇടയിൽ പ്രബലമാണ്.

8 സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകൾ, സജീവമായി രംഗത്ത് വരുന്നില്ല.

9 കുടുംബത്തിൻെറ ഉത്തരവാദിത്വം കൂടുതൽ സ്ത്രീകളുടെ ചുമലിലായതുകൊണ്ട് അവർ പൊതുരംഗത്തുനിന്നും വിട്ടുനിൽക്കുന്നു.

10 സമൂഹത്തിലെ പുരുഷ മേധാവിത്വം സ്ത്രീകളുടെ ഉന്നമനത്തിന് വിഘാതം നിൽക്കുന്നു.

11 വനിതകളുടെ പേരിൽ സ്വയംതൊഴിൽ

വായ്പകൊം നേടുകയും, തൊഴിൽ സംരംഭങ്ങളിൽനിന്ന് അവരെ അകറ്റി നിർത്തുകയും ചെയ്യുന്നു.

12 പ്രായപൂർത്തിയായ ആൺമക്കളുണ്ട് എന്ന കാരണത്താൽ അർഹരായ പല സ്ത്രീകൊംക്കും ഗവൺമെൻറ് ആനുകൂല്യങ്ങൊം നിഷേധിക്കപ്പെടുന്നു.

13 വനിതകളെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ പുരുഷൻമാർ വിമുഖത കാണിക്കുന്നു.

നിർദ്ദേശങ്ങൾ

1 ഉൽപ്പാദനപരമായ സ്വയംതൊഴിൽ പദ്ധതികൊം ആവിഷ്കരിച്ച് നടപ്പിലാക്കുക.

2 വിദ്യാഭ്യാസ കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൊം തുടങ്ങുകയും ആവശ്യമായ പരിശീലനം സംഘടിപ്പിക്കുകയും ചെയ്യണം.

3 തുല്യ ജോലിക്ക് തുല്യ വേതനം ഉണ്ടാവണം.

4 തൊഴിലവസരങ്ങൊം, തൊഴിൽ നിയമങ്ങൊം ഇവയെക്കുറിച്ച് വിവരങ്ങൊം നൽകണം.

5 തൊഴിൽ യൂണിറ്റുകൊം തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുക.

6 അർഹരായ മുഴുവൻ വനിതകൊംക്കും പെൻഷൻ ആനുകൂല്യങ്ങൊം ലഭ്യമാക്കുക.

7 സ്ത്രീധന സമ്പ്രദായം കർശനമായി അവസാനിപ്പിക്കുക.

8 സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തുക.

9 മയക്കുമരുന്ന് വിപണനവും ഉപഭോഗവും കർശനമായി തടയുക.

10 അനാഥരായ സ്ത്രീകളെ സംരക്ഷിക്കുന്നതിന് സംവിധാനങ്ങൊം ഉണ്ടാകണം.

11 അംഗൺവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

12 സ്ത്രീകളുടെ ആരോഗ്യരക്ഷക്കും വിനോദത്തിനും വിശ്രമത്തിനും സഹായകമായ സംവിധാനങ്ങൊം ഉണ്ടാക്കുക.

13 ഗ്രാമീണ വായനശാലകൊം, ഗ്രന്ഥശാലകൊം എന്നിവ കൂടുതൽ ആരംഭിക്കുകയും സ്ത്രീകൊംക്ക് യഥേഷ്ടം ഇവ ഉപയോഗിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

14 ഗ്രാമത്തിലെ മുഴുവൻ സ്ത്രീകളുടെയും പങ്കാളിത്തത്തോടെ സമഗ്രമായ ഒരു പച്ചക്കറി വികസന പദ്ധതി തയ്യാറാക്കുക.



5-10 സഹകരണ മേഖല

കടബാദ്ധ്യതയിൽനിന്നും കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904-ലെ സഹകരണ നിയമത്തിന്റെ (കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് ഓഫ് 1904) അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെ സഹകരണ പ്രസ്ഥാനം തുടക്കം കുറിക്കുന്നത്. ഇന്നത്തെ നെൻമേനി പഞ്ചായത്ത് ഉൾക്കൊള്ളുന്ന കിടങ്ങനാട് പഞ്ചായത്തിൽ സു. ബത്തേരി ആസ്ഥാനമായി 1951-ൽ ഐക്യനാണയ സംഘമായി രൂപംകൊണ്ടതും പിന്നീട് സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബേങ്ക് ആയി മാറിയതുമായ സ്ഥാപനമാണ് നമ്മുടെ പ്രദേശത്തെ ആദ്യത്തെ സഹകരണ സ്ഥാപനം. പ്രസ്തുത സഹകരണ ബേങ്കിന്റെ ഭരണ സമിതി അംഗങ്ങളായിരുന്ന ശ്രീ. എ രാഘവൻ മാസ്റ്റർ, ശ്രീ. ടി. പി. വർഗീസ്, ശ്രീ. കെ. മുഹമ്മദ് എന്നിവർ നമ്മുടെ പഞ്ചായത്തിലെആദ്യകാല സഹകാരികളായി കാണാൻ കഴിയും.

1962-63 ഓട്കൂടി നമ്മുടെ സംസ്ഥാനത്ത് കൂട്ടുകൃഷി സംഘങ്ങൾ രൂപംകൊണ്ട ഘട്ടത്തിൽ 1963-ൽ നമ്മുടെ പഞ്ചായത്തിലെ നെൻമേനി വില്ലേജിൽ രൂപംകൊണ്ട താളൂർ ജോയന്റ് ഫാമിംഗ് സഹകരണ സംഘം, മഞ്ഞാടി ജോയന്റ് ഫാമിംഗ് സഹകരണ സംഘം, മാടക്കര ജോയന്റ് ഫാമിംഗ് സഹകരണ സംഘം, കാപ്പിൻകര ജോയന്റ് ഫാമിംഗ് സഹകരണ സംഘം, വെണ്ടാനക്കര ജോയന്റ് ഫാമിംഗ് സഹകരണ സംഘം, ചുള്ളിയോട് ജോയന്റ് ഫാമിംഗ് സഹകരണ സംഘം, ചുള്ളിയോട് ജോയന്റ് ഫാമിംഗ് സഹകരണ സംഘം, മംഗലം ജോയന്റ് ഫാമിംഗ് സഹകരണസംഘം, മംഗലം കോട്ടവയൽ ജോയന്റ് ഫാമിംഗ് സഹകരണ സംഘം, പട്ട്യമ്പംവയൽ ജോയന്റ് സഹകരണ ഫാമിംഗ് സംഘം, കുന്താണി ജോയന്റ് ഫാമിംഗ് സഹകരണ സംഘം, മലവയൽ പട്ട്യമ്പംവയൽ ജോയന്റ് ഫാമിംഗ് സഹകരണ സംഘം, ആനപ്പാറ ജോയന്റ് ഫാമിംഗ് സഹകരണ സംഘം, ചുള്ളിയോട് ബ്ലോക്ക്-5 ലാന്റ് കോളനൈസേഷൻ ജോയന്റ് ഫാമിംഗ് സഹകരണ സംഘം, എന്നിവയുടെ പ്രവർത്തനം 1964 മുതൽ 1993 വരെയുള്ള വ്യത്യസ്ത കാലങ്ങളിൽ സമാപ്തികരിക്കുകയും ചെയ്തു ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള സഹകരണ സംഘങ്ങളിൽ പ്രത്യക്ഷമായി 5-ഉം പരോക്ഷമായി 10 പേർക്കുംതൊഴിൽ ലഭിക്കുന്നുണ്ട്. താലൂക്ക്തലത്തിലും ജില്ലാതലത്തിലും പ്രവർത്തിക്കുന്ന പല സംഘങ്ങളുടേയും പ്രവർത്തന പരിധി ഈ പഞ്ചായത്ത്കൂടി ഉൾപ്പെട്ടതാണ്: 1983 ലാണ് നമ്മുടെ പഞ്ചായത്തിലെ 8-ാം വാർഡ് (പഴയ 6-ാം വാർഡ്) പ്രവർത്തന പരിധിആയിക്കൊണ്ട് മാക്കുറ്റി ഗിരിജൻ ബ്രീക് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപം കൊണ്ടത്. 1989-ചീരാൽ വില്ലേജ് പ്രവർത്തന പരിധി ആയിക്കൊണ്ട് ചീരാൽ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ രൂപംകൊണ്ടു. 1994-ൽ തൊവരിമല എസ്റ്റേറ്റ് പ്രവർത്തന മേഖലയായി തൊവരിമല എസ്റ്റേറ്റേർഡ് എംപ്ലോയീസ് സഹകരണ സംഘം രൂപംകൊണ്ടു. സ്കൂൾ സഹകരണ സംഘങ്ങൾ മൂന്നെണ്ണം നമ്മുടെ പഞ്ചായത്തിലുണ്ട്. അവയിലൂടെ പുസ്തക വിതരണം മാത്രം നടത്തിവരുന്നു.

കാർഷിക മേഖല
ഹൃസ്വകാല വായ്പ

ഏകദേശം 6000 ത്തോളം കർഷക കുടുംബങ്ങളുള്ള ഒരു പഞ്ചായത്താണ് നെൻമേനി. കാർഷിക കാർഷികേതര വായ്പകൾക്ക് പ

ഞ്ചായത്തിലെ ഭൂരിപക്ഷം കർഷകരും സു. ബത്തേരി സർവ്വീസ് സഹകരണ ബേങ്കിനെയാണ് സമീപിക്കുന്നത് എന്ന് പറയാൻ കഴിയില്ല. ശാഖകളിൽ സമീപിക്കുന്ന കൃഷിക്കാർക്ക് അവരുടെ ആവശ്യത്തിനനുസരിച്ച് വായ്പ ലഭ്യമാക്കാൻ മൂന്ന് പഞ്ചായത്ത് പ്രവർത്തന പരിധിയുള്ള സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബേങ്കിന് കഴിയുന്നില്ല. നമ്പാർഡ് നിലവിലുള്ള കാർഷിക വായ്പാ നയത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ ഉദ്ദേശിച്ച രൂപത്തിൽ വായ്പാ വിതരണം ചെയ്യാൻ കഴിയുകയുള്ളു. നമ്മുടെ പഞ്ചായത്തിൽ 1995 96 വർഷത്തിൽ വിതരണം ചെയ്ത 2,92,17,041ക. യിൽ 157,58752ക. മാത്രമേ കാർഷിക വായ്പയായി നൽകാൻ കഴിഞ്ഞിട്ടുള്ളു. 1,34,48289ക. കാർഷികേതര വായ്പയാണ് അതിന്റെ ഗണ്യമായ പങ്കും സ്വർണ്ണപണയ വായ്പയുമാണ്. അതിനാകട്ടെ കാർഷിക വായ്പയേക്കാൾ 6% പലിശ അതികവുമാണ്.

ദീർഘകാല കാർഷിക വായ്പ

വടക്കെ വയനാട് സുൽത്താൻ ബത്തേരി താലൂക്കുകൾ പ്രവർത്തന പരിധിയായി പ്രവർത്തിക്കുന്ന വയനാട് സഹകരണ കാർഷിക ഗ്രാമ വികസന ബേങ്കാണ് പഞ്ചായത്തിലെ കർഷകർക്ക് ദീർഘകാല വായ്പകൾക്ക് ആശ്രയിക്കേണ്ടി വരുന്നത്. പഞ്ചായത്തിൽ നിന്നും ബേങ്ക് ആസ്ഥാനത്തേക്ക് ശരാശരി 42 കിലോമീറ്റർ ദൂരമുള്ളതും ഓരോ ഇനത്തിനും നൽകുന്ന വായ്പാ വിവരം കൃത്യമായി മനസിലാകത്തതും വായ്പ ലഭിക്കുന്നതിനുള്ള കാല താമസവും, സാങ്കേതിക ബുദ്ധിമുട്ടും കണക്കിലെടുത്ത് വായ്പാ അപേക്ഷകർ നമ്മുടെ പഞ്ചായത്തിൽ നിന്നും ബേങ്കിനെ സമീപിക്കുന്നത് കുറവാണ്.

ക്ഷീര കർഷക മേഖല

സുൽത്താൻ ബത്തേരി ആസ്ഥാനമായിട്ടുള്ളതും നെന്മേനി, ബത്തേരി, നൂൽപ്പുഴ പഞ്ചായത്തുകൾ പ്രവർത്തന പരിധി ആയിട്ടുള്ളതുമായ സുൽത്താൻ ബത്തേരി കോ-ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈ സൊസൈറ്റി മാത്രമാണ്. ഈ മേഖലയിലെ ഏക സഹകരണ സ്ഥാപനം നമ്മുടെ പഞ്ചായത്തിൽ നിന്നും 1995-96 വർഷത്തിൽ 1665572 ലിറ്റർ പാൽ സംഭരിച്ചതിൽ 568442 ലിറ്റർ പാൽ മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ ഉപഭോഗം ചെയ്യുന്നത്. പ്രാദേശിക വിൽപ്പന കഴിഞ്ഞ് മിച്ചം വരുന്ന പാൽ 'മിൽമ'ക്ക് നൽകുകയാണ് സംഘം ചെയ്തുവരുന്നത്. 'മിൽമ' ശേഖരിക്കുന്ന പാലിന് നൽകുന്ന വിലയും മിൽമ പാൽ വിൽക്കുന്ന വിലയും തമ്മിൽ നിലവിലുള്ള വ്യത്യാസവും,— പാലിന്റെ ഉൽപാദന ചെലവിലെ വർദ്ധനവും ഈ മേഖലയിലേക്ക് കൃഷിക്കാരെ ആകർഷിക്കാൻ പര്യാപ്തമല്ല. മൂന്ന് പഞ്ചായത്തുകൾ പ്രവർത്തന പരിധിയിൽ വരുന്നതും, സംഭരണത്തിനും, ഓഫീസിനും മറ്റും വരുന്ന ചിലവുകൾ കുറിച്ചുകൊണ്ടുവരുന്നതും ഉൾപ്പടെയുള്ള കാര്യങ്ങൾ ഗൗരവമായി ആലോചിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1) പഞ്ചായത്തിലെ ഓരോ വില്ലേജും പ്രവർത്തന പരിധിയായി ഓരോ സംഘം രൂപീകരിക്കുകയും അവയുടെ സുമഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ മാത്രം നിയമിക്കുകയും ചെയ്യുക.
2) പാലിന്റെ സംഭരണ വില ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകുക.

3) നല്ലയിനം കറവമാടുകളെ ആവശ്യാനുസരണം ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

4) കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗ ഉദ്യോഗസ്ഥരുടെ സേവനം തക്കസമയത്ത് ലഭ്യമാക്കണം.

5) കാലിതീറ്റ, പിണ്ണാക്ക് എന്നിവ ആവശ്യക്കാർക്ക് പാൽ സംഭരണ കേന്ദ്രത്തിൽ എത്തിച്ചുകൊടുക്കുക.

കൺസ്യൂമർ മേഖല

a) 1) ചീരാൽ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ, തൊവരിമല എസ്റ്റേറ്റ് എംപ്ലോയീസ് സഹകരണ സംഘം എന്നീ സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ കൺസ്യൂമർ സ്റ്റോർ നടത്തുന്ന സ്ഥാപനങ്ങൾ.

2) നെന്മേനി വില്ലേജ് പ്രവർത്തന പരിധിയായിക്കൊണ്ട് ഒരു സഹകരണ സ്റ്റോർ കൂടി ആരംഭിക്കാവുന്നതാണ്.

b) 1) ചീരാൽ സോൺ സഹകരണ സംഘം ചീരാൽ ഗവ: മോഡൽ ഹൈസ്കൂൾ സഹകരണ സംഘം, ആനപ്പാറ ഗവ: ഹൈസ്കൂൾ സഹകരണ സംഘം എന്നിവ സ്കൂൾ പാഠ പുസ്തകങ്ങളും മറ്റു പഠനോപകരണങ്ങളും മാത്രമേ വിതരണം ചെയ്യുന്നുള്ളു. വിദ്യാർത്ഥികൾക്ക് ആവശ്യമായ യൂനിഫോം, എല്ലാ സ്കൂൾ സംഘങ്ങളിലും, കോസ്മെറ്റിക്സ്. സ്റ്റേഷനറി എന്നിവ ഹൈസ്ക്കൂൾ സംഘങ്ങളിലെങ്കിലും വിതരണം ചെയ്യാൻ കഴിയണം. ഇതിനായി ഓരോ വിൽപ്പനക്കാരനെ വെക്കാവുന്നതും അപ്രകാരം ഒരാൾക്കു ജോലി നൽകുവാൻ സാധിക്കുന്നതുമാണ്.

2) കോളിയാടി ആസ്ഥാനമാക്കിക്കൊണ്ട് നെന്മേനി വില്ലേജിലെ സ്കൂളുകൾക്കുവേണ്ടി ഒരു സോൺ സ്കൂൾ സൊസൈറ്റി രൂപീകരിക്കുകയും പാഠ പുസ്തകങ്ങളും, പഠനോപകരണങ്ങളും കൃത്യസമയത്ത് ലഭ്യമാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

3) എല്ലാ വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും ഈ സംഘങ്ങളിൽ അംഗമാക്കേണ്ടതും സെക്രട്ടറി എന്ന നിലക്ക് കൂടുതൽ ജോലി ചെയ്യുന്ന അദ്ധ്യാപകന് പ്രത്യേക അലവൻസും, അദ്ധ്യാപക ജോലിയിൽ ഇളവും അനുവദിക്കേണ്ടതാണ്.

പട്ടികജാതി-പട്ടിക വർഗ്ഗ സഹകരണ സംഘം ഓരോ വില്ലേജും അടിസ്ഥാനമാക്കി പട്ടിക ജാതി പട്ടിക വർഗക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ നൽകുന്നതിനും വേണ്ടി ഒരു സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

കോഴിവളർത്തൽ സഹകരണ സംഘം

1) കേരളത്തിന്റെ വരുമാനത്തിന്റെ വലിയൊരു പങ്ക് കോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുനുണ്ട് കോഴി വളർത്തൽ സഹകരണ സംഘം രൂപീകരിച്ച് കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കേണ്ടതും, പഞ്ചായത്തിലെ വീടുകളിൽ ചെറിയ ചെറിയ യൂണിറ്റാക്കി കോഴി വളർത്തുകയും അതിനാവശ്യമായ മൃഗ സംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും, സാമ്പത്തിക സഹായവും ലഭ്യമാക്കാവുന്നതുമാണ്.

പന്നി, ആട്, മുയൽ എന്നിവ വളർത്തുതിനും ഇത്തരത്തിലുള്ള സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്

ലേബർ കോൺട്രാക്ട് സഹകരണ സംഘം

അസംഘടിത മേഖലകളിൽ പണിയെടുക്കുന്ന ധാരാളം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കേണ്ടതും പഞ്ചായത്ത് നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതും, കൂടാതെ പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറെറടുത്ത് നടത്താവുന്നതുമാണ്. ഇതിലൂടെ 50 പേർക്ക് പ്രത്യക്ഷമായും, 100 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും

ഭവന നിർമ്മാണ സഹകരണ സംഘം

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഗുരുതരമാണ്. സഹകരണ മേഖലയിൽ പാർപ്പിട നിർമ്മാണത്തിന് വായ്പ നൽകി വരുന്നത് ബത്തേരി താലൂക്ക് പ്രവർത്തന പരിധിയായിട്ടുള്ള ബത്തേരി ഹൗസിംഗ് സൊസൈറ്റിയാണ്. ഏന്നാൽ ഭവന നിർമ്മാണ വായ്പകളുടെ ഉയർന്ന പലിശ നിരക്ക് വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതികമായ പ്രശ്നങ്ങൾ എന്നിവയും നമ്മുടെ ആവശ്യം നിർവ്വഹിക്കുന്നതിന് ഉതകുന്നില്ല.

വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

നെന്മേനി പഞ്ചായത്തിലെ കാർഷിക വായ്പാ രംഗത്ത് പ്രവർത്തിക്കുന്ന ബത്തേരി സർവ്വീസ് സഹകരണ ബേങ്ക് നൽകുന്ന മൊത്തം വായ്പയുടെ 31% നമ്മുടെ പഞ്ചായത്തിലാണ് വിതരണം ചെയ്യുന്നത് എന്ന് കണക്കാക്കുമ്പോൾ തന്നെ കാർഷിക വായ്പയ്ക്കായി ജില്ലാ ബേങ്ക് മുഖേന കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുകയുടെ 63% വും നമ്മുടെ പഞ്ചായത്തിലാണ്. വിതരണം ചെയ്തത് എന്ന് കാണാം എന്നിരുന്നാൽ പോലും നമ്മുടെ കാർഷിക മേഖലയുടെ ആവശ്യങ്ങൾക്കനുസരിച്ച് കൃഷിക്കാർക്ക് വായ്പ ലഭ്യമായിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരേയും അംഗമാക്കേണ്ടതും, അവർക്ക് യഥാവസരം വായ്പ ലഭ്യമാക്കുന്നതിനും നടപടിയും ഉണ്ടാകണം.

★ പഞ്ചായത്തുതലത്തിലോ വില്ലേജ്തലത്തിലോ പുതുതായി സർവ്വീസ് സഹകരണ ബേങ്കുകൾ രൂപീകരിക്കാവുന്നതാണ്.

★ വ്യക്തികൾക്ക് അനുവദിക്കാവുന്ന കാർഷിക വായ്പയുടെ പരിധി ഉയർത്തുകയും ആൾ ജാമ്യത്തിൽ വായ്പ വിതരണം ചെയ്യേണ്ടതുമാണ്.

★ കാർഷികാവശ്യത്തിനായി നബാഡിൽ നിന്നും കൺസഷണൽ ഫിനാൻസ് കൃത്യമായി അനുവദിച്ചു കിട്ടുന്നതിൽ നടപടി എടുക്കുക.

★ കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി സ്വീകരിച്ച് കീലോൺ അനുവദിക്കാൻ സംവിധാനം ഉണ്ടാകണം. ആവശ്യമായ ഗോഡൗൺ നിർമ്മിക്കാൻ വായ്പയും സബ്സിഡിയും ബേങ്കുകൾക്ക് ലഭ്യമാക്കുകയും വേണം.

★ ദീർഘകാല വായ്പ നൽകുന്ന കാർഷിക ഗ്രാമ വികസന ബേങ്ക് താലൂക്ക് അടിസ്ഥാനത്തിൽ രൂപീകരിക്കണം-വായ്പാ

വ്യവസ്ഥകൾ ലളിതവൽക്കരിക്കണം, പഞ്ചായത്ത്-വില്ലേജ് തോറും വായ്പാ മേള നടത്തി ബേങ്കിന്റെ പ്രവർത്തനം ജനകീയവൽക്കരിക്കണം.

★ വില്ലേജടിസ്ഥാനത്തിൽ അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റികൾ ആരംഭിക്കുക.

★ വനിതകളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വനിതകളുടെ തൊഴിലവസരം വർദ്ധിപ്പിക്കാനും നടപടികൾ കൈക്കൊള്ളുക.

★ ഇഷ്ടിക, സിമൻറ് ഇഷ്ടിക, കോൺക്രീറ്റ് കട്ടിള ജനൽ തുടങ്ങിയവയുടെ നിർമ്മാണത്തിന് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക. അതിലൂടെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതോടൊപ്പം തൊഴിലവസരങ്ങൾ ഉണ്ടാക്കാനും കഴിയും.

★ അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്കിടയിലെ തൊഴിലില്ലായ്മക്ക് പരിഹാരം കാണാൻ വിദ്യാഭ്യാസ സൊസൈറ്റികൾ രൂപീകരിക്കുക.

★ പാടശേഖര സമിതികൾ, കുരുമുളക് സംരക്ഷണ സമിതികൾ, കേര വികസന സമിതി എന്നിവയുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും. അവയുടെ വാർഷിക ജനറൽ ബോഡികൾ കൃത്യ സമയത്ത് വിളിച്ച് ചേർക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5-11

പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

സവിശേഷങ്ങളായ സാംസ്കാരിക പൈതൃകത്തിന് ഉടമകളാണ് ആദിവാസികൾ. ഓരോ വിഭാഗവും അവരുടേതായ ആചാര അനുഷ്ഠാനങ്ങൾ വെച്ചുപുലർത്തുന്നു. ഇത്തരം ആചാരങ്ങളിലേറെയും പ്രകൃതി പ്രതിഭാസങ്ങളെ വന്ദിച്ചു കൊണ്ടുള്ള പ്രാകൃതമായ അന്ധവിശ്വാസങ്ങളാണ്. ജീവിത പ്രശ്നങ്ങൾ ദൈവത്തിനുമുന്നിലവതരിപ്പിച്ച് പരിഹാരം തേടുന്ന രീതിയിലാണ് ആരാധനക്രമങ്ങൾ രൂപപ്പെട്ടിട്ടുള്ളത്. അവരുടെ സ്വയം നിർണയാവകാശവും ആത്മവിശ്വാസവും കുറക്കുന്നതിന് ഇത് കാരണമായിട്ടുണ്ട്. ഇവരെ ചൂഷണം ചെയ്യുന്നതിനുവേണ്ടി ഉന്നത കുലക്കാരും കുടിയേറക്കാരും ഇത്തരം അന്ധവിശ്വാസങ്ങൾ തന്ത്രപൂർവ്വം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികളായി മാത്രം നിലനിൽക്കാനുള്ള പ്രവണത ആദിമ നിവാസികൾക്ക് കൂടുതലുണ്ട്. അതേസമയം കുറുമർ കുറിച്യർ തുടങ്ങിയ വിഭാഗങ്ങൾ ഭൂ ഉടമകളും കർഷകരുമാണ്. ഇവരുടെ കൃഷിയിടങ്ങളിലെ തൊഴിലാളികളായി ജോലി ചെയ്തിരുന്നവർ മറ്റു ആദിവാസി വിഭാഗങ്ങളായിരുന്നു. ഇങ്ങനെ ആദിവാസി വിഭാഗങ്ങൾ തമ്മിൽ തന്നെ ഭൂ ഉടമ തൊഴിലാളി വേർതിരിവിനോടൊപ്പം, അയിത്താചാരങ്ങളും നിലവിലുണ്ട്. സ്വന്തമായി കൃഷി ഭൂമിയുള്ള മറ്റു വിഭാഗങ്ങളിൽപ്പെട്ടവർ കാർഷിക വൃത്തികളിൽ ശ്രദ്ധ ചെലുത്താനാരംഭിച്ചത് കഴിഞ്ഞ ഒരു ദശകത്തിനുള്ളിലാണ്.

1990 ന് ശേഷം ജെ. ആർ. വൈ മില്യൻ വെൽ പദ്ധതി, ഐ. എ. വൈ എന്നീ പദ്ധതികൾ പ്രകാരം 815 വീടുകൾ പഞ്ചായത്തിൽ നൽകിയതായി രേഖകളിൽ കാണുന്നു. ഇതിൽ നൂറിൽപരം വീടുകൾ അടിയന്തിരമായ അറ്റകുറ്റപണികൾ നടത്തേണ്ട അവസ്ഥയിലാണ് ഉള്ളത്. ഇതുകൂടാതെ വർഷങ്ങളായി പണിപൂർത്തിയാക്കാത്ത വീടുകളും ഉണ്ട്. കരാറുകാർ പണി പൂർത്തിയാക്കാത്ത വീടുകളുടെ ജോലികൾ അടിയന്തിരമായി തീർക്കാനുള്ള നിർദ്ദേശം നൽകുകയും പാലിക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഗുണനിലവാരം കുറഞ്ഞ വീടുകൾ നിർമ്മിച്ചു നൽകിയതിന് ഉത്തരവാദികളായവർക്കെതിരേയും നടപടികളെടുക്കേണ്ടതാണ്.

പട്ടിക 5 (11) എ

1995-96 ലെ ആദിവാസി കോളനികളും കുടുംബങ്ങളും

ക്രമ നമ്പർ	ആദിവാസി വിഭാഗം	കോളനികൾ	കുടുംബങ്ങൾ	അംഗങ്ങൾ
1	പണിയർ	50	815	2963
2	കുറുമർ	29	499	1905
3	നായ്ക്കർ	15	138	463
4	ഊരാളി	9	83	334

പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർ കുടിയേറക്കാരോടൊപ്പം വയനാട്ടിലെത്തിയവരാണ്. ഈ വിഭാഗത്തിലാകെ 1577 പേരാണ് പഞ്ചായത്തിലുള്ളത്. മാളികയിലുള്ളതൊഴികെ പട്ടിക ജാതി വിഭാഗങ്ങൾ മാത്രം താമസിക്കുന്ന കോളനികൾ പഞ്ചായത്തിൽ ഇല്ല. ബാക്കിയുള്ളവർ മറ്റു ജനവിഭാഗങ്ങൾക്കൊപ്പമാണ് കഴിയുന്നത്. പൊതു വികാസ നിലയും സാംസ്ക്കാരികമായ വളർച്ചയും ST വിഭാഗത്തെ അപേക്ഷിച്ച് മെച്ചമാണ്.

പട്ടിക ജാതി പട്ടിക വർഗ വികസനം

പട്ടിക ജാതി പട്ടിക വർഗത്തിൽപ്പെട്ടവരുടെ എണ്ണം ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 21% വരും. ഇത്ര വലിയൊരു ജന വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കുയർത്തി മാത്രമേ പഞ്ചായത്തിന്റെ പുരോഗതി സാക്ഷാൽക്കരിക്കാനാവൂ. തൊഴിൽ സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും സാമൂഹികവും സാംസ്കാരികവുമായ ആത്മവിശ്വാസം വളർത്തുകയും ചെയ്തെ

കിലേ ഇവരെ മുഖ്യ ധാരയിലെത്തിക്കാനാവൂ. പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപെട്ടവരുടെ ഉന്നമനത്തിനായി ചെലവഴിച്ച തുകയുടെ അളവ് ഉദ്ധരിച്ച് ക്ഷേമം തീട്ടപ്പെടുത്തുന്നത് ബുദ്ധിശൂന്യമാണ്. ധനവിനിമയത്തോടൊപ്പം ഇവരുടെ ഉന്നമനത്തിനുള്ള സമൂഹത്തിന്റെ ഇച്ഛാ ശക്തി ഉണരേണ്ടതുണ്ട്. ക്ഷേമ പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളോടൊപ്പം ബഹുജന പങ്കാളിത്തം ഉണ്ടാക്കിയെടുക്കണം. അടിസ്ഥാന ഭൗതിക സൗകര്യങ്ങളും തൊഴിലും ലക്ഷ്യമാക്കിയുള്ള പ്രവർത്തന പദ്ധതിയായിരിക്കണം ആസൂത്രണം ചെയ്യുന്നത്.

പ്രശ്നങ്ങൾ

1 പട്ടിക ജാതി പട്ടിക വർഗത്തിൽ പെട്ടവരിൽ ഭൂരിപക്ഷത്തിനും വീടുകളുണ്ടാക്കാനുള്ള സാമ്പത്തിക ശേഷിയില്ല.

2 വൈദ്യുതി സൗകര്യങ്ങൾ എല്ലാ കോളനികളിലും ഇല്ല

3 ശുദ്ധ ജലം ലഭിക്കാൻ നിർമ്മിച്ച പദ്ധതികളിൽ ചിലവ പരാജയമാണ്.

4 പദ്ധതികളുടെ നടത്തിപ്പിനും, തുടർ പ്രവർത്തനങ്ങൾക്കും ജനപങ്കാളിത്തമില്ല

5 ഗതാഗത സൗകര്യം മെച്ചപ്പെടുത്തണം.

6 ശുചിത്വ ബോധം കുറവാണ്, കക്കൂസുകൾ കുറവാണ്.

7 ക്ഷയം, മഞ്ഞപ്പിത്തം, പോലുള്ള പകർച്ച വ്യാധികൾ ബാധിച്ചവർ ഒട്ടേറെയുണ്ട്.

8 വിദ്യഭ്യാസ നിലവാരവും സാക്ഷരതാ നിരക്കും കുറവാണ്.

നിർദ്ദേശങ്ങൾ

1 അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.

a വീടുകൾ, കുടിവെള്ളം, റോഡുകൾ, കക്കൂസ് വൈദ്യുതി എന്നിവ മുൻഗണനാ ക്രമം അനുസരിച്ച് ലഭ്യമാക്കണം.

b നിലവിലുള്ള പദ്ധതികളിൽ അപൂർണമായവ പൂർത്തിയാക്കാൻ സമയബന്ധിത പരിപാടി വേണം.

c നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല കറാറുകാരിൽ നിന്നും ഇടനിലക്കാരിൽ നിന്നും ഒഴിവാക്കണം.

d ജനകീയ സമിതികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തണം.

2 വിദ്യഭ്യാസവും സാംസ്കാരികവുമായ നിലമെച്ചപ്പെടുത്തൽ.

a 5 വയസിന് മുകളിലുള്ള എല്ലാ കുട്ടികളെയും നിർബന്ധമായും സ്കൂളിലയക്കണം.

b സ്കൂൾ കൊഴിഞ്ഞു പോക്കിനുകാരണം കണ്ടെത്തി പരിഹരിക്കണം.

c 5 കുടുംബങ്ങളിൽ കൂടുതലുള്ള കോളനികൾക്കടുത്തായി അംഗൻവാടി ബാലവാടി, വായനശാല, സാക്ഷരതാകേന്ദ്രം എന്നിവ സ്ഥാപിക്കണം.

d ഇവ പ്രവർത്തിക്കുന്നതിനായി ഒരു താൽക്കാലിക ഷെഡ്ഡ് ഉണ്ടായിരിക്കണം

e സമീപസ്ഥരായ എല്ലാവരും ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തണം.

f തൊഴിലില്ലായ്മ വേതനം സ്വീകരിക്കുന്ന ഒരാളും കോളനികളിൽ നിന്നുള്ള ഒരാളും ചേർന്നായിരിക്കണം ഇത് നടത്തുന്നത്. ഒരു നിശ്ചിത തുക ഇവർക്ക് പ്രതിമാസം നൽകണം. ഇവർക്ക് പഞ്ചായത്തുതല പ്രതിമാസ പരിശീലനം, യോഗങ്ങൾ എന്നിവ നടത്തണം.

g കലാ കായിക രംഗത്ത് താൽപ്പര്യമുള്ളവരെ കണ്ടെത്തി പരിശീലനം നൽകാനും പ്രോത്സാഹിപ്പിക്കാനും കഴിയണം.

3 തൊഴിലും തൊഴിൽ പരിശീനവും.

a തൊഴിലെടുക്കാൻ കഴിയുന്നവർക്കെല്ലാം ജോലികിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം

b ഏതെങ്കിലും പ്രത്യേക തൊഴിലിൽ ഏർപ്പെടാൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകണം.

c സാമാന്യ വിദ്യാഭ്യാസം ലഭിച്ചവർ, അർഹമായ തൊഴിൽ ലഭിക്കാൻ ശ്രമം നടത്തുന്നില്ല. ഇവരെ അതിന് പ്രേരിപ്പിക്കണം.

d സ്വന്തമായി കൃഷിയിടമുള്ളവർക്ക് കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടാവണം.

4 പൊതു ശ്മശാനങ്ങൾ സംരക്ഷിക്കണം.

5 ലൈംഗിക ചൂഷണത്തിനെതിരേയും മദ്യാസക്തിക്കെതിരേയും ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. കുറ്റവാളികളെ കണ്ടെത്തുക.

6 നടപ്പാക്കുന്ന പദ്ധതികളുടെ സാമൂഹ്യ ഓഡിറ്റിംങ് നിർബന്ധമാക്കുക. തുടർ പ്രവർത്തനങ്ങൾക്ക് സംവിധാനമുണ്ടാക്കുക.

**

''പട്ടിണിമരണങ്ങൾ കുറഞ്ഞിരിക്കുന്നു, മനസ്സിലാക്കുന്നു, രോഗ ശോക പരിതാപങ്ങളുടെ ജന്മഭൂമിയായ ഭാരതത്തിൽ ലക്ഷക്കണക്കിനാളുകൾ പട്ടിണികിടന്നു മരിക്കുന്നതൊക്കെ കാര്യം..... .....ഈ രാജ്യത്തെ ജനങ്ങളുടെ ഉദര ചിന്തക്ക് പരിഹാരമുണ്ടാകണം''

''മനുഷ്യനായി പിറന്നിട്ട് മനുഷ്യനു വേണ്ടി പ്രാണൻ തുടിക്കുന്നതില്ലെങ്കിൽ അവൻ പിന്നെ മനുഷ്യനോ?''

''ശവക്കുഴി പോലുള്ള കരിടത്തിരിക്കാൻ എനിക്കിഷ്ടമില്ല. എനിക്ക് മനുഷ്യലോകത്തിൽ മനുഷ്യനായിരിക്കണം. ചിന്തിക്കുന്നവർക്ക് തമ്മിൽ ചിന്ത വ്യത്യാസപ്പെട്ടേ ഇരിക്കണം. വ്യത്യസ്തതയാണ് ചിന്തയുടെ പ്രഥമ ലക്ഷണം. ഞാൻ വിചാരശീലനാണെങ്കിൽ അഭിപ്രായ വ്യത്യാസമുള്ള ചിന്താശീലൻമാരുടെ കൂട്ടത്തിൽ ഇരിക്കാനാണ് ഇഷ്ടപ്പെടേണ്ടത്''

സ്വാമി വിവേകാനന്ദൻ

5-12 വിഭവ സമാഹരണം

പദ്ധതി നടത്തിപ്പിനായി പഞ്ചായത്തിന്റെ തനതു വിഭവ സമാഹരണ സാദ്ധ്യതകളും പരിശോധിക്കുന്നതിനു മുന്നോടിയായി പഞ്ചായത്തിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള ഒരു ചെറിയ വിശകലനമാവാം

വർദ്ധിച്ചുവരുന്ന എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജു് പലവിധ കാരണങ്ങളാൽ സാധ്യതയുള്ള പരിയായ വികസന പ്രവർത്തനങ്ങളും ഏറെറടുക്കേണ്ടിവരുന്നതുമൂലമുണ്ടാകുന്ന ചെലവുകളും, നികുതികളും കൃത്യസമയത്തും പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ നിലവിലുള്ള സംവിധാനപ്രകാരം സംഭവിക്കുന്ന വീഴ്ചകളും മുതലായവമൂലം നമ്മുടെ പഞ്ചായത്തിനു് വരവിനേക്കാളേറെയാണു് ഇപ്പോൾ ചെലവു്. രണ്ടു ലക്ഷത്തിലധികമാണു് നിലവിലുള്ള അന്തരം. (1995-96 ലെ കണക്കുപ്രകാരം)

പട്ടിക 5-12-എ

(വരവു് 1995-'96)

ധനാഢ്യത്ഥന	പിരിച്ചതു്	ബാക്കി
16,36,467	14,79,258	1,57,209

ചെലവു്

ആകെ 16,95,527 രൂ

പഞ്ചായത്തിന്റെ തനതു നികുതി വരുമാനത്തിനും സംസ്ഥാന നികുതി വിഹിതത്തിനുപുറമേ സർക്കാർ ഗ്രാന്റുകളുമുണ്ടു്. ഇതിൽ സിംഹഭാഗവും JRY, United Fund (അൺടൈഡ് ഫണ്ടു്) മുതലായവ മുഖേനയാണു്.

95-96 സാമ്പത്തിക വർഷത്തിൽ അൺടൈഡ് ഫണ്ടു്, സർക്കാർ ധനസഹായത്തിന്റെ 17.18% മാത്രമായിരുന്നു. എന്നാൽ പുതിയ പഞ്ചായത്തീരാജു് നിയമപ്രകാരം ഇതു മൂന്നിരട്ടിയിലധികം വർദ്ധിച്ചു എന്നതു് പ്രത്യേകം പ്രസ്താവ്യമാണു്. (97-ൽ 11,30,000 രൂ) മാത്രവുമല്ല കൃഷി, ആരോഗ്യം, മൃഗസംരക്ഷണം, പൊതുമരാമത്തു്, ഹരിജനക്ഷേമം തുടങ്ങി വിവിധ വകുപ്പുകളുടെ വികസന പദ്ധതികളും പഞ്ചായത്തു മുഖേന കൂടുതൽ ലഭ്യമാക്കാൻ തുടങ്ങിയിട്ടുണ്ടു്.

പഞ്ചായത്തിന്റെ തനതുനികുതി വരുമാനവും നികുതിയേതര വരുമാനവും കഴിഞ്ഞ കുറേ വർഷങ്ങളിൽ കാലാനുസൃതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിലും, വരുമാന സാധ്യതകളും പൂർണ്ണമായും ചൂഷണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ചെലവു്

നമ്മുടെ പഞ്ചായത്തിന്റെ ഏറ്റവും പ്രധാന ചെലവിനം എസ്റ്റാബ്ലിഷ്മെന്റ് ചെലവു് തന്നെയാണു്. ദൈനംദിനാവശ്യങ്ങളുടെ നിർവ്വഹണ ചെലവിലുണ്ടാകുന്ന വർദ്ധനവും ജീവനക്കാരുടെ ശമ്പളവർദ്ധനവും മറ്റുംഇതിനു കാരണങ്ങളായി ചൂണ്ടിക്കാണിക്കാം. ഭരണച്ചെലവുകളിൽ ഇന്നുള്ളതിൽനിന്നു് കാര്യമായ മാറ്റമൊന്നും വരുത്താൻ കഴിയില്ല.

വളരെ ദരിദ്രമായ നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങളും ഇതുവരെ ചിലവഴിച്ചതു് തീരെ പ്രത്യുല്പാദനപരമല്ലാത്ത രീതിയിലായിരുന്നു

പട്ടിക 5-12 ബി

ഗ്രാന്റു് വിവരങ്ങൾ (95-96)

VRM രൂ	MI രൂ	VTC രൂ	അടിസ്ഥാന നികുതി 25%	അടിസ്ഥാന നികുതി 75%	സ്റ്റാമ്പ് ഡ്യൂട്ടി	JRY	അൺടൈഡ് ഫണ്ടു്	ആകെ
1	2	3	4	5	6	7	8	9
53116	7995	308140	—	85998	211785	10,58,117	3,57900	20,83,051

എന്നു കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്ത് ഫണ്ട് ചിലവഴിച്ചത് ഭരണച്ചിലവുകൾ 42.09% പൊതുമരാമത്ത് 34.82% വിദ്യാഭ്യാസം 5.37% സാമൂഹ്യക്ഷേമം 11.25% എന്നിങ്ങനെയാണ്. പുതിയറോഡ് നിർമ്മാണവും പഴയവയുടെ റിപ്പയറുമാണ് പൊതുമരാമത്തിൽ പ്രധാനം നിലവിലുള്ള സംവിധാന പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ നൽകുന്നതു മുതൽ പണിപൂർത്തിയാവുന്നതുവരെയുള്ള ഒരു ഘട്ടവും സുതാര്യമല്ല. ഇതു് അഴിമതിക്കും അതിലൂടെ നിർമ്മാണ വൈകല്യത്തിനും കാരണമാവുന്നു. നിർമ്മിച്ച റോഡുകൾ പെട്ടെന്ന് കേടുവരികയും റിപ്പയർ ആവശ്യമായിവരികയും ചെയ്യുന്നത് പൊതുമരാമത്തിലെ വമ്പിച്ച പാഴ്ച്ചെലവാണ്. ഇതു മാറാൻ സംവിധാനമുണ്ടാകണം. മഴക്കാലം തുടങ്ങുന്നതിനു മുൻപേ റോഡിനിരുവശവും കാവച്ചാലുകൾ നിർമ്മിക്കണം. ഇതു സന്നദ്ധ പ്രവർത്തനം മുഖേനയാവണം ചെയ്യേണ്ടത്. വെള്ളം ഒലിച്ചുപോകാൻ ചാലുകളില്ലാതാവുമ്പോഴാണ് റോഡുകൾ തോടുകളായി മാറുന്നത്

പ്രത്യക്ഷ ഉല്പാദന മേഖലകളിൽ നമ്മുടെപഞ്ചായത്ത് സമീപകാലത്ത് പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. നിലവിൽ കടം തിരിച്ചടക്കേണ്ട ബാദ്ധ്യതയൊന്നും പഞ്ചായത്തിനില്ല.

വിഭവ ചോർച്ച-ചില പ്രശ്നങ്ങൾ

വിഭവസമാഹരണത്തിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതിനു മുൻപായി ഈ രംഗത്ത് നിലനിൽക്കുന്ന ചില പ്രശ്നങ്ങൾ എന്തൊക്കെയാണന്ന് മനസ്സിലാക്കണം. അവ ചുരുക്കി താഴെ കൊടുക്കുന്നു.

1 ഭരണച്ചിലവിലെ വർദ്ധനവ്

2 കോൺടാക്ടർമാരും മറ്റിടത്തരക്കാരും തട്ടിയെടുക്കുന്ന അമിതലാഭം

3 ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് പഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾക്കായി വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ

4 പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തായ്ക.

5 പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള സീറുകൾ തയ്യാറാക്കുന്നതിലുള്ള അസൗകര്യങ്ങൾ.

6 പൊതു ഫണ്ടുകളുടെ ദുർവിനിയോഗം.

7 സന്നദ്ധ പ്രവർത്തനങ്ങളിൽ ജനങ്ങൾക്കുള്ള താല്പര്യ കുറവ്

8 സുതാര്യത കുറവ് (പ്രധാനമായും ചെലവുകളിൽ)

പ്രാഥമിക മേഖലയുടെ പോഷണം.

കൃഷി, വ്യവസായം എന്നീ പ്രാഥമിക മേഖലയിലെ ഉല്പാദനവർദ്ധനവ് ലക്ഷ്യം വയ്ക്കാതെ കൂടുതൽ വിഭവസമാഹരണത്തെക്കുറിച്ച് ചിന്തിക്കുന്നത് പ്രായോഗികമല്ല. വൻകിട വ്യവസായങ്ങൾക്ക് പലതുകൊണ്ടും സാദ്ധ്യതയില്ലാത്ത നമ്മുടെ പഞ്ചായത്തിൽ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് കൂടുതൽ പ്രോൽസാഹനം നൽകേണ്ടതുണ്ട്. ഈ രംഗത്തുനിന്നുമുള്ള വിഭവസമാഹരണത്തിന് പ്രധാനമായും നമുക്ക് ചെറുകിട വ്യവസായ സംരംഭങ്ങളെ മാത്രമേ ഇപ്പോൾ ആശ്രയിക്കാനാവൂ.

കർഷകരും കാർഷികത്തൊഴിലാളികളും ഭൂരിപക്ഷം വരുന്ന നമ്മുടെ പഞ്ചായത്തിൽ ഈ രംഗത്തെവളർച്ചയും ആശാവഹമല്ല. തുണ്ടം തുണ്ടമായി മാറി ക്കൊണ്ടിരിക്കുന്ന കൃഷി ഭൂമികളും അനുദിനം ഇടിയുന്ന ഉല്പാദനക്ഷമതയും, പുതുതലമുറയുടെ ഈ മേഖലയോടുള്ള താല്പര്യമില്ലായ്മയും ഇന്നു നാം നേരിടുന്ന പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവസമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

വിഭവസമാഹരണത്തിന് ചില പ്രായോഗിക നിർദ്ദേശങ്ങൾ

സർക്കാർ ഗ്രാന്റുകൾ

ഒരു തരത്തിലുള്ള വിവേചനവും നില നിർത്താതെ ഗ്രാന്റുകളും, അവ പിരിക്കുന്ന മേഖലയിൽ വച്ചു തന്നെ പഞ്ചാ. കൈമാറാൻ നിയമനിർമ്മാണം നടത്തണം. (ഉദാ:- സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ് etc) ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് ഇത്തരം ഫണ്ടുകൾ പഞ്ചായത്തിലെത്തുന്നത്.

ആകെ ജനസംഖ്യ, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനസംഖ്യ, പട്ടികജാതി ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാന്റുകൾ വിതരണം ചെയ്യാൻ പാടുള്ളൂ. ഗ്രാന്റുകൾ നീതിപൂർവ്വകമായി വിതരണം ചെയ്യുന്നു എന്നുറപ്പ് വരുത്താൻ ഇതാവശ്യമാണ്.

നികുതി, ലൈസൻസ് ഫീ തുടങ്ങിയവ

നികുതി കൊടുക്കുന്നതിലൂടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെതായ പങ്കുനിർവ്വഹിക്കലാണ് ചെയ്യുന്നത് എന്ന് ജനങ്ങൾ മനസ്സിലാക്കുകയും, നിലവിലുള്ള നികുതികൾ യുക്തിസഹമായി ശാസ്ത്രീയമായി പുന:ക്രമീകരിക്കുകയും ചെയ്താൽ നമ്മുടെ വരുമാനം കൂട്ടാൻ കഴിയും * ഇത് ഉദ്യോഗസ്ഥരുടെ മാത്രം ചുമതലയാകരുത്. വാർഡ് പ്രതിനിധികളും, വികസന സമിതികളും ഇക്കാര്യത്തിൽ ശ്രദ്ധിക്കണം * ഇതും ഒരു വികസന പ്രവർത്തനമാണെന്ന ധാരണ നേതാക്കൾക്കും ജനങ്ങൾക്കും ഉണ്ടാവണം. * ഈടാക്കുന്ന നികുതിയുടേയും ചെലവിന്റെയും കണക്കിൽ സുതാര്യതയുണ്ടാവണം. * കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അതു ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനം പഞ്ചായത്ത് ഓഫീസിൽ ഉണ്ടാവണം.

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 17,986രൂപ വസൂലാക്കിയിട്ടുണ്ട്. പക്ഷേ മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. ഈ നികുതി പിരിക്കുന്നതു കാര്യക്ഷമമാക്കണം.

കെട്ടിട നികുതി

കെട്ടിടനികുതി കണക്കാക്കുന്നത് കൂടുതൽ ശാസ്ത്രീയമാക്കണം. നികുതി ചുമത്തുമ്പോൾ തറവിസ്തീർണത്തോടൊപ്പം ആഡംബരത്വവും വിലകൂടുതലുമുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. വീട് നിർമ്മാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ നികുതി ഏർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം ആവിഷ്ക്കരിക്കുക. വീട് അസ്സെസ്സ് (Asses) ചെയ്യുന്നതിന് ഒരു അസ്സെസ്സ്മെന്റ് കമ്മിറ്റി തന്നെ ഉണ്ടാക്കാവുന്നതാണ്. ഇവർ, വീട് അസ്സെസ്സ് ചെയ്തത് എങ്ങനെയെന്ന് വീട്ടുടമസ്ഥനെ ബോധ്യപ്പെടുത്തുകകൂടി വേണം. അഴിമതി കുറയ്ക്കാൻ അതു സഹായിക്കും.

> മറ്റു കെട്ടിടങ്ങൾക്ക് അവയ്ക്കു ലഭിക്കുന്ന വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്താവുന്നതാണ്.

പഞ്ചായത്തിൽ ഇപ്പോൾതന്നെ, കെട്ടിട നികുതി നിശ്ചയിക്കാൻ ഒരു കമ്മിറ്റി നിലവിലുണ്ട്. എന്നാൽ ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിലും അപാകതകൾ കടന്നുകൂടാൻ ഇടയുണ്ട്. ഇത് ഈ ഇനത്തിൽ വമ്പിച്ച വരുമാന നഷ്ടത്തിന് വഴിവയ്ക്കും, ഇതൊഴിവാക്കാൻ ഈ കമ്മിറ്റികൾക്കു മുകളിൽ ഒരു സൂപ്പർ അസ്സെസ്മെന്റിനുള്ള ബോഡി (Super Assessment body) പ്രവർത്തിപ്പിക്കു

ന്നതായിരിക്കും. ഈ ബോഡി ആദ്യത്തെ കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ ഒരു റാൻഡം പരിശോധന യ്ക്ക് (Random Checking) വിധേയമാക്കുകയും പൊരുത്തക്കേടുകൾ കണ്ടാൽ കർശനമായ പരിഹാര നടപടി എടുക്കുന്നതിന് നിർദ്ദേശം നൽകുകയും വേണം.

അനേകം കെട്ടിടഉടമകൾ തങ്ങളുടെ കെട്ടിടങ്ങളുടെ പണി അല്പം മാത്രം ബാക്കി യിട്ട്, പൂർത്തിയാവാത്ത കെട്ടിടമാണെന്നും കാണിച്ച് നികുതി നൽകുന്നതിൽ നിന്ന് രക്ഷപ്പെടുന്നുണ്ട്. വ്യാപകമായിക്കൊണ്ടിരി ക്കുന്ന ഈ പ്രവണത നിയന്ത്രിക്കാൻ അടി യന്തിരമായി ശ്രദ്ധിക്കുകയും പരിഹാരനട പടികൾ സ്വീകരിക്കുകയും വേണം. ഇതി നായി ഒരു പരിശോധനാ സമിതിയെ നിശ്ച യിക്കാവുന്നതാണ്.

തൊഴിൽ നികുതി

തൊഴിൽ ചെയ്യുന്ന മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുതാണ്. തൊഴിലാളികളെമുഴുവൻ പഞ്ചായത്ത് അടി സ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പരിധി യിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുകയുംവേണം ഇതു കച്ചവടക്കാർക്കും നിർമ്മാണ തൊഴിലാളി കൾക്കും മറ്റു തൊഴിലാളികൾക്കും (ചുമട്ടുതൊ ഴിലാളികൾ, ചെറുകിടവ്യവസായ സ്ഥാപന ങ്ങളിൽ തൊഴിലെടുക്കുന്നവർ) ബാധകമാക്കാ വുന്നതാണ്.

ഒരു ഹെക്ടറിൽ കൂടുതൽ കൃഷിഭൂമി യുള്ള കർഷകന്റെ കയ്യിൽ നിന്ന് തൊഴിൽ നികുതി പിരിക്കാൻ സംവിധാനമുണ്ടാക്കണം.

മറ്റു നികുതികൾ

* പട്ടികളെ വളർത്തുന്നതിനുള്ള ലൈസൻഫീ കാര്യക്ഷമമായി പിരിച്ചെടുക്കണം.

* സ്വകാര്യ ചിട്ടിസ്ഥാപനങ്ങളും കുറികമ്പനി കളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നത് നിയമംമൂലം നിർബന്ധമാക്കണം. ലൈസൻ സ് ഫീ, ഇതുമൂലം പഞ്ചായത്തിനു ലഭിക്കും.

* അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വാഹനങ്ങൾക്ക് ചെറിയ തോതിൽ റോഡ് ടാക്സ് ഏർപ്പെടുത്തി അത് പഞ്ചായത്തിനു ലഭ്യമാക്കണം.

വിനോദ നികുതി

* ചീരാലിൽ ഒരു സിനിമാതീയേറ്റർ സ്ഥാ പിക്കാനുള്ള ശ്രമത്തെ പ്രോത്സാഹിപ്പിക്കുക. ചുള്ളിയോട് ടൗണിൽ ഇപ്പോഴുള്ള വെയി റ്റിംഗ്ഷെഡ് പൊളിച്ചു മാറ്റി അല്പം പുറ കോട്ടാക്കി രണ്ടുനിലയിൽ കെട്ടിടം പണിത്, താഴത്തെ നിലയിൽ വെയിറ്റിംഗ് ഷെഡും മുകളിലത്തെ നിലയിൽ സ്റ്റേജും ക്രമീകരി ക്കുക. സ്റ്റേജ് വാടകയ്ക്ക് നൽകാം.
* ചീരാൽ ടൗണിൽ ഓപ്പൺസ്റ്റേജ് നിർമ്മിച്ച് വാടകയ്ക്ക് നൽകുക.

* ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ കല്യാണമണ്ഡപം എന്നിവ നിർമ്മിച്ച് വാടകയ്ക്ക് നൽകുക.

* പഞ്ചായത്ത്സാംസ്കാരികനിലയങ്ങളോടനു ബന്ധിച്ചുള്ള ലൈബ്രറികളിൽ എല്ലാ ആളുക ളെയും മെമ്പർമാരാക്കുക. ആ തുക സാംസ്കാ രിക നിലയങ്ങളുടെയും ലൈബ്രറിയുടെയും വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടു ത്തുക.

വിവാഹ രജിസ്ട്രേഷൻ

ഹിന്ദു വിവാഹങ്ങളെപ്പോലെത്തന്നെ മറ്റുമത വിഭാഗങ്ങളുടേയും വിവാഹം പഞ്ചാ യത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യാൻ സംവിധാനമുണ്ടാക്കിയാൽ, വിവാഹരജി. ഫീ സായി ഒരു നിശ്ചിത തുക സമാഹരിക്കാൻ കഴിയും.

ടാക്സി സ്റ്റാൻറ്

ചീരാൽ, ഈസ്റ്റ് ചീരാൽ, നമ്പ്യാർ കുന്ന്, കോളിയാടി, ചുള്ളിയോട് തുടങ്ങിയ സ്ഥലങ്ങളിൽ പുതുതായി ചെലവിൽ ടാക്സി സ്റ്റാൻറുകൾ സ്ഥാപിച്ച് ഫീസ് ഈടാക്കാ വുന്നതാണ്.

അറിവുശാല

ശാസ്ത്രീയമായി അറിവുശാലകൾ നിർമ്മിച്ച് ലേലം ചെയ്ത് വരുമാനമുണ്ടാക്കാം.

പുറമ്പോക്ക് ഭൂമിയിലേയും മറ്റിടങ്ങളിലെയും നശിച്ചുകൊണ്ടിരിക്കുന്ന വസ്തുക്കൾ (മരം തുടങ്ങിയവ) ലേലം ചെയ്തു വിൽക്കാൻ കാര്യക്ഷമമായ സംവിധാനമുണ്ടാവണം.

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ 2 സഹകരണ ബാങ്കും 2 സഹകരണ അർബൻ ബാങ്കും, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) രണ്ട് ശാഖയും, SMGB യുടെ ഒരു ശാഖയും പ്രവർത്തിക്കുന്നുണ്ട്. അഞ്ചോളം സ്വകാര്യ ചിട്ടി സ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

ഇത്തരം ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പഞ്ചായത്തിന് വായ്പ എടുക്കാനുള്ള സാധ്യത പുതിയ പഞ്ചായത്ത്രാജ് ആക്ടിൽ ഉണ്ട്. എന്നാൽ ഗ്രാമസഭകളോ, പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കാൻ ബാങ്കുകൾ ബാധ്യസ്ഥരാവുന്ന നിയമം ഈ രംഗത്ത് ഉണ്ടാവേണ്ടിയിരിക്കുന്നു. അങ്ങനെവന്നാൽ വികസനരംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് സഹായകമാവുമത്.

ഏതുതരം വികസനപ്രവർത്തനത്തിന്റേയും ഏറ്റവും വലിയ ഗുണഭോക്താവ് പാവപ്പെട്ടവനായിരിക്കില്ല; പണക്കാരൻ തന്നെയായിരിക്കും. അതിനാൽ ഉയർന്ന സാമ്പത്തിക ശേഷിയുള്ളവരിൽനിന്നോ, വിദേശത്തു ജോലിയുള്ള സാമ്പത്തികശേഷിയുള്ളവരിൽ നിന്നോ, സംഭാവനയായോ, വായ്പയായോ പണം സമാഹരിക്കുന്നതിനെക്കുറിച്ചും ആലോചിക്കണം. നമ്മുടെ പഞ്ചായത്തിൽ വിദേശത്ത് ജോലി ചെയ്യുന്നവർ ഏകദേശം 210 ആളുകൾവരും ഇവരിൽ ഉയർന്ന സാമ്പത്തിക ശേഷിയുള്ളവർ പക്ഷേ, കുറവാണ്

വൻകിട സ്ഥാപനങ്ങൾ, എസ്റ്റേറ്റുകൾ എന്നിവയുടെ വരുമാനത്തിൽ ഒരു നിശ്ചിത ശതമാനം വികസന പ്രവർത്തനങ്ങൾക്കും മറ്റു സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കും മാറ്റിവയ്ക്കാനുള്ള ഉത്തരവാദിത്വം അവർക്കുണ്ട് അതു ഫലപ്രദമായി ഉപയോഗിക്കാൻ ശ്രദ്ധിക്കണം.

പഞ്ചായത്ത് ഏറ്റെടുക്കുന്ന വിവിധ തുറകളിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള വസ്തുക്കൾ പഞ്ചായത്തിൽ തന്നെ ഒരിടത്തു നിർമ്മിക്കുകയോ, മൊത്തമായിവാങ്ങുകയോ ചെയ്താൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനും പാഴ്ചെലവും അധികച്ചെലവും കുറയ്ക്കാനും കഴിയും. (ഉദാ: പഞ്ചായത്തിൽ 10 അംഗൻവാടികൾ അനുവദിച്ചാൽ അവയ്ക്കെല്ലാം ഇഷ്ടിക ഒരിടത്ത് നിർമ്മിച്ചു നൽകുക. റോഡ് നിർമ്മാണത്തിനാവശ്യമായ കല്ല്, മെറ്റൽ, ടാർ തുടങ്ങിയവപഞ്ചായത്ത് മൊത്തമായി എടുക്കുക തുടങ്ങിയവ)

മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയവിഭവം മനുഷ്യ വിഭവം തന്നെയാണ് നാടിന്റെ വികസന പ്രവർത്തനങ്ങൾക്കായി മനുഷ്യാധ്വാനം സംഭാവന ചെയ്യാമെന്നുള്ള ആത്മാർത്ഥത നിറഞ്ഞപ്രഖ്യാപനങ്ങൾ എല്ലാ ഗ്രാമസഭകളിൽ നിന്നുമുണ്ടായിട്ടുണ്ട് ഇത് മഹത്തായൊരാശയവും സാധ്യതയുമാണ്.

തങ്ങളുടെ സമീപത്തുള്ള റോഡിന് മഴക്കാലത്ത് ഓവുചാലുകൾ കീറാൻ റോഡ്, കുടിവെള്ള സംബന്ധമായ നിർമ്മാണപ്രവർത്തനങ്ങൾക്കും റിപ്പയറുകൾക്കും (80% വരെ മനുഷ്യാധ്വാനം ഇവയ്ക്ക് ലഭ്യമാക്കാം എന്ന പ്രഖ്യാപനങ്ങൾ ഗ്രാമസഭകളിൽ നിന്നും വന്നിട്ടുണ്ട്). തങ്ങളുടെ അയലത്തെ സ്കൂളിന്റെ വിദ്യാഭ്യാസ നിലവാരവും ഭൗതിക നിലവാരവും ഉയർത്താൻസ്കൂളധികൃതരെ സഹായിക്കാൻ, അങ്ങനെയങ്ങനെ മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾക്ക് മുതൽ കൂട്ടാവുന്ന എത്രയോ മേഖലകളുണ്ട്. ഈ സാധ്യതയെ വിപുലമായി ഉപയോഗപ്പെടുത്താൻ നാം തയ്യാറാവണം.

ടൂറിസം

പ്രകൃതി രമണീയമാണ് നമ്മുടെ ജില്ല. ഹരിതാഭമായ ഈ ഗ്രാമത്തിന്റേയും സൗന്ദര്യം അനന്യമാണ്. വിവിധ ഗോത്ര വിഭാഗങ്ങളുടെ ആചാരാനുഷ്ഠാനങ്ങളും ആഘോഷങ്ങളുമെല്ലാം ഏതൊരു ചരിത്ര കുതുകിയേയും ആകർഷിക്കും.

അമ്പുകുത്തി മലനിരകളെ ദൂരെനിന്ന് നോക്കിയാൽ ഒരു സ്ത്രീരൂപം കിടക്കുന്നതുപോലെ തോന്നും. പുരാണ കഥാപാത്രമായ താടകയെന്ന രാക്ഷസിയാണ് ഇതെന്ന് ഐതിഹ്യമുണ്ട്. സാഹസിക യാത്രക്കാർക്ക് അമ്പുകുത്തി മലകയറ്റം ആവേശകരമായ ഒരു അനുഭവമാണ്.

മാനവ സമൂഹത്തിന്റെ വളർച്ചയിലെ സുപ്രധാനമായ ഒരു ചരിത്രരേഖയാണ് അമ്പുകുത്തിയിലെ എടക്കൽ ഗുഹാ ലിഖിതങ്ങൾ. ഇവ കണ്ണിലെ കൃഷ്ണമണിപോലെ എക്കാലത്തേക്കും സൂക്ഷിക്കാൻ നമുക്ക് ബാദ്ധ്യതയുണ്ട്. വരും തലമുറകൾക്ക് പോറലേൽക്കാതെ ഇവ കൈമാറണം. ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടെത്തിയ നൂറുകണക്കിന് നന്നങ്ങാടികളും, തൊവരിമലയിലെ എഴുത്തുപാറയും ക്ഷേത്രാവശിഷ്ടങ്ങളും, ആദിവാസികളുടെ ആചാരാനുഷ്ഠാനങ്ങളുമെല്ലാം ഈ പ്രാചീന സംസ്കാരവുമായി ബന്ധമുള്ളവയാണ്. ഈ ചരിത്രാവശിഷ്ടങ്ങൾ രൂപപ്പെടുത്തിയ പൂർവ്വികരെപ്പറ്റി ഇനിയും പഠിക്കാനും പരിശോധിക്കാനുമുള്ള സാഹചര്യങ്ങൾ ഒരുക്കണം. അനുയോജ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കണം.

സ്വദേശീയരും വിദേശീയരുമായ ഗവേഷണ വിദ്യാർത്ഥികളേയും സഞ്ചാരികളേയും ആകർഷിക്കാനുതകുംവിധം ഇവയെല്ലാം കാണാനും പഠിക്കാനും വേണ്ട ക്രമീകരണങ്ങൾ ഉണ്ടാക്കണം. ഇതിനുള്ള താമസകേന്ദ്രങ്ങൾ, റഫറൻസ് ഗ്രന്ഥാലയങ്ങൾ, ഗതാഗത സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കണം.

ചരിത്ര ബോധമുള്ളവർക്കും ഗവേഷകർക്കും ഈ സൗകര്യങ്ങൾ ആവുംവിധം ഉപയോഗപ്പെടുത്താനാവും. അമ്പലവയലിലെ ചരിത്രമ്യൂസിയവും ഇതിനോടടുത്താണെന്നതും ടൂറിസം വികസനത്തിന്റെ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു.

വികസനത്തെ സംബന്ധിച്ച എല്ലാ മുൻകാല സങ്കൽപ്പങ്ങളും തിരുത്തിക്കൊണ്ട് ജനസാമാന്യത്തിന്റെ ഇഛാശക്തി കെട്ടഴിച്ചുവിട്ടിരിക്കുകയാണ്. പഞ്ചായത്തിലെ വിഭവങ്ങളെപ്പറ്റിയും ജനതയെപ്പറ്റിയുമുള്ള ഒട്ടേറെ വിവരങ്ങൾ സമാഹരിച്ച്, ഭാവിപ്രവർത്തനങ്ങൾക്ക് അത് എങ്ങനെ ഉപയുക്തമാക്കാമെന്ന് ചർച്ച ചെയ്യുകയാണ് നാം ഇപ്പോൾ. ഇനി ശാസ്ത്രീയവും സമഗ്രവുമായ ഒരു വികസന സംസ്കാരം വളർത്തിയെടുക്കാൻ ശ്രമിക്കാം. ഈ യജ്ഞം വിജയിപ്പിക്കണം. വിജയിപ്പിച്ച ചരിത്രമേ നമുക്കുള്ളൂ. സാമൂഹ്യവും സാംസ്കാരികവുമായ വികസനത്തിന് ഇന്ത്യൻ ശരാശരിയെക്കാൾ വളരെ ശുഷ്കമായ കേരളീയന്റെ മടിശ്ശീല വിഘാതമല്ല എന്ന് തെളിയിച്ച പാരമ്പര്യം നമുക്കുണ്ട്. ഇങ്ങനെ കേരള ജനതയുടെ ചരിത്രപരമായ നിയോഗമാണ് ജനകീയാസൂത്രണം.

ഈ രേഖ നെൻമേനി ഗ്രാമപഞ്ചായത്തിലെ ജനസഹസ്രങ്ങൾക്കുമുമ്പിൽ വിനയപൂർവ്വം സമർപ്പിക്കുന്നു.

വികസന രേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

കൃഷിയും ജലസേചനവും

സി. കെ. വേലായുധൻ
കെ. ഗോവിന്ദൻ
കെ. കെ. വാസവൻ
പി. കെ. മോഹനൻ
വി. മോഹനൻ

മൃഗ സംരക്ഷണവും മൽസ്യബന്ധനവും

പി. എം. ജോയി
എൻ. വി. പൗലോസ് മാസ്റ്റർ
ഡോ: അനിൽകുമാർ
എം. കെ. സത്യൻ
എ. കെ. മനോജ്

വിദ്യാഭ്യാസം

ജോർജ് കട്ടക്കയം
വി. പി. എൽദോ മാസ്റ്റർ
ഒ. ശിവരാമൻ മാസ്റ്റർ
അല്ലി മാത്യു

കുടിവെള്ളവും പൊതുജനാരോഗ്യവും

ആർ. സരളടീച്ചർ
കെ. കെ. ചന്ദ്രശേഖരൻ
സി. ഗോപാലകൃഷ്ണൻ മാസ്റ്റർ
എം. ശശീധരൻനായർ
മേരി കൊച്ചുപുരക്കൽ
എൻ. സിദ്ധിഖ്

ഗതാഗതം, ഊർജം, മാർക്കറ്റ്

റാഹേൽ വർഗീസ്
എ. എം. വാസുദേവൻ
ടി. വേലായുധൻ മാസ്റ്റർ
കോടതി അബ്ദുൽ റഹിമാൻ
അനിൽകുമർ എ. ടി.

വ്യവസായം

കുഞ്ഞുകുട്ടൻ
ടി. റഷീദ്
എം. പി. വിജയൻ
സി. കെ. അലി
വൽസാ മാത്യു

പാർപ്പിടവും സാമൂഹ്യ ക്ഷേമവും

സുരേഷ് താളൂർ
എൻ. എസ്. രുഗ്മിണി
ഷരീഫാ കാസിം
അഡ്വ: വേണുഗോപാലൻ
ചാക്കോ
മാളുക്കുട്ടി

സംസ്കാരം

യശോദാ ബാലകൃഷ്ണൻ
എൻ. അർജുൻപിള്ള മാസ്റ്റർ
പി. അബ്ദുള്ള
പി. പി. രത്നാകരൻ

വനിത

അന്നമ്മ മത്തായി
സാറാമ്മ ജേക്കബ്
എ. ടി. മേരി
കെ. കെ. സുരേന്ദ്രൻ മാസ്റ്റർ
പി. സി. ജയശ്രീ

സഹകരണ മേഖല

കെ. എം. സലീം
വി. ടി. മേരിടീച്ചർ
ഇ. പി. പൗലോസ്
ഇ എസ്. സഹദേവൻ

പട്ടികജാതി പട്ടികവർഗ ക്ഷേമം

കെ. ജി. സുരേഷ്
സി. കെ. ശ്രീനിവാസൻ
എം. എം. ജോർജ്
എം. എം. ഹാരീസ്

വിഭവ സമാഹരണം

അന്നമ്മ പൗലോസ്
കെ. എ. ഐസക്
പി. എസ്. സുധീർ
എസ്. രാധാകൃഷ്ണൻ മാസ്റ്റർ
പി ടി. ബാലൻ

ചരിത്ര പശ്ചാത്തലം

കെ. ശ്രീധരൻ
കെ. വീരമല
കെ. എൻ. രാജപ്പൻമാസ്റ്റർ

തൊടുവട്ടി
സുൽത്താൻ ബത്തേരി
പഞ്ചായത്ത്
നന്തികൊല്ലി
കോളി
യാടി
ചക്കൂർ
അമ്പലവയൽ പഞ്ചായത്ത്
5
7
6
8
9
10
14
എടക്കൽ
2
3
4
താഴത്തൂർ
11
മീരാൽ
12
പുത്തിലേട്ട്
കൊഴുവണ്ണ
ആനപ്പാറ
1
തഞ്ചൂർ
തമിഴ്നാട്
13
നമ്പ്യാർ
കുന്ന്
തമിഴ്നാട്
പ്രധാനനിരത്തുകൾ
മറ്റു നിരത്തുകൾ
തോടുകൾ
വാർഡ് അതിർത്തികൾ



- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9-ാം പദ്ധതി ജനകീയപദ്ധതി
- 40 % പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്.
- വികസന പ്രക്രിയ അഴിമതി രഹിതമാകുന്നു.
- ബഹുജന സഹകരണം അനിവാര്യം.

അധികാരം ജനങ്ങളിലേക്ക്